
# മഷിപ്പച്ച

## ഏഴാം ജന്മദിനപ്പതിപ്പ്

പുസ്തകം 6 ലക്കം 1 പേജുകൾ 54 ഏപ്രിൽ 2025



കവി ഡോ. സി.രാവുണ്ണി



സുകുമാർ കൂർക്കഞ്ചേരി



സുരേന്ദ്രൻ മങ്ങാട്ട്



സന്ധ്യ ഇ.



സ്റ്റെല്ല മാത്യു



പിയാർകെ ചേനം



ദർശന



ബാലചന്ദ്രൻ എം.ആർ.




Round East, THRISSUR. Ph: 0487-2331812




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**



'മഷിപ്പച്ച' ഡിജിറ്റൽ മാസികയുടെ ഏഴാം ജന്മദിനപ്പതിപ്പാണ് ഈ ലക്കം. 2019 ഏപ്രിൽ ഒന്നിന് 'വ്യാപാരകേരളം' എന്ന പേരിലായിരുന്നു മാസിക പ്രസിദ്ധീകരിച്ചു തുടങ്ങിയത്. സഹൃദയനും വ്യാപാര പ്രമുഖനുമായ ശ്രീ ജോസ് ആലുക്കയാണ് മാസികയുടെ പ്രകാശനം നിർവഹിച്ചത്. ഏഴാം ജന്മദിനം പിന്നിട്ട മറ്റ് ഡിജിറ്റൽ മാസികകൾ മലയാളഭാഷയിൽ ഉണ്ടോ എന്നത് സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. ഒറ്റ ലക്കവും മുടങ്ങാതെ എല്ലാ ഒന്നാം തീയതികളിലും പ്രിയ വായനക്കാർക്ക് മാസിക ലഭ്യമാക്കുന്നതിന് ഇതിന്റെ അണിയറ പ്രവർത്തകർ പ്രതിജ്ഞാബദ്ധരാണ്.

മഷിപ്പച്ചയിലും മുൻപ് വ്യാപാരകേരളത്തിലും എഴുതി തുടങ്ങിയ പലരും പിൽക്കാലത്ത് ശ്രദ്ധേയമായ രചനകളിലൂടെ പ്രിന്റഡ് വാരികകളിലും സാന്നിധ്യം അറിയിച്ചു. ഒരു എഴുത്തു കളരി എന്നതിനപ്പുറം ലബ്ധപ്രതിഷ്ഠ നേടിയ എഴുത്തുകാരുടെ മികച്ച രചനകൾ മാസികയിലൂടെ വെളിച്ചം കണ്ടിട്ടുണ്ട്. മാസികയുടെ സഹോദര സ്ഥാപനമായ 'ഈ ലിയ ബുക്സ്' പുറത്തിറക്കുന്ന പുസ്തകങ്ങളിൽ മാസികയിലെ എഴുത്തുകാർക്ക് പ്രഥമ പരിഗണന നൽകിവരുന്നു.

മുണ്ടൂർ കൃഷ്ണൻകുട്ടി കഥാപുരസ്കാരവും സി ആർ പി പണിക്കർ കവിതാ പുരസ്കാരവും മഷിപ്പച്ച മാസികയുമായി ബന്ധപ്പെടുത്തിയാണ് നൽകിവരുന്നത്. 'സഹൃദയ സദസ്സ്' എന്ന പേരിൽ ഒരു സാംസ്കാരിക കൂട്ടായ്മയ്ക്കും മാസിക രൂപം നൽകിയിട്ടുണ്ട്.

സീനിയർ പത്രപ്രവർത്തകനായ ഫ്രാങ്കോ ലൂയിസ് മാസികയുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നു. കുട്ടികളുടെ മഷിപ്പച്ച എന്ന ബാലപംക്തി അവതരിപ്പിക്കുന്നത് എഴുത്തുകാരനായ അശോകൻ സി ജി ആണ്.

ഈടുറ്റ രചനകൾ അയച്ചുതന്ന്, മാസികയുടെ ഉൾക്കാമ്പ് കരുത്തുള്ളതാക്കുവാൻ സഹകരിക്കുന്ന പ്രിയ എഴുത്തുകാർക്കും വായനക്കാർക്കും ഏഴാം ജന്മദിനാഘോഷത്തിന്റെ ഈ വേളയിൽ മാസികാ പ്രവർത്തകർ നന്ദി അറിയിക്കുന്നു. മാസിക രൂപം കൊണ്ട നാൾ മുതൽ പരസ്യ പിന്തുണ നൽകിവരുന്ന ജോസ് ആലുക്കാസ് ജ്വല്ലറി ഗ്രൂപ്പിനോടുള്ള കൃതജ്ഞതയും രേഖപ്പെടുത്തുന്നു.

**-സി.ആർ.രാജൻ,**
എഡിറ്റർ

# അകത്താളുകളിൽ


## കഥ

സുകുമാർ കൂർക്കഞ്ചേരി....... പേജ് 10
സുരേന്ദ്രൻ മങ്ങാട്ട് ............... പേജ് 13
പിആർകെ ചേനം ................ പേജ് 16
ഷേർലി മണലിൽ................. പേജ് 21
ബി.ജോസുകുട്ടി ................. പേജ് 26
അനിതാദേവി വേലന്താവളം ... പേജ് 47

## കാർട്ടൂൺ

എം.ആർ.ബാലചന്ദ്രൻ ........... പേജ് 5

## കഥപോലെ ജീവിതം

കൃഷ്ണകുമാർ മാപ്രാണം ...... പേജ് 41

## ലേഖനം

ബിനു വെളിയനാടൻ........... പേജ് 45

## കഥാപഠനം


ദർശന ............................ പേജ് 49

## കുട്ടികളുടെ മഷിപ്പച്ച .. പേജ് 52

## കവിത

സി.രാവുണ്ണി........................ പേജ് 6
സ്റ്റെല്ല മാത്യു ........................ പേജ് 7
ദർശന ............................... പേജ് 8
സന്ധ്യ ഇ............................ പേജ് 9
സിന്ധു ഗാഥ....................... പേജ് 28
കയ്യുമ്മു കോട്ടപ്പടി .............. പേജ് 29
യൂസഫ് നടുവണ്ണൂർ ............ പേജ് 30
അശോകൻ സി.ജി. .............. പേജ് 31
ഹാജറ കെ.എം. .................. പേജ് 32
അജിത രാജൻ .................... പേജ് 33
രാജൻ സി.എച്ച്. ................ പേജ് 34
ബീന ബിനിൽ .................... പേജ് 35
നിത്യാലക്ഷ്മി എൽ.എൽ. ...... പേജ് 36
ഡോ. പി.സജീവ്കുമാർ ......... പേജ് 37
രേഖ തോപ്പിൽ .................... പേജ് 38
ജബീറ ............................. പേജ് 39
പ്രദീപ് എസ്.എസ്. ............. പേജ് 40









## കാർട്ടൂൺ കേരളം




എം.ആർ. ബാലചന്ദ്രൻ



സി രാവുണ്ണി



# ശവം

ചെറുപ്പത്തിൽ അച്ഛനമ്മമാരെ അനുസരിച്ചു ജീവിച്ചു
നല്ല കുട്ടി എന്നവർ അനുഗ്രഹിച്ചു
മതഗ്രന്ഥങ്ങൾ മുട്ടിപ്പായി വായിച്ചു
വിശ്വസിച്ചു
അവർ പറഞ്ഞു നല്ല ഭക്തൻ
വിവാഹശേഷം ഭാര്യ (ഭർത്താവ്) പറഞ്ഞതനുസരിച്ചു ജീവിച്ചു
നല്ല ഭർത്താവ് (ഭാര്യ) എന്ന് ആശ്ലേഷിക്കപ്പെട്ടു
മുതിർന്നപ്പോൾ മക്കൾ പറഞ്ഞതു കേട്ട് ജീവിച്ചു
നല്ല പി(മാ)താവ് എന്ന് മക്കൾ കെട്ടിപ്പിടിച്ചു
അധികാരികൾ പറഞ്ഞത്
അക്ഷരംപ്രതി അനുസരിച്ച്
ഗുഡ് സർവീസ് എൻട്രികളും പത്മാഭരണങ്ങളും വാരിക്കൂട്ടി.
നല്ല പൗരനെന്ന് സർവ്വാദരണീയനായി.
വാർദ്ധക്യത്തിൽ പേരക്കുട്ടികളെ അനുസരിച്ച് കഴിഞ്ഞു കൂടി
നല്ല മുത്തശ്ശി(ശ്ശൻ) എന്ന് പേരെടുത്തു

ചത്തുകെട്ട്
ശ്മശാനത്തിൽ ചീയുമ്പോൾ
ശവത്തെ നോക്കി
ആ വഴി വന്ന കാക്ക പറഞ്ഞു:

എന്നും ഇതു തന്നെയായിരുന്നല്ലോ

# ഒരു സാധാരണ പക്ഷി

കവിത



സ്റ്റെല്ല മാത്യു

മധുരമെല്ലാം കുടിച്ചുവറ്റിച്ചതാകാം, ചവർപ്പിൽ
ഞാനെന്റെ ചെടികളെ വളർത്തുന്നു.
അകലെ പുറപ്പെടുന്ന പറവകളുടെ ദേശാടനവെളിച്ചമാകട്ടെ
എന്നിലെത്തുന്നുമില്ല.

കുഴിയിലാണ്ട പന്നിയുടെ ഓർമ്മപോലെ
ഞാനെന്നിൽ ചുരുണ്ടു കൂടുന്നു.
ദൂരങ്ങൾ വിട്ട്, ഏറെ സഞ്ചരിക്കുന്ന പക്ഷികൾ,
ചില്ലയിൽ തളർച്ചയാറ്റിടും പോലെ,
എന്നെ ഉണർത്താൻ നിന്നുപോയ ശരീരമാണ് ഞാൻ.


കൈതക്കാടിലെ ഊറ വെള്ളത്തിൽ
തല വയ്ക്കുന്ന ഞൗണിങ്ങയെ,
രാത്രി മുഴുവൻ നിന്നോട് മിണ്ടുന്നു.
ഉണരുമ്പോഴെന്നെ കൈതപ്പൂ മണക്കാറുണ്ട്.
എന്റെ ചരിഞ്ഞ ചരലടിഞ്ഞ പാതയിൽ
നീ നടക്കാറുണ്ട്. രാത്രിയതും പറഞ്ഞ് കളിയാക്കാറുണ്ട്.
'ഞാൻ നടന്നതല്ലേ ...
കണ്ടില്ലല്ലോ നിന്നിൽ മുറിവ് വീഴ്ത്തിയ ആരുള്ള പോളയെ?'
നിന്റെ കണ്ണിലെ തേനീച്ചയിൽ നിന്ന്,
ഞാനിന്ന് ഡസനോളം പൂമ്പൊടി കട്ടു .
അതിലെ രണ്ടല്ലി മല്ലിപ്പൂ വാസനികളെ,
ഞാൻ എന്റേതാക്കിട്ടുണ്ട്

ഉണങ്ങാത്ത മുറിവുകൾ ചീവിടുകളെ പോലെയാണ്.
നമുക്കാവശ്യമാകുന്ന നേരത്തവ ഉറങ്ങുകേയില്ല.
നീ ഒടിവിലും ചതവിലും വീണ്,
കരയുമ്പോഴെല്ലാം ഞാനീ കുറ്റിച്ചെടിയെ തല്ലാറുണ്ട്
അതിന്റെ തോലുരഞ്ഞ് സദാ കറയിറ്റാറുണ്ട്.
കുരുന്നയിലയെ തൊടാതെ ഞാനാ കറയിൽ
ഒരു ശില്പിയെ കാണുന്നു.
ഒഴുകുന്ന കറയിൽ ശില്പി, തൂവൽ കൊത്തിയിടുന്നു.
വീണ്ടും വീണ്ടും നിറങ്ങൾ ഒഴുക്കുന്നു.
വർണ്ണങ്ങളിലൊന്നുപോലെയല്ല, മറ്റൊന്ന്.
ശില്പി വരഞ്ഞ്, അതിലൊരു ശയനം പൂർത്തിയാവുന്നു.
കഴിഞ്ഞ ദിവസമാണതിന് എന്റെ മുഖം
ചേർത്തതെന്ന് ഞാനറിയുന്നു.
ഞാനിപ്പോൾ ആ സ്വപ്നമയിലാണ്.
ഒരു കുട്ട നിറയെ തൂവലുകൾ തന്നിട്ടുണ്ട്.
ഞാനൊട്ടിച്ചു കൊണ്ടിരിക്കുകയാണ്,
ചതവുകളിലത്, വേഗം ഒട്ടുന്നുണ്ട്.
പുലരിയാകും മുന്നേ എനിക്കൊരു മയിലിനെ പറത്തണം,
കാറെത്തുമ്പോൾ കരയാത്ത,
മഴക്കാറിൽ കുളിപ്പിക്കുമ്പോഴും കണ്ണടഞ്ഞു പോകുംവിധം
നനഞ്ഞു
നൃത്തം ചവിട്ടുന്ന
ഒരു സാധാരണ പക്ഷി.



കവിത

# മഴയേ പൊഴിയാതെ



ദർശന



നീ ചൊല്ലുന്നൂ വരുമെന്ന്, കാത്തിരിക്കുന്നിതാ.
അരിയവേനൽപൂക്കൾ പൊഴിഞ്ഞുവീണുഷ്ണത്താൽ
വലിഞ്ഞുപോകുന്നൊരീ തൊണ്ടയിൽ
ശ്രുതി പിഴച്ചൊരു പാട്ടുമായ് ഞാനിരിക്കുന്നിതാ .

ഇന്നലെയുച്ചയിൽ
വഴിമറന്നെത്തി
കറുത്തൊരുമേഘം,
വിഹ്വലയായി
കണ്ണുനീർ പൊഴിച്ചതും
മഴമഞ്ഞുപോലതടർന്നുവീണൂഴിതൻ
ഉഷ്ണത്തെയൊട്ടാകെ നെഞ്ചോടുചേർത്തതും
മഴയുടെ വിളുമ്പിൽ നിന്നൊരു തുള്ളി
മറ്റാരും കാണാതെ കവർന്നെടുത്തെന്റെയീ
കണ്ണിലായ് ഒളിപ്പിച്ചുവച്ചതും
നിന്നെക്കുറിച്ചു ഞാൻ പാടുമ്പോൾ
കൺകോണിൽ നിന്നുമതെത്തി നോക്കുന്നതും
അടർത്തി മാറ്റാനെന്റെ വിരലുകൾ നീളുമ്പോൾ
ഇമകൾക്കു പിന്നിൽ ഒളിച്ചിരിക്കുന്നതും
മണ്ണുമീവിണ്ണുമല്ലാതെ
മറ്റാരുമേ കണ്ടീല.

ഹൃദയം നുറുങ്ങിയെൻ പാട്ടുകളിടറി
പ്പൊഴിഞ്ഞൊരാ മദ്ധ്യാഹ്നവേളയിൽ
ഇനിയും ഞാൻ കവരുമെന്നോർത്താകാം
ഊഴിയാമഴനീർക്കണങ്ങളെ
ഹൃദയത്തിലൊളിപ്പിച്ചു സുഗന്ധം പൊഴിച്ചത്.

എൻ കണ്ണിലൂറുന്ന മഴയേ പൊഴിയാതെ,
എൻ മണ്ണിലുറയുന്ന മഴയേ മറയാതെ,
പെയ്തുതോർന്നാലും നീ പെയ്യാതെ മരമേ ,
കാത്തുവയ്ക്കേണമിന്നൊരു തുള്ളി ,
നാളെ പ്രതീക്ഷകൾ സഫലമാകുമ്പോൾ
പൊടുന്നനെയൊന്നാനന്ദാമൃതമായി പൊഴിയുവാൻ.

# തോടിനപ്പുറം പറമ്പിനപ്പുറം




**സന്ധ്യ ഇ**

**കവിത**

വീട്ടുവിട്ടു പുറത്തിറങ്ങാൻ കഴിയാത്ത
ഒരുവളെ പരിചയപ്പെട്ടു.
അവളങ്ങനെ ഭൂമിപോലെ തിരിഞ്ഞു
കൊണ്ടിരിക്കയായിരുന്നു
നിറുത്താതെ.

അവളുടെ കണ്ണുകളിൽ
** നൈനിത്താൾ തടാകത്തിലെ ബോട്ടു
കാത്തിരിക്കുന്ന വിമലയെപ്പോലെ
അന്തർമുഖിയായ ഒരുവളുണ്ടായിരുന്നു
സംഗീതചിഹ്നങ്ങൾ തുന്നിപ്പിടിപ്പിച്ച സ്വെറ്ററിട്ടവൾ.
കണ്ണടച്ചു തുറക്കും മുമ്പേ അവൾ
നൈൽ നദീതടത്തിലുലാത്തി
തിരികെ വന്ന് താലിൽ പൂ വില്പനക്കാരിയായി
പ്രഭാതങ്ങളിൽ
***കരിനീലക്കടമ്പുകൾ വിളയുമ്പോൾ
തോണിയേറി കാവടിയാടുന്ന കാറ്റേ
എന്നു മൂളുന്നതുമവൾ.
നോക്കൂ, അവളിപ്പോൾ ഗംഗാതീരത്ത് സന്ധ്യക്ക്,
ആരതിയുഴിയുന്നവർക്കൊപ്പമുണ്ട്.
മാനസഗംഗോത്രിയിൽ വിചാരിച്ചത്ര തണുപ്പില്ലെന്നും
കൊളുക്കുമലയിലെ സൂര്യോദയം
ഇഷ്ടപ്പെട്ടയാളോട് പറ്റിച്ചേർന്നിരുന്ന് കണ്ടുവെന്നും
ആൽപ്സിൽ നിന്നു താഴോട്ടു നോക്കിയപ്പോൾ
വെറുതെയൊന്നു ചാടാൻ തോന്നിയെന്നും
മലയിറങ്ങുന്ന നേരത്ത് ഒട്ടും കിതപ്പില്ലാതെ അവൾ പറഞ്ഞു.
ന്യൂയോർക്കിലെ തിരക്കല്ല
ഇംഗ്ലണ്ടിന്റെ പൗരാണികതയാണിഷ്ടമെന്നും
ജനീവയിലെ പുൽത്തകിടിയും
സിംഗപ്പൂരിലെ ഷോപ്പിംഗും
ലഡാക്കിലെ നടത്തവും മറക്കാനാവുന്നില്ലെന്നും
നെടുവീർപ്പിട്ടത് അടുത്ത യാത്രക്ക്
പെട്ടിയൊതുക്കുമ്പോഴായിരുന്നു.

ഒന്നു കഴിഞ്ഞാൽ മറ്റൊന്നെന്നപോലെ
കാട്, മല, പുഴ, കടൽ, നാട്,താഴ് വാരം
എന്നിങ്ങനെ അവൾ മാറുന്നുണ്ടായിരുന്നു.
വീട് വിട്ട് ഒരിക്കലും പുറത്തിറങ്ങാൻ കഴിയാത്ത
ഒരുവൾ
വീട്ടിലേക്ക് മടങ്ങുന്നേയില്ലായിരുന്നു.



* ഉണ്ണി ആർ ന്റെ പ്രശസ്തമായ കഥ
** എം.ടി യുടെ മഞ്ഞിലെ കഥാപാത്രം
*** പ്രശസ്തമായ മലയാള ചലച്ചിത്രഗാനം

# ബുദ്ധശിരസ്സ്





കഥ

– സുകുമാർ കൂർക്കഞ്ചേരി

മകളുടെ ഭർതൃഗൃഹമാണ്. അന്യതാബോധം ഒട്ടും ആവശ്യമില്ലല്ലോ എന്ന് ചെന്നുകയറുമ്പോൾ പലവട്ടം മനസ്സിൽ ഉരുവിട്ടതാണ്. എന്നിട്ടും ഉമ്മറത്ത് ആരെയും കാണാഞ്ഞപ്പോൾ ഒന്നു പതറി. ചാരിക്കിടന്ന വാതിൽക്കൽ മകളുടെ പാതിമുഖം വെളിയിൽ വന്നപ്പോഴേ ആശ്വാസമായുള്ളൂ.

'അച്ഛനോ....?'

മകൾ ഓടിവന്ന് കയ്യിൽ പിടിച്ചു.

"എന്താച്ഛാ വിശേഷം? അമ്മയും വന്നിട്ടുണ്ടോ?'

കയ്യിലെ പൊതി അവളെ ഏൽപിച്ചു. അവൾ ഒന്നും ചോദിച്ചില്ലെങ്കിലും കണ്ണുകൾ അന്വേഷിക്കുന്നുണ്ടെന്നു മനസ്സിലായി. ചെറുതായിരുന്നപ്പോഴേ ഉള്ള ശീലാണ്. പുറത്തുപോയി വരുമ്പോഴൊക്കെ എന്തെങ്കിലും മധുരമുള്ളത് അവൾ പ്രതീക്ഷിക്കും. ചോക്കലേറ്റു തിന്നിട്ടാണ് പല്ലുവേദന വിട്ടുമറാത്തതെന്ന് ഓർമ്മിപ്പിച്ചാൽ ചോദിക്കും.

'ചോക്കലേറ്റ് പിന്നെ തിന്നാനുള്ളതല്ലേ' – എന്ന്.

അവൾ ചെന്ന് അറിയിച്ചതുകൊണ്ടാവണം ജിനന്റെ അമ്മയും അമ്മൂമ്മയും അകത്തുനിന്നെത്തി. അമ്മയ്ക്ക് ജലദോഷം കലശലായതിനാൽ ജോലിക്കു പോയിട്ടില്ല. അമ്മൂമ്മയാവട്ടെ തലേക്കെട്ടും പുതപ്പുമൊക്കെയായി രോഗം പ്രതിരോധിക്കാനുള്ള ജാഗ്രതയിലും.

അമ്മൂമ്മ അയാൾക്കരികെ സെറ്റിയിലിരുന്നു.

"വയ്യ കരുണാകരൻ നായരെ. വയസ്സ് എൺപത്തേഴായി. ഇനീപ്പോ പരാതി പറേണതിലൊന്നും ഒരർത്ഥോല്യലോ..."

അമ്മുമ്മയോടു സംസാരിച്ചിരിക്കുമ്പോൾ മകൾ ചായയുമായി വന്നു.

അയാൾ പറഞ്ഞു:

"വേണ്ട മോളെ. നിനക്കറിയാലോ – ഷുഗറൊട്ടും കുറഞ്ഞിട്ടില്യ."

അവൾ നിർബന്ധപൂർവ്വം ചായ കയ്യിൽ കൊടുക്കുമ്പോൾ ശബ്ദം താഴ്ത്തി പറഞ്ഞു:

"അച്ഛനിതു കുടിച്ചേ പറ്റൂ മധുരം അധികോന്നൂല്യ."

അയാൾ അതു വാങ്ങി ഒരിറക്കു കുടിച്ചു. മകൾ ചെന്ന് അയാൾക്കുമുന്നിൽ വലതുഭാഗത്തെ ചുമരും ചാരിനിന്നു. ചായ കുടിച്ചു കഴിഞ്ഞപ്പോൾ ഗ്ലാസും എടുത്തു കൊണ്ടവൾ പോയി. വീണ്ടും തിരിച്ചെത്തി ചുമരിൽ അതേ ഭാഗത്തുതന്നെ ചാരിനിൽപ്പായി. അയാൾക്കു ചോദിക്കണമെന്നു തോന്നി.

"എന്തേ മോൾക്കു വല്ലതും പറയാനുണ്ടോ. ഇവിടെ ബുദ്ധിമുട്ടു വല്ലതും....'

ഉണ്ടാവാൻ തരമില്ല. ജിനൻ നല്ലവാണ്. എന്താവശ്യം പറഞ്ഞാലും ഉടനെ സാധിച്ചു കൊടുക്കും. അയാളുടെ അച്ഛനും അമ്മയും നല്ല മര്യാദക്കാർ. വിദ്യാഭ്യാസവും സംസ്കാരവുമുള്ളവർ. അച്ഛനാണവളെ മുപ്പെട്ടു വെള്ളിയാഴ്ചകളിൽ ഭഗവതിക്ഷേത്രത്തിലേക്കു കാറിൽ കൊണ്ടുപോകുന്നത്. അമ്മയും അമ്മൂമ്മയും 'കുട്ട്യേ' എന്നു മാത്രമേ അവളെ വിളിക്കാറുള്ളൂ. ജിനന്റെ സഹോദരിമാർ രണ്ടാളും ദുബെയിലാണ് – അവരുടെ ഭർത്താക്കന്മാരുടെ കൂടെ.

കുളിക്കാനുള്ള വെള്ളം ചൂടായോ ആവോ എന്വേഷിച്ചുകൊണ്ട് അമ്മൂമ്മ എഴുന്നേറ്റുപോയി. മകൾ ഇപ്പോഴും അതേ സ്ഥാനത്തുതന്നെ ഭിത്തിയും ചാരിനിൽപ്പാണ്.

സെറ്റിയിലും കസേരക്കൈകൾക്കുമേലെയും ഉപയോഗിച്ചു മുഷിഞ്ഞ തുണികൾ ചിതറിക്കിടക്കുന്നു. ഇവയുടെ കൂട്ടത്തിൽ മുഷിഞ്ഞ ഒരു തുണിക്കെട്ടുകണക്കെ എന്നെങ്കിലുമൊരിക്കൽ മകളും മാറിപ്പോവാരിക്കണേ എന്നയാൾ ആരും കേൾക്കാതെ ഉൾഭ

യത്തോടെ പ്രാർത്ഥിച്ചു.

ഹാളിന്റെ ഒത്തനടുക്ക് ഭിത്തിയിൽ പതിഞ്ഞിരിക്കുന്ന വലിയ ടിവി ആരും കാണുന്നില്ലെങ്കിലും ചെറിയ ശബ്ദത്തോടെ പ്രവർത്തിക്കുന്നുണ്ട്. വെളുത്ത ടൈലു വിരിച്ച തറയിൽനിന്നും ഒന്നുരണ്ടു പത്രത്താളുകൾ മുകളിൽ കറങ്ങുന്ന ഫാനിന്റെ കാറ്റിൽ കയ്യുയർത്തി എഴുന്നേൽക്കാൻ ശ്രമിക്കുന്നുണ്ട്. എപ്പോഴോ ഉപയോഗിച്ച് എച്ചിലു പറ്റിയ ഒരു ടീസ്പൂൺ നിലത്ത് ആരെയോ കാത്തുകിടക്കുന്നു. ഗുളിക മുഴുവനും അടർത്തിയെടുത്തുകഴിഞ്ഞ മരുന്നു സ്ട്രിപ്പിന്റെ ഒരു കഷ്ണവും.

ഇന്നിവിടെ ആരും അടിച്ചുവാരിയിട്ടില്ലെന്നു സ്പഷ്ടം. എങ്കിലും പൂജാമുറിയിൽ രാവിലെ കത്തിച്ച ചന്ദനത്തിരിയുടെ മണം പുറത്തേക്കു തലനീട്ടി ഇപ്പോഴും വിട്ടുപോകാതെ നിൽപ്പുണ്ട്.

മുകളിൽനിന്നും കോണിയിറങ്ങി മെല്ലെ ജിനന്റെ അച്ഛൻ വന്നു.

'ങാ. കരുണാകരേട്ടൻ എപ്പഴെത്തി? വന്നിട്ട് കൊറെ നേരായോ?'

അയാൾ മകളെ നോക്കി. അവളിപ്പോഴും ഭിത്തിചാരി അതേ നിൽപ്പാണ്.

ജിനന്റെ അച്ഛൻ പതുക്കെവന്ന് അടുത്തിരുന്നു.

"ടെറസ്സിലിത്തിരി പച്ചക്കറികൃഷിയൊക്കേണ്ട്. എന്നും കയ്യെത്തീല്യാച്ചാ ഒക്കെ പുഴുക്കേടു വന്ന് പൂവ്വേള്ളൂ."

ഇടയ്ക്ക് മകളോടു ചോദിച്ചു:

'അവനിന്ന് നായേ കുളിപ്പിച്ചില്യേ കുട്ട്യേ?"

അവൾ ഉവ്വെന്നു തലയാട്ടി.

അവൾക്കു നായയെ ഭയങ്കര പേടിയാണ്. വിവാഹം കഴിഞ്ഞെത്തിയ ദിവസങ്ങളിൽ ഒരുച്ചനേരത്ത് കുളിപ്പിക്കാൻ അഴിച്ചുവിട്ട നായ ഓടി അകത്തേക്കു കയറി. സെറ്റിയിലിരുന്ന മകളുടെ നേർക്കാണെന്നു കരുതി അവൾ ഉറക്കെ നിലവിളിച്ചതു കേട്ടിട്ടാണ് എല്ലാവരും ഓടിവന്നത്. നായ അതിനകം കരച്ചിൽകേട്ട് പിന്തിരിഞ്ഞിരുന്നു.

"അല്ലെങ്കിലും ടൈഗർ ആരെയും ഒന്നും ചെയ്യില്ല. പാവാണ്."

അമ്മൂമ്മ പറഞ്ഞു:

'എന്നാലും കുട്ട്യേ പേടിപ്പിച്ചുകളഞ്ഞല്ലോടാ നീയ്യ്!'

അയാൾ മകളെ ഉപദേശിക്കുകയുണ്ടായി:

'മോളെ. ഇഷ്ടല്യാച്ചാലും ചെലതൊക്കെ ഇഷ്ടാവാൻ നോക്കണം. നായ ചെലപ്പോ മനുഷ്യനെക്കാളും ഉപകരിക്കും. എപ്പഴാ നമുക്കാവശ്യം വര്വാന്നറീല്യ."

മകൾ ഇപ്പോഴും ഭിത്തിയും ചാരി അതേ നിൽപ്പുതന്നെ. എന്താണാവോ അവൾക്കു പറ്റിയത്? എന്തെങ്കിലും സങ്കടം പറയാനുണ്ടാവുമോ ആവോ?

ജിനന്റെ അച്ഛൻ വിളിച്ചു:

'മോളിലേക്ക് വര്വാ. എന്റെ കൃഷിയൊക്കെ ഒന്നു കാണാം."

പണ്ടൊക്കെ കൃഷിയെല്ലാം മണ്ണിലായിരുന്നു. മണ്ണാവട്ടെ താഴെ ഭൂമിയിലും. ഇന്നതൊക്കെ കീഴ്മേൽ മറിഞ്ഞുപോയോ എന്നോർത്തുകൊണ്ട് അയാൾ ഒപ്പം കോണി കയറിച്ചെന്നു.

ടെറസ്സിൽ നിരത്തിവെച്ച ചട്ടികളും മണ്ണു നിറച്ച സിമന്റുചാക്കുകളും. എല്ലാറ്റിലും തൈകൾ നട്ടിട്ടുണ്ട്. വെണ്ടയും പയറും കായ്ച്ചുനിൽക്കുന്നു. പാവലും കോവലും പടർത്തിയിട്ടുണ്ട്. ചീര ചുവപ്പും പച്ചയും വെവ്വേറെ ചട്ടികളിൽ വളർന്നുനിൽക്കുന്നു. അയാൾക്കു നല്ല സന്തോഷം തോന്നി.

'ഞാൻ മറന്നാലും കുട്ടി നനച്ചോളും.'

ജിനന്റെ അച്ഛൻ പറഞ്ഞു:

'ഒരു ദിവസം നനതെറ്റ്യാമതി പെട്ടെന്നു വാടും. നല്ല വെയിലല്ലേ. വെള്ളത്തിന് ഒരു ക്ഷാമോല്യാട്ടോ. വറ്റാത്ത കെണറാ. പോരാത്തേന് കോർപറേഷന്റെ കണക്ഷനുംണ്ട്."

കുറച്ചിട ടെറസ്സിൽ നടന്നപ്പോഴേക്കും ജിനന്റെ അച്ഛൻ വിയർത്തു.

'എന്തൊരു ചൂടാ. കുറച്ചുനേരം മുറീല് ഏസീട്ട് ഇരിക്കാം. എല്ലാ മുറീലും ഏസീണ്ട്. അതിന്റെയൊന്നും ആവശ്യല്യാന്ന് പറഞ്ഞപ്പോ ജിനന് ഒരേ നിർബന്ധം. പക്ഷഭേദം വേണ്ടല്ലോ-എന്ന്. ആയിക്കോട്ടെന്നു ഞാനും കരുതി. അവരല്ലേ ഇന്യത്തെ ജീവിതം കൊണ്ടുനടക്കേണ്ടത്?'

താഴെയെത്തുമ്പോൾ ആരൊക്കെയോ വന്നിട്ടുണ്ട്. ആർക്കോണത്തുനിന്നും ഡോക്ടറും മക്കളുമാണ്. ജിനന്റെ ചെറിയമ്മ.

അവർ മകളോടു പരിഭവം പറയുന്നു;

'ഇനി ഞങ്ങളു വിളിക്കില്യാട്ടോ. എത്രയാച്ചാ വിളിച്ചോണ്ടിരിക്ക്യാ!'

കല്യാണം കഴിഞ്ഞിട്ട് ഇതുവരെയും വിരുന്നുചെല്ലാഞ്ഞിട്ടാണ്.

'വേണ്ടെന്നു വെച്ചിട്ടല്ലാ ചെറ്യേമ്മേ. ഞാനെപ്പഴും പറയാറുണ്ട്. പക്ഷേ ഏട്ടന് ഒഴിവില്യാത്തതോണ്ടാ."

അവൾ അപ്പോഴും നിന്നിടത്തുനിന്നും മാറാൻ കൂട്ടാക്കിയിട്ടില്ല. ഡോക്ടറും മക്കളും കൂടി നിർബന്ധിച്ച് വിളിച്ചുകൊണ്ടുപോയപ്പോൾ അയാൾ ശ്രദ്ധിച്ചു. ഭിത്തിയിൽ അവളെപ്പോഴും ചാരിനിൽക്കാറുള്ളിടത്ത് അടയാളം വീണിരിക്കുന്നു. തലഭാഗത്തായി ഒരു

ബുദ്ധശിരസ്സ്!

ബുദ്ധനോടുള്ള ആരാധനമൂത്ത് അയാൾ വീട്ടിൽ കുറേയേറെ ബുദ്ധപ്രതിമകൾ സംഭരിച്ചുവെച്ചിട്ടുണ്ടായിരുന്നു. നിൽക്കുന്നതും കിടക്കുന്നതും ധ്യാനനിരതനായിരിക്കുന്നതുമായി നിരവധി. എന്നാൽ ഒരു കാര്യം അയാൾക്കിപ്പോൾ വ്യക്തമായും ഓർമ്മവരുന്നുണ്ട്. എല്ലാ ബുദ്ധശിരസ്സുകളും ഒരുപോലെയാണ്. എല്ലാ മുഖങ്ങളിലും അളവറ്റ കരുണയും സ്നേഹവും മാത്രം. മകൾ ഭിത്തി ചാരിനിൽക്കുമ്പോഴെല്ലാം അവൾ ആരോടെങ്കിലും കരുണയാചിക്കുകയാണോ എന്നുപോലും അയാൾക്കു ഭയം തോന്നിയിരുന്നു. സത്യത്തിൽ കരുണയും സ്നേഹവുമൊന്നും അതിനുവേണ്ടി യാചിക്കുന്നവർക്കുള്ളതല്ല. അത് ഒരാളുടെ സ്ഥായീഭാവമാകേണ്ടതാണെന്നും അയാൾ ഓർത്തു.

ഇറങ്ങുമ്പോൾ മകൾ കൂടെവന്നു. ഗേറ്റുവരെ മതിലോരത്തെ പവിഴമല്ലിയിൽ പടർന്നുകേറിയ നീലശംഖുപുഷ്പം പൂവിട്ടിരുന്നു.

''നിനക്കിത് പണ്ടേ വല്യ ഇഷ്ടായിരുന്നൂലോ''

"അതിനെന്താച്ഛാ. ഞാൻ പൊട്ടിച്ചോളാം. ദേ - അച്ചന്റെ പൊക്കംണ്ട് ഇപ്പോ എനിക്കും."

"ഉവ്വോ..."

അയാൾ സംശയത്തോടെ നോക്കി. മകൾക്കു വേണ്ടി എന്നും പൂ പറിക്കാൻ പാകത്തിൽ വീട്ടിൽ ശംഖുപുഷ്പം നട്ടുവളർത്തിയിരുന്നു അയാൾ.

പവിഴമല്ലിയുടെ കൊമ്പുചായ്ച്ചുപിടിച്ച് പടർന്നുകേറിയ വള്ളിയിൽനിന്നും വെറുതെ ഒരു പൂ പറിക്കാൻ ശ്രമിച്ചു അയാൾ. ഉയരം മതിയാകാതെ വന്നപ്പോൾ പിടിവിട്ടു നിരാശനായി.

ഇനി ഇതിലും ഉയരത്തിലുള്ള കൊമ്പിലും അതു പടർന്നുകേറി പൂവിടുമ്പോഴോ -? മകൾ ചോദിച്ചു.

"ജിനനോടു പറഞ്ഞാൽ മതി. പൊട്ടിച്ചു തരാൻ"

അവൾ ചുണ്ടുകോട്ടി.

"അതൊന്നുമുണ്ടാവില്ലച്ഛാ."

ആ ശബ്ദത്തിലെവിടെയോ ഉൾച്ചേർന്ന അത്ര സുഖകരമല്ലാത്ത അനുഭവ സൂചന അയാളെ അലട്ടി. പൊടുന്നനെ അയാളുടെ മനസ്സിൽ വിളക്കുകെട്ടു. ഭിത്തിയിൽ കുറച്ചു മുമ്പേ പതിഞ്ഞുകണ്ട ബുദ്ധശിരസ്സ് ഇപ്പോൾ തീർത്തും വികാരരഹിതം. അപ്പോൾത്തന്നെ മകളെ വിളിച്ചു മാറ്റിനിർത്തി എന്തൊക്കെയോ ഏതൊക്കെയോ വിസ്തരിച്ചു ചോദിച്ചറിയണമെന്നു തോന്നി. എന്നാൽ ഒരു നിമിഷത്തെ ഞെട്ടലിൽനിന്നുണ്ടായ മൂകത വിട്ടു തലയുയർത്താൻ അയാൾക്കു കഴിഞ്ഞില്ല.

'അച്ഛനിതാ പടിക്കൽനിന്ന് ഓട്ടോ കിട്ടും. കൈ കാണിച്ചാ മതി.'

അത്യാവശ്യമായി വീട്ടിൽനിന്നാരോ തിരിച്ചുവിളിച്ചതുപോലെ അവൾ പെട്ടെന്ന് മടങ്ങിപ്പോയി.

ഒരോട്ടോ ആളില്ലാതെ കടന്നുപോയി. അയാൾ കൈ കാണിച്ചില്ല. പിറകെ ഒന്നുരണ്ടെണ്ണംകൂടി വന്നു. അയാൾ അതു കാണുന്നുണ്ടായിരുന്നില്ല.

ശനിയാഴ്ചയായിരുന്നതുകൊണ്ട് ജിനൻ നേരത്തെ ബാങ്കിൽനിന്നും കാറോടിച്ചു വന്നു. പടിക്കൽവച്ചേ കൈ കാണിച്ചെങ്കിലും അയാളതുകണ്ടില്ല.

കാർ മുറ്റത്തു കൊണ്ടുനിർത്തി ജിനൻ അവളെ വിളിച്ചു.

"കണ്ടില്ലേ. പടിക്കൽ അച്ഛൻ....?'

അവൾ പടിക്കലേക്ക് ഓടിയെത്തി.

"അച്ഛൻ പോയിട്ട് നേരം കൊറെ ആയല്ലോ."

ജിനനും പിറകെചെന്നു.

അയാൾ നിരത്തുവക്കിൽ തളർന്നിരിക്കുന്നു. കണ്ണുകളിൽ വിചാരിച്ചിരിക്കാതെ ആക്രമിക്കപ്പെട്ട ഇരയുടെ നിസ്സഹായത.

"എന്താച്ഛാ പറ്റ്യേ? വീട്ടിലേക്കുപോകാം. അല്ലെങ്കിൽ ഞാൻ കൊണ്ടുവിടണോ?'

ജിനൻ ചോദിച്ചു.

അയാൾ മതിലോരത്തെ പവിഴമല്ലിക്കൊമ്പിലേക്ക് പതുക്കെ കണ്ണുകൾ നീട്ടി. സർപ്പങ്ങളെപ്പോലെ ചുറ്റിപ്പിണഞ്ഞ് ശംഖുപുഷ്പത്തിന്റെ വള്ളികൾ. തുഞ്ചാംതുഞ്ചത്താണ് പൂക്കളൊക്കെയും. അയാൾ നിരാശ പങ്കുവച്ചു:

'ന്റെ മോൾക്ക് വല്യേ ഇഷ്ടായിരുന്നു. കയ്യെത്താതെ എങ്ങനെ പൊട്ടിക്കാനാണ്!'

ജിനൻ പറഞ്ഞു:

'അത്രേള്ളോ അച്ഛാ കാര്യം? അതിനല്ലേ ഞാൻ കൂടേള്ളത്!'

'ഉവ്വോ!'

അയാൾ വിശ്വാസത്തോടെ നോക്കി. മുഖന്ന് പ്രസന്നതയുടെ കടൽ ഇരട്ടിവേഗത്തിൽ ഇരമ്പിയെത്തി.

എന്നിട്ടും, ആ കണ്ണുകൾ നിറഞ്ഞു നിറഞ്ഞു നിറഞ്ഞു വന്നത് എന്തിനെന്നുമാത്രം ആർക്കും മനസ്സിലായില്ല.

●

കഥ

# കാണാതായ പെൺകുട്ടി




സുരേന്ദ്രൻ മങ്ങാട്ട്

"ഒരൊറ്റ സംശയം ബാക്കി ."

പരിക്ഷീണിതനായ മധ്യവയസ്കൻ മുന്നോട്ടാഞ്ഞിരുന്ന്, ഇൻസ്പെക്ടറുടെ മുഖത്തേക്ക് നോക്കി. പോലീസ് ഉദ്യോഗസ്ഥൻ മുന്നിലിരിക്കുന്ന കബീറിനെയും തന്റെ ഇരിപ്പിടത്തിന് ഇടതുവശത്തായി നിൽക്കുന്ന പെൺകുട്ടിയെയും യുവാവിനെയും ആകെയൊന്ന് നോക്കിയശേഷം പ്രതിവചിച്ചു,

'കബീർ പറയ്യ്...'

വീട്ടിൽ നിന്ന് ഇറങ്ങിപ്പോയി കാണാതായ മൂന്നുനാൾ കൊണ്ട് മൂന്നു കാലങ്ങൾക്കപ്പുറത്തേക്ക് അപരിചിതയായി പരിണാമം കൊണ്ട മകളെ കബീർ നിറഞ്ഞ കണ്ണുകളോടെ നോക്കി. അവൾ ജനിച്ചതിനു ശേഷം പിച്ചവച്ചതും വളർന്നതും പൊട്ടിച്ചിരിച്ചതും ക്യാമറയിൽ പകർത്തി, വലിയ ചിത്രങ്ങളായി അയാൾ തന്റെ ഒറ്റമുറി സ്റ്റുഡിയോയുടെ ചുമരിലൊരു ഭാഗത്ത് അലങ്കരിച്ചിരുന്നു. ആറേഴ് മാസങ്ങൾക്ക് മുമ്പ് കൃത്യമായി പറഞ്ഞാൽ പത്തൊമ്പത് വയസ്സ് തികഞ്ഞയന്നാണ് അവൾക്ക് ശലഭങ്ങളുടെ ചിത്രമുള്ള ഒരു ഉടുപ്പും വിലകൂടിയ മൊബൈൽഫോണും അയാൾ വാങ്ങി കൊടുത്തത്. ഒരു ചിത്രശലഭം പോലെ അവൾ ഉയർന്നുപൊങ്ങിയതും മൊബൈൽ ഫോണിൽ മുഖം ചേർത്ത് വച്ചതും അയാളെടുത്ത അവളുടെ അവസാന ചിത്രമായിരുന്നു. പിന്നെ,പിന്നെയാണ് അയാൾക്കും ഭാര്യക്കും അവളുടെ സൗഹൃദം നഷ്ടപ്പെട്ടു തുടങ്ങിയത്.



'കബീർ ഒന്നും പറഞ്ഞില്ല ....' ഇൻസ്പെക്ടർ ഓർമ്മപ്പെടുത്തി.

' ഇങ്ങനെയൊരു ബന്ധം എന്റെയറിവിൽ ഇല്ല. ഒരു ഹിന്ദു പയ്യനുമായി അടുപ്പമുള്ളതറിയം.അപ്പോളിതെങ്ങനെ....?


ഇൻസ്പെക്ടറുടെ പ്രതികരണം അല്പ മുയർന്ന ശബ്ദത്തിലായി.

‘ അതാണല്ലോ മിസ്സിങ്ങ് കേസ് എടുക്കാതെ തന്നെ കബീർ വിവരം പറഞ്ഞ പിറ്റേന്ന് വിഷ്ണുരാജിനെ വണ്ടിയടക്കം പിടിച്ചുകൊണ്ടുവന്നത്..‘

ഇൻസ്പെക്ടർ തുറന്നിട്ട ജനാലയിലൂടെ സ്റ്റേഷൻ കോമ്പൗണ്ടിൽ, മതിലിനോട് ചേർത്ത് സ്റ്റാൻഡിൽ ചെരിഞ്ഞ് നിർത്തിയിരിക്കുന്ന കറുത്ത പൾസർ ബൈക്കിലേക്ക് കണ്ണയച്ചു.

‘വാപ്പ പറഞ്ഞതിൽ കാര്യമുണ്ടോ..?‘

പെൺകുട്ടിയോട് പോലീസ് ഉദ്യോഗസ്ഥൻ ചോദിച്ചത് യുവാവ് ചോദിക്കാനാഗ്രഹിച്ചതാണെന്ന് ഉത്കണ്ഠ മുറുകിയ അവന്റെ മുഖം വെളിപ്പെടുത്തി.



മുറിക്ക് പുറത്തുനിന്നും അൽത്താഫിന്റെ ഉമ്മയുടെ

തട്ടമിട്ട് പാതി മറച്ച മുഖം, വാതിലിന്റെ മറവിൽ നിന്നും അകത്തേക്ക് നീണ്ടു.

പെൺകുട്ടി കണ്ണുകൾ താഴ്ത്തി.

‘ അവൻ ഞാൻ വിളിച്ചിട്ട് എടുത്തില്ല. തിരിച്ചും വിളിച്ചില്ല ..‘

പെൺകുട്ടി ഒന്നു നിർത്തി, പിന്നെ ഇൻസ്പെക്ടറെ നോക്കി,

‘വിഷ്ണുനെ ഒന്നുകാണാൻ പറ്റോ, ഞാൻ ഇവന്റെ കൂടെയുള്ള വിവരം അവന് അറിയില്ല...‘

പെൺകുട്ടിയുടെ ഒരു ക്ലാസ്സ് സീനിയറായിരുന്നു വിഷ്ണു.

പോലീസ് ഉദ്യോഗസ്ഥൻ വിഷ്ണുവിനെ എത്തിക്കാൻ ഏർപ്പാട് ചെയ്തു.

മുറിയിലേക്കപ്പോൾ അൽത്താഫിന്റെ ഉമ്മ സംസാരിക്കാനുള്ള ധൈര്യം സംഭരിച്ചു കൊണ്ട് കയറി വന്നു.

‘സാർ, കുട്ടി ഇവന്റെ കൂടെ വീട്ടിലെത്തീട്ട് മൂന്നു ദിവസായി. ഞാനിവരടെ നിക്കാഹ് നടത്താനുള്ള ഓട്ടത്തിലാ. കുട്ടീടെ വീട്ടുകാരെ അറിയിക്കാൻ പള്ളി കമ്മറ്റീനെ ബന്ധപ്പെട്ടതാ . അപ്പോഴാ ഇവിടന്ന് വിളി വന്നത്.....‘

മേശപ്പുറത്ത് വെച്ചിരുന്ന കോൾ ഡീറ്റെയിൽസ് റെക്കോർഡുകൾ ഫയലിൽ കെട്ടി, ഒരു വശത്തേക്ക് മാറ്റവേ ഇൻസ്പെക്ടർ ശാന്തമായി പറഞ്ഞു,

‘തട്ടികൊണ്ടുപോയതൊന്നുമല്ല എന്ന് കുട്ടീടെ വാപ്പക്കും എനിക്കും അറിയാം.‘

അൽത്താഫ് ഗൾഫിൽ നിന്ന് വന്നിട്ട് രണ്ടാഴ്ച കഴിഞ്ഞതേയുള്ളൂ.

ഡിഗ്രി പഠനം പാതിവഴിയിലിട്ട് ഉപ്പയുടെ കൂടെ വിദേശത്ത്

പോയത് നാല് വർഷം മുമ്പാണ്. പത്താം ക്ലാസിൽ പഠിക്കുന്ന അനിയത്തിയുടെ കൂട്ടുകാരിയോട് ഒരിഷ്ടമുള്ളതു തുറന്നു പറയാൻ അവന് മടിയുണ്ടായില്ല. അവളുത്തരമൊന്നും അന്നു പറഞ്ഞിരുന്നില്ല.

ഇടയ്ക്കൊക്കെ സന്ദേശങ്ങളയക്കാറുണ്ടെങ്കിലും വളരെ ഗൗരവത്തിൽ കാണണം എന്നും വീട്ടിൽ നിന്നിറങ്ങിയെന്നും പറഞ്ഞപ്പോൾ അൽത്താഫ് അത്ഭുതം കൂറി. ചേറ്റുവ പാലത്തിനടുത്ത് കാത്തു നിന്ന ഹൂറി നാല് വർഷങ്ങൾക്കുശേഷം അവനുത്തരം കൊടുത്തു.

സ്റ്റേഷൻ മുറ്റത്ത് ഉയരത്തിൽ വളർന്ന് പടർന്നു നിൽക്കുന്ന ബദാം മരത്തണലിൽ നിന്ന് ചെറു ചർച്ചകളിലായിരുന്നു അൽത്താഫിനോടൊപ്പം രണ്ടു കാറുകളിലായി വന്ന ബന്ധുക്കൾ. അവർക്കിടയിലൂടെ നീളൻമുടി കോതിയൊതുക്കി വെളുത്തു മെലിഞ്ഞ പത്തിരുപതു വയസ്സ് തോന്നിക്കുന്ന ചെറുപ്പക്കാരൻ സ്റ്റേഷനകത്തേക്ക് കയറി.

പ്രസന്നമായ മുഖത്ത് ഒരു പകൽ മുഴുവൻ സ്റ്റേഷനിൽ മൂലയ്ക്കിരുത്തിയതിന്റെ വൈഷമ്യങ്ങളൊന്നുമില്ല.

'വിഷ്ണു എത്തിയല്ലോ ....'

ഇൻസ്പെക്ടർ ഇനിയെന്തെന്ന മട്ടിൽ പെൺകുട്ടിയെ നോക്കി.

'എനിക്കിവനോട് സംസാരിക്കണം..'

അൽത്താഫിന്റെ ചിന്താഭാരങ്ങളെ അവഗണിച്ച് ഇൻസ്പെക്ടറുടെ ഓഫീസ് മുറിയോട് ചേർന്ന് റൈറ്ററുടെ കുടുസ്സായ മുറിയിലേക്ക് ചെറുപ്പക്കാരനു മുന്നിലായി അവൾ നീങ്ങി. അവൾ അവനെ ശകാരിക്കുകയാണോ, അവൻ ചിരിക്കുകയാണോ അറിയില്ല. ഒരു പക്ഷേ വാക് പോരായിരിക്കാം.

'അവർ സംസാരിക്കട്ടെ...."

പോലീസ് ഉദ്യോഗസ്ഥൻ കബീറിനോടെന്ന രീതിയിൽ ശബ്ദം താഴ്ത്തി പറഞ്ഞപ്പോൾ മധ്യവയസ്കനിൽ നിന്നും അതിലും നേർത്ത ശബ്ദം പുറത്തുചാടി.

' കഴിഞ്ഞയാഴ്ച ഈ പയ്യന്റെ പേരും പറഞ്ഞായിരുന്നു വീട്ടിൽ വഴക്ക്. ഇറങ്ങിപ്പോക്ക് ഭീഷണി.....'

റൈറ്ററുടെ മുറിയിൽ നിന്നും പെൺകുട്ടി വിഷ്ണുവിന്റെ കൈപിടിച്ചു ഓഫീസ് മുറിയിലേക്ക് തിരിച്ചു വന്നു.

' ഇവന്റെ മൊബൈൽ തകരാറ് വന്നതുകൊണ്ടാ വിളിച്ചിട്ട് കിട്ടാഞ്ഞത്. ഞാൻ വീട്ടീന്നിറങ്ങിയതുകൊണ്ട് മടങ്ങീല്ല. അതാ അൽത്താഫിനെ വിളിച്ചത്....'

അൽത്താഫിന്റെ തൊണ്ടയിൽ ശ്വാസം തടഞ്ഞു.

കണ്ണുകൾ തുടിച്ചു.

ഓഫീസിനകത്തു നിന്നിരുന്ന ഉമ്മ ചുമരിലേക്ക് ചാഞ്ഞു നിന്നു.

വിഷ്ണുവിന്റെ മുഖത്ത് അപ്പോഴും സ്വതസിദ്ധമായ പുഞ്ചിരി നിറഞ്ഞു.

' ഞാൻ വിഷ്ണുവിന്റെ കൂടെ പോകുന്നു. കല്യാണം രജിസ്റ്റർ ചെയ്തു തരാൻ ഇവന്റെ വീട്ടുകാരുണ്ട്."

അവൾ ബാപ്പയെ നോക്കുവാൻ ശ്രമിച്ചില്ല. അയാൾ മുഖം താഴ്ത്തിയിരിക്കുകയായിരുന്നു.

'എന്റെ വണ്ടിയുടെ താക്കോൽ തരാമോ, സാർ ..."

താക്കോൽ വാങ്ങി ചെറുപ്പക്കാരൻ പെൺകുട്ടിയുമായി

പുറത്തേക്ക് നടന്നു.

ബൈക്ക് സ്റ്റാർട്ട് ചെയ്യുന്നതും മുറ്റത്തെ പൂഴിമണലിൽ വൃത്തം വരച്ച്, അവർ ഒട്ടി ചേർന്നിരുന്ന് പുറത്തേക്ക് പറന്നു പോകുന്നതും ഇൻസ്പെക്ടർക്ക് കാണാമായിരുന്നു.

മധ്യവയസ്കൻ കസേരയിൽ നിന്നെഴുന്നേറ്റു .

അയാളുടെ മുഖത്ത് അപ്പോൾ അസാധാരണമായ ഘനമുള്ള നിർവ്വികാരത തുടിച്ചു നിന്നിരുന്നു.

'പ്രായപൂർത്തിയായവരല്ലെ......'

പോലീസ് ഉദ്യോഗസ്ഥൻ അയാളെ ആശ്വസിപ്പിക്കാനായി വെറുതെ പറഞ്ഞു.

' ശരിതന്നെ.പക്ഷേ, വീണ്ടുമൊരു സംശയം, സർ ....'

ഇൻസ്പെക്ടർ ചോദ്യഭാവത്തിൽ കബീറിനെ നോക്കി.


'പയ്യന് ഇരുപത്തൊന്നായിട്ടില്ലെന്ന് തോന്നുന്നു. '

ഓഫീസ് മുറിയും പരിസരവും ആളൊഴിഞ്ഞിരുന്നു. ഒരു പക്ഷിയുടെ വട്ടമിട്ടു പറക്കൽപ്പോലെ,

പൾസർ ബൈക്കിന്റെ മടങ്ങി വരവും കാത്ത് കബീർ ഓഫീസിനു പുറത്തിരുന്നു.

●

# നിശ്ചലതയുടെ ആരവങ്ങൾ



**പിആർകെ ചേനം**

കഥ



**പു**റംലോകം ചാരനിറമാർന്ന് ഒരു മങ്ങൽ മാത്രമായിത്തീർന്നിരിക്കുന്നു. അനന്തമായ മഞ്ഞുതുള്ളികൾ എവിടെയും പോകാനില്ലാത്തതുപോലെ വായുവിൽ അമർന്നിരിക്കുന്നു. ക്യാബിനുള്ളിൽ ജനാലയ്ക്കരികിൽ വെറുതേ അവൾ ഇരുന്നു. ആ ശൈത്യകാല ഭൂപ്രകൃതിയിൽ അതൊരു തടവറയായിത്തീർന്നിട്ട് നാളുകളേറെയായിരുന്നു. അവളുടെ അരികിലെ മേശപ്പുറത്തുള്ള ചെറിയ റേഡിയോ മറ്റൊന്നും പുറപ്പെടുവിക്കാതെ നിശ്ചലമായി. കൊടുങ്കാറ്റ് തുടങ്ങിയിട്ട് ദിവസങ്ങളോളമായി ഇപ്പോഴും ഇടയ്ക്കിടെ ആഞ്ഞടിച്ചുകൊണ്ടിരിക്കുന്നു. മഞ്ഞുപാളികൾ അടർന്നു മാറുന്നതിന്റെയും അവ കാറ്റിൽ ഒരിടത്തുനിന്നും മറ്റൊരിടത്ത് തല്ലിയലച്ച് വീഴുന്നതിന്റെയും ഭീകരമായ ശബ്ദങ്ങൾ അന്തരീക്ഷത്തിൽ അലയടിച്ചുകൊണ്ടിരിക്കുന്നു. ആ ശബ്ദമല്ലാതെ, ജീവന്റെ ഒരു ലക്ഷണവും ഒരിടത്തുനിന്നും കേൾക്കാനായില്ല. എത്തേണ്ടിയിരുന്ന സഹചാരി ഇതുവരേയും വന്നുചേർന്നില്ല. കുറച്ചുകാലം കൂടി പഠനഗവേഷണാർത്ഥം ഇവിടെ തങ്ങേണ്ടത് അത്യാവശ്യമായി വന്നതിനാൽ ആവശ്യമായ സ്റ്റേഷനറികളും ഭക്ഷ്യവസ്തുക്കളുമായി വേഗം തിരിച്ചെത്താമെന്ന് പറഞ്ഞ് പോയ പ്രതിശ്രുതവരനും സഹപ്രവർത്തകനുമായവൻ ഇതുവരെ തിരിച്ചെത്തിയില്ല. എത്രനാളായി അവൻ പോയിട്ട് എന്ന് തിരിച്ചറിയാനാകാത്തവിധം സാഹചര്യങ്ങൾ ബോധമനസ്സിനെ കുഴപ്പത്തിലാക്കിയിരിക്കുന്നു. പുറത്ത് പോയി ജനവാസമേഖലയിലേക്ക് വഴി കണ്ടെത്തി ഇവിടെ നിന്നും രക്ഷപ്പെടാമെന്ന് ചിന്തിച്ചുവെങ്കിലും, ആ പരിസരത്തുതന്നെ ചുറ്റിയടിച്ച് തിരിച്ചുവരാനേ കഴിഞ്ഞുള്ളൂ.

ചുറ്റിലും ഉയർന്നു വന്ന് വ്യാപിച്ചുകിടക്കുന്ന ഹിമാനികൾ എല്ലാ മാർഗ്ഗങ്ങളും തിരിച്ചറിയാൻ സാധ്യമല്ലാത്തവിധം മായ്ച്ചുകളഞ്ഞിരുന്നു. കാരാഗൃഹത്തിലകപ്പെട്ട ഒരുവന്റെ അവസ്ഥയായിപ്പോയി. എവിടേയ്ക്ക് പോയാലും മുന്നിൽ അനന്തമായി കിടക്കുന്ന ഹിമാനികൾ. ഹിമാലയത്തിന്റെ സൗന്ദര്യത്തിന് ഇത്രയും ഭീകരമായ ഒരു മുഖമുണ്ടെന്ന് നേരിട്ട് ബോദ്ധ്യപ്പെടുകയായിരുന്നു.

പിന്നെ തിരഞ്ഞു വഴിതെറ്റി വലിയവലിയ ഗർത്തങ്ങളിൽ അകപ്പെട്ട് മഞ്ഞായി ഉറഞ്ഞു പോകാതിരിക്കാൻ എല്ലാ ശ്രമങ്ങളും വേണ്ടെന്നുവെച്ചു. അവൻ വരട്ടെ കാത്തിരിക്കാം എന്നുകരുതി. ഭക്ഷ്യവ സ്തുക്കൾ ആവശ്യത്തിന് കരുതലുണ്ടായിരുന്നു. എന്നാൽ അതെല്ലാം തീരാൻ മാത്രം എത്ര കാലം കടന്നു പോയി എന്ന് മനസ്സിലാക്കാൻ കഴിയാതായിരിക്കുന്നു. ആൽബർട്ട് ഉടനെ തിരിച്ചെത്തുമെന്ന പ്രതീക്ഷയിൽ മാത്രം മുന്നോട്ടു പോകുന്നു. അവന് വഴിതെറ്റി ഇന്ത്യൻ ഗ്രാമങ്ങൾക്കു പകരം ചൈനീസ് പ്രദേശങ്ങളിലേക്ക് എത്തിപ്പെട്ടിരിക്കുമോ... അതോ ഹിമാനികൾ ഒരുക്കിയ ചതിക്കുഴികളിൽ വീണ് ഒരു മഞ്ഞുകട്ടയായി അവൻ നിദ്ര പൂകിയതായിരിക്കുമോ... മരവിച്ചുപോയ മനസ്സുമായി പുറത്തേക്കുതന്നെ നോക്കിയിരുന്നു.

തീർച്ചയായും ഈ ജോലിയ്ക്ക് സന്നദ്ധത അറിയിച്ചിട്ട് തന്നെയാണ് ഇങ്ങോട്ട് പോന്നത്. കൂടെ ഇഷ്ടഭാ ജനവും ഉണ്ടല്ലോ എന്ന ഒരു ധൈര്യം കൂട്ടിനുണ്ടായിരുന്നു. ഒരിക്കൽ രണ്ടു വർഷത്തെ ഒരു കോൺട്രാക്റ്റിൽ ആർട്ടിക്കിലെ പാരിസ്ഥിതിക മാറ്റങ്ങളെക്കുറിച്ച് പഠിക്കുന്ന ഒരു ഗവേഷണശാസ്ത്രജ്ഞയായി പ്രവർത്തിക്കാൻ കഴിഞ്ഞിരുന്നു. അതിന്റെ അനുഭവങ്ങളാണ് ഈ ജോലി ഏറ്റെടുക്കുന്നതിന് ധൈര്യം പകർന്നത്. അന്നത്തെ ജോലി കാലാവസ്ഥാവ്യതിയാനങ്ങൾ നിരീക്ഷിക്കുകയും അത് റിപ്പോർട്ട് ചെയ്യുകയുമായിരുന്നു. എന്നാൽ ഒരു പർവതത്തിന് മുകളിൽ ഇത്രയും ഉയരത്തിൽ ഹിമാനികളാൽ വലയം ചെയ്യപ്പെട്ട ഹിമശിഖരത്തിൽ തനിച്ചായിപ്പോയത് വിഹ്വലതകളുണ്ടാക്കി.

ഹിമാനികളിലെ ജൈവികാവസ്ഥയെക്കുറിച്ചുള്ള പഠനത്തിന്റെ ഒരു പ്രൊജക്റ്റുമായാണ് ഇവിടെ എത്തിപ്പെട്ടത്. കൂട്ടിന് ആൽബർട്ടും. താമസവും ഭക്ഷണവും എല്ലാം സ്വയം കണ്ടെത്തണമായിരുന്നു. അതിനെല്ലാം പ്രൊജക്റ്റിൽ വകയിരുത്തിയിട്ടുണ്ട്. കാര്യക്ഷമമായി പ്രവർത്തിക്കാനായാൽ നല്ലൊരു സംഖ്യ സേവ് ചെയ്യാൻ സാധിക്കും എന്ന



താല്പര്യമാണ് ഈ പ്രൊജക്റ്റ് ഏറ്റെടുക്കാൻ പ്രേരണയായത്. പുറത്ത് അനന്തമായ ഇരുട്ടിലേക്ക് നീണ്ടുകിടക്കുന്ന ഹിമാനികൾ മറ്റൊരു ലോകവും പുറത്ത് അവശേഷിക്കുന്നില്ലെന്നപ്പോലെ മുന്നിൽ നിവർന്നു കിടന്നു. എന്നാൽ ഇടയ്ക്കിടയ്ക്ക് ഇരുട്ടിൽ നിന്ന് ചില ശബ്ദങ്ങൾ കേൾക്കുമ്പോൾ ഉടനെ പുറത്തേക്കോടും ആരോ വന്നിരിക്കുന്നു. ഒരു കൂട്ടിന് സംസാരിച്ചിരിക്കാൻ ആരോ ഒരാൾ. എന്നാൽ പുറത്ത് ശൂന്യത മാത്രമായിരിക്കും കാണാനാവുക. അദൃശ്യരൂപികളായ ചിലർ ആ ചുറ്റുവട്ടത്തിൽ ഉണ്ടെന്ന ഒരു വിശ്വാസം ഉറച്ചുപോയത് അങ്ങനെയാണ്. അതിവിദൂരമായ ഇടങ്ങളിൽ തനിച്ച് തപസ്സിരിക്കുന്ന സന്യാസിമാരെക്കുറിച്ച് കേട്ടിട്ടുണ്ട്. അവരിൽ ആരെയെങ്കിലും കണ്ടുമുട്ടാനായാൽ ഒരല്പം ആശ്വാസമായിരിക്കുമെന്ന് കരുതി അതിനും ഒരു ശ്രമം നടത്തിനോക്കി. അതും നിഷ്ഫലമായിരുന്നു.

തിരക്കുപിടിച്ച നഗരത്തിൽ ജനമദ്ധ്യത്തിൽ എത്രമാത്രം തിരക്കുപിടിച്ചവളായിരുന്നു. എന്നാൽ ഇപ്പോൾ, ഇവിടെ ഒറ്റപ്പെട്ടുപോയിരിക്കുന്നു. പരിചയമുള്ള ആളുകൾ, സഹപ്രവർത്തകർ, സുഹൃത്തുക്കൾ, കോൺഫറൻസുകളിൽ കണ്ടുമുട്ടാറുള്ള പരിചയക്കാർ എല്ലാം ഇന്ന് വിദൂര ഓർമ്മകളായിത്തീർന്നിരിക്കുന്നു. ഇവിടെ എത്തിയതിനുശേഷം തനിച്ചായപ്പോൾ റേഡിയോയിലെ ചില ശബ്ദങ്ങൾ മാത്രമായിരുന്നു ആശ്വാസം. ഇപ്പോൾ അതും നിലച്ചുപോയിരിക്കുന്നു. തണുപ്പിലേക്കും നിശബ്ദതയിലേക്കും ഒറ്റപ്പെടലിലേക്കും വഴുതിപ്പോയ സമയം.

ടെന്റിന്റെ വിന്റോക്കരികിലിരുന്ന് വെറുതേ അകത്തേയ്ക്ക് നോക്കി. കിടക്ക, മടക്കാവുന്ന മേശ, വീണ്ടും വീണ്ടും വായിച്ച കുറച്ചു പുസ്തകങ്ങൾ. ചുവരുകളിൽ തൂക്കിയിട്ടിരിക്കുന്ന ഭൂപടങ്ങളും ജേണലുകളും ഗവേഷണകുറിപ്പുകളും.

ആൽബർട്ട് ഷോപ്പിംഗ് നടത്തി തിരിച്ചു വരാമെന്ന് പറഞ്ഞു പോയപ്പോൾ കൂടെ പോയാൽ മതിയായിരുന്നു. തിരക്കടിച്ച് ചില പ്രവൃത്തികൾ ചെയ്തുകൊണ്ടിരുന്നതിന്റെ തിരക്കിലായിരുന്നതിനാൽ തനിച്ചുപോയി വന്നാൽ മതിയെന്ന് പറഞ്ഞ് അവനെ യാത്രയാക്കി. ഏതാനും മണിക്കൂറുകൾക്കു ശേഷം അവൻ എത്തുമ ല്ലോ... ഹിമാനികൾ ഉയർന്നുതുടങ്ങിയ വഴികളിലൂടെ അവൻ പോകുന്നതും നോക്കി കുറേ സമയം നിന്നു. അവൻ കണ്ണിൽ നിന്നും മറഞ്ഞതിനുശേഷമാണ് ജോലിയിൽ വീണ്ടും വ്യാപൃതയായത്. എന്നാൽ അന്ന് അവൻ വരാതായപ്പോൾ ചെയ്തുകൊണ്ടിരുന്ന ജോലി ചെയ്യാനാകാത്ത അവസ്ഥയിലായിപ്പോയി. പിന്നെ കാത്തിരിപ്പുകൾ മാത്രമായി. ചുറ്റുവട്ടങ്ങളൊന്നും തിരിച്ചറിയാത്തവിധം വിജനമായ മഞ്ഞുവിതാനത്തിൽ അതിവിദൂരതയിൽനിന്നും അവൻ പ്രത്യക്ഷപ്പെടും എന്ന വിശ്വാസത്താൽ അവനെ കാത്തിരുന്നു. എന്നാൽ അവൻ എത്തിയില്ല. അടുത്ത ദിവസവും അവനെ കാത്തിരുന്നു. അവൻ പിന്നെ വന്നില്ല. ഗവേഷണത്തിനോ പഠനത്തിനോ ഉണ്ടായിരുന്ന ആഗ്രഹങ്ങളും വ്യഗ്രതകളും അതോടെ അപ്രത്യക്ഷമാകാൻ തുടങ്ങി. ടെന്റിന്റെ ചുവരുകൾ തടവറ തീർത്ത് പരിഹസിക്കാൻ തുടങ്ങി.

അപ്പുറത്തുള്ള ലോകത്തെ കുറിച്ച് ചിന്തിച്ചപ്പോൾ ഹൃദയം വേദനകൊണ്ട് പുളഞ്ഞു. ഒരിക്കൽ ആ ലോകത്തിന്റെ ഭാഗമായിരുന്നു. സംഭാഷണങ്ങളുടെയും സംവാദങ്ങളുടെയും ചിരിയുടെയും നിമിഷങ്ങളിൽ അലിഞ്ഞുചേർന്നു നടന്നിരുന്ന ലോകം. അന്ന് ഒരുപാട് ചിരിച്ചുനടന്നു. ഓർമ്മകൾ ക്ഷണിക്കാതെത്തന്നെ കടന്നു വരികയായിരുന്നു. ഇപ്പോൾ ചിരിക്കാനും പറയാനും സംവദിക്കാനും ഈ കൂടാരത്തിന്റെ നാലതിരുകൾ മാത്രം. പിന്നെ പുറത്ത് വീശിയടിക്കുന്ന ഹിമക്കാറ്റും. അത് ഇപ്പോൾ എപ്പോഴും ചുറ്റിലും പ്രതിദ്ധ്വനിക്കാൻ തുടങ്ങിയിരിക്കുന്നു. ഒരു മനുശ്യന്റെ ശബ്ദം കേൾക്കാനായി സ്വയം ഉച്ചത്തിൽ ശബ്ദമുണ്ടാക്കും. തന്റെത്തന്നെ ശബ്ദമാണെന്നറിയുമ്പോഴും അന്തരീക്ഷത്തിൽ ഉയർന്നു വരുന്ന ശബ്ദത്തിന് മാധുര്യം തോന്നിയിരുന്നു.

ഒടുവിൽ, കസേരയിൽ നിന്ന് എഴുന്നേറ്റ് സ്റ്റൗവിനടുത്തേയ്ക്ക് പോയി. ഒരു ചായപ്പാത്രത്തിൽ കുറച്ച് ഐസുകട്ടയിട്ട് സ്റ്റൗവിന് തീ കൊളുത്തി. വെള്ളം ഉരുകി വന്നപ്പോൾ അല്പം പഞ്ചസാരയിട്ട് ഇളക്കി. കുറേ സമയമെടുത്തു ഒന്നു തിളച്ചുകിട്ടാൻ. തിളച്ചപ്പോൾ ടീ ബാഗ് എടുത്ത് അതിൽ മുക്കിയിട്ടു. പിന്നെ ഗ്ലാസ്സു യർത്തി ചുണ്ടോടടുപ്പിച്ച് ഒരു സിബ് അകത്താക്കി. മനസ്സില്ലാമനസ്സമേടെ അത് കുടിച്ചുകൊണ്ട് അവിടെ കുറച്ചു നേരം ഇരുന്നു. ബോറടിക്കുമ്പോഴെല്ലാം അതൊരു ശീലമായിരുന്നു. എന്നാൽ അതെല്ലാം അർത്ഥശൂന്യ മായ ഒന്നാണെന്ന് തോന്നാതിരുന്നില്ല.

അന്നേരമാണ് വാതിലിൽ മുട്ട് കേട്ടത്. അത് ഹൃദയമിടിപ്പിനെ പെരുക്കി. പെരുമ്പറയടിക്കുന്ന ശബ്ദത്തോയടെയാണ് ഹൃദയമപ്പോൾ പെരുമാറിയത്. ആൽബർട്ട് തിരിച്ചെത്തിയതിന്റെ സന്തോഷത്താൽ അവൾ ടെന്റിന്റെ വാതിൽക്കലേക്ക് കാറ്റിന്റെ വേഗതയിൽ പാഞ്ഞെത്തി. ഒരു നിമിഷം, മനസ്സ് പരിഭവപ്പെട്ട് അവിടെ നിന്നു. എത്ര ദിവസമായി തനിച്ചാക്കി പോയിട്ട്... എന്നിട്ടിപ്പോൾ വന്നിരിക്കുന്നു... പരിഭവം പ്രകടിപ്പിക്കാതെ എങ്ങനെ വരവേൽക്കും. അതിനാൽ ശ്വാസം അടക്കിപ്പിടിച്ച് വാതിൽ തുറക്കാതെ നിശ്ചലയായി നിന്നു. അപ്പോൾ വീണ്ടും മറ്റൊരു മുട്ട് കേൾക്കാ നായി. ഇത്തവണ ഒരു മൃദു ശബ്ദം പുറത്തു നിന്നും തെന്നിയെത്തി.

'സാറാ, നീ അകത്തുണ്ടോ?'

അവൾ ആശയക്കുഴപ്പത്തിലായി. ഈ അസമയത്ത് അവൻ എങ്ങനെ വന്നു. പുറത്ത് അപ്പോഴും മഞ്ഞുപാളികൾ കാറ്റിൽ പറന്നുയരുന്നതിന്റെയും അത് ദൂരസ്ഥലങ്ങളിൽ ചെന്നു പതിക്കുന്നതിന്റെയും ശബ്ദം മുഴങ്ങിക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു. പക്ഷെ അവിടെ മുഴങ്ങി കേട്ട ശബ്ദം യഥാർത്ഥമായിരുന്നു. അത് കൊടുങ്കാറ്റിന്റെയോ കാറ്റിന്റെയോ ശബ്ദമായിരുന്നില്ല. അത് ഒരു മനുഷ്യശബ്ദം തന്നെയായിരുന്നു. ആൽബർട്ട് തിരിച്ചെത്തിയിരിക്കുന്നു. ഒരു വ്യക്തിയ്ക്ക് ഈ സമയത്ത് ഇവിടെയെത്തിച്ചേരാൻ ദുർഗ്ഗമമായിരുന്നെങ്കിലും ശബ്ദം സത്യമായിരുന്നു.

പുറത്തുനിന്നും ശബ്ദം വീണ്ടും ഉയർന്നു. ഇത്തവണ സ്വരം കൂടുതൽ വ്യക്തമായിരുന്നു.

'സാറാ, ഇത് ഞാനാണ് ആൽബർട്ട്. ഞാൻ സാധനസാമഗ്രികളുമായി എത്തിയിരിക്കുന്നു. എനിക്ക് നിന്നെ കാണാൻ തിടുക്കമായി. എത്ര നാളായെന്നോ ഞാൻ നിന്നെ കണ്ടിട്ട്. നിന്നെ കാണാനുള്ള കൊതിയോടെ യാണ് ഞാൻ ഈ അസമയത്തും ഇവിടെ ഓടിയെത്തിയത്.'

വിറയാർന്ന ശരീരവുമായി വാതിലിനടുത്തേയ്ക്ക് ഓടിയെത്തി. പുറത്തെ മഞ്ഞുവീഴ്ചയുടെ കാഠിന്യം കാരണം പുറത്ത് ഒന്നും കാണാൻ കഴിയുമായിരുന്നില്ല. ടെന്റിന്റെ വിന്റോ പാനൽ മഞ്ഞുപുരണ്ട് കാഴ്ചയെ തടഞ്ഞിരുന്നു. എന്നാലിപ്പോൾ തന്റെ പ്രിയൻ തിരിച്ചെത്തിയിരിക്കുന്നു. ആ ശബ്ദം സത്യമാണോ എന്ന് അപ്പോഴും സന്ദേഹമുണ്ടായി. ഹിമാനികളും കാറ്റും തീർക്കുന്ന കോലാഹലങ്ങളുണ്ടാക്കുന്ന ഭ്രമാത്മകതയാണോ ഇതെല്ലാം എന്നുകൂടി ചിന്തിക്കാതിരുന്നില്ല. തന്റെ ഏകാന്തത തന്നെ കളിപ്പിക്കുകയാണോ എന്ന സംശയം പെരുകാൻ തുടങ്ങിയിരുന്നു. എങ്കിലും അധികസമയം പിടിച്ചു നിൽക്കാനായില്ല.

ഒരു നിശ്വാസത്തോടെ വാതിൽ തുറന്നു.

അവിടെ പുറത്ത് മഞ്ഞ് തീർത്ത് പുകച്ചുരുളുകളിൽ അവൻ ഉണ്ടായിരുന്നു.

ആൽബർട്ട്. അവൾ അവനെ ഓർക്കുന്നതുപോലെ തന്നെ അയാൾ കാണപ്പെട്ടു. പക്ഷേ അത് സാധ്യമായിരുന്നില്ല. ഗവേഷണ പ്രോജക്റ്റിന്റെ അടുത്തഘട്ടം ആസൂത്രണം ചെയ്യുന്നതിനുമുമ്പുള്ള അവന്റെ സാധനസാമഗ്രികൾക്കായുള്ള യാത്രയും സമയത്തിന് വരാതിരിക്കലും ഒരുപാട് ആശങ്കകൾ തീർത്തിരുന്നു. ഇപ്പോഴത്തെ ആശങ്ക ഇത്തരമൊരു കാലാവസ്ഥയിൽ അവൻ എങ്ങനെ ഇവിടെ എത്തിയെന്നതായിരുന്നു.

'സാറാ, നിനക്ക് സുഖംതന്നെയല്ലേ?'

അവന്റെ ശബ്ദം കർണ്ണപുടങ്ങളിൽ പതിഞ്ഞു കയറി. അതുവരെ ചിന്തയിൽ നിറഞ്ഞു നിന്നിരുന്ന അന്ധതയെ തകർത്തു. അവൻ ആശങ്കയും ഊഷ്മളതയും കലർന്ന മിഴികളുയർത്തി നോക്കി. അവന്റെ കൈ അവളുടെ തോളിൽ തൊടാമെന്നോണം നീട്ടി. പക്ഷേ, അവന്റെ സ്പർശനം അവൾക്ക് താങ്ങാൻ പറ്റാത്തത ഘനീഭവിച്ചതായി അറിഞ്ഞ് പുറകോട്ട് മാറി.

'ആൽബർട്ട് എന്താ... ?' ചോദ്യം എങ്ങനെ പൂർത്തീകരിക്കണമെന്നറിയാതെ പരുങ്ങി നിന്നു. അവൻ എങ്ങനെ ഇവിടെയെത്തി. അവൻ യാഥാർത്ഥ്യം തന്നെയോ... ഈ ചുറ്റുവട്ടത്തിൽതന്നെ അവൻ ഉണ്ടായിരുന്നോ... ഇത് യഥാർത്ഥ്യം തന്നെയോ?

സ്വെറ്ററിലെ മഞ്ഞ് കണങ്ങളെ തട്ടിക്കളഞ്ഞുകൊണ്ട് അവൻ അകത്തു കയറി. അവന്റെ സാന്നിദ്ധ്യം അവിടം നിറച്ചു. അവനൊഴികെ മറ്റൊന്നും അവിടെയില്ലെന്നവണ്ണം ടെന്റിനകത്ത് അവൻ നിറഞ്ഞു നിന്നു. കുറേ ദിവസങ്ങൾക്ക് ശേഷം അങ്ങനെ അവൻ എത്തിയിരിക്കുന്നു. ഇത്രയും നാൾ തനിച്ചാക്കി പോയിട്ട് ഇപ്പോൾ എത്തിയിരിക്കുന്നു.

'ഒരാഴ്ചയായി ഞാനിങ്ങോട്ട് വഴി കണ്ടെത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. കൊടുങ്കാറ്റും ഹിമാ നികളും എന്നെ എന്റെ മാർഗ്ഗത്തിൽനിന്നും അകറ്റി നിർത്തി' തന്റെ തോളിൽ നിന്നും സാധനസാമഗ്രികളുടെ ഭാരമുള്ള ബാഗ് താഴെയിറക്കി മേശപ്പുറത്ത്

വെക്കുന്നതിനിടെ അവൻ പറഞ്ഞു. അവൻ അവളുടെ മുഖം സൂക്ഷ്മമായി നിരീക്ഷിച്ചു. കണ്ണുകൾക്ക് താഴെയായി രൂപമെടുത്തിരുന്ന ഇരുണ്ടവർണ്ണം അവൻ ശ്രദ്ധിച്ചു. അവന്റെ നോട്ടത്തിനുമുന്നിൽ പിടിച്ചുനിൽക്കാനാകാതെ ഒന്നു സങ്കോചിച്ചു. അവൻ പറഞ്ഞു.

'നിന്റെ സൗന്ദര്യമെല്ലാം എത്ര പെട്ടെന്നാണ് ഇല്ലാതായത് സാറാ. നിന്റെ അവസ്ഥയോർത്ത് എനിക്ക് വിഷമം തോന്നുന്നു.'

അതുകേട്ട് തലകുലുക്കി അവൻ യാഥാർത്ഥ്യംതന്നെയെന്ന് ബോധ്യപ്പെടാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവൻ തിരിച്ചെത്തിയിരിക്കുന്നു. താനിനി തനിച്ചാവുകയില്ല. പക്ഷെ ഇതിരയും നാൾ അനുഭവിച്ച ഏകാന്തത ഒരൊറ്റ നിമിഷംകൊണ്ട് ഇല്ലാതാക്കാനായില്ല. അത്രയേറെ അഴത്തിൽ അത് പതിഞ്ഞുപോയിരുന്നു. ഹിമാനികൾക്കു ള്ളിൽ കുടുങ്ങിപ്പോയതിന്റെ ഭീതി അത്രയേറെ ഭയാനകമായിരുന്നു.

'ഇല്ല, എനിക്ക് പ്രശ്നങ്ങളൊന്നുമില്ല. നീ ഇല്ലെന്ന ഒരു പ്രയാസമല്ലാതെ എന്നെ ഒന്നും ശല്യം ചെയ്തി ല്ല... എനിക്ക് യാതൊരു കുഴപ്പമില്ല...' അവനോട് ഒരു മന്ത്രണമെന്നോണം പറഞ്ഞു. പക്ഷെ അത് പറയുമ്പോൾ താൻ നുണപറയുകയല്ലേ എന്ന് തോന്നാതിരുന്നില്ല.

ആൽബർട്ട് ക്യാബിനിനുചുറ്റും കണ്ണോടിച്ചു. അവന്റെ കണ്ണുകൾ അവിടെ കിടന്ന വിരികളിൽ, തൊടാതെ കിടന്നിരുന്ന പുസ്തകങ്ങളിൽ, വായുവിൽ പറ്റിച്ചേർന്നുനിന്നിരുന്ന നിശബ്ദതയിൽ.... എല്ലാം ചുറ്റിക്കറങ്ങുക യായിരുന്നെന്ന് തോന്നി.

'കുറേ നാളുകൾ കഴിഞ്ഞുപോയി, അല്ലേ?' അവൻ അവനോടുതന്നെ പിറുപിറുത്തു.

അവനോട് എങ്ങനെ പ്രതികരിക്കണമെന്ന് അറിയാത്തതുപോലെ അപ്പോഴും മിഴിച്ചുനിൽക്കാനെ കഴി ഞ്ഞുള്ളൂ. അവനെയോ മറ്റാരെയോ കണ്ടിട്ട് എത്ര നാളുകളാണ് കടന്നുപോയത് എന്ന് മനസ്സിൽ കണക്കുകൂട്ടിയെടുക്കാനായില്ല. ആഴ്ചകൾ? മാസങ്ങൾ? ഇവിടെ സമയം ഒരു അമൂർത്തമായ ആശയമായി മാറി കഴിഞ്ഞിരുന്നു. സാധനസാമഗ്രികളുമായി അവൻ എത്തിച്ചേരുമെന്ന പ്രതീക്ഷ പോലും ഇല്ലാതായി കഴിഞ്ഞിട്ടു ണ്ടായിരുന്നു.

'എന്താണ് പറയേണ്ടതെന്ന് എനിക്കറിയുന്നില്ല, ആൽബർട്ട്.' അവനോട് ഇത് പറയുമ്പോൾ ശബ്ദം ഇടറുന്നു ണ്ടായിരുന്നു. 'എന്താണ് പറയേണ്ടതെന്ന് അറിയുന്നുണ്ടായിരുന്നില്ല.' വാക്കുകൾ അകാരണമായി ഇടറി. 'എനിക്ക് ഇത് സാഹചര്യത്തെ കൈകാര്യം ചെയ്യാൻ കഴിയുമെന്നുതന്നെയാണ് ഞാൻ കരുതിയത്. ഒറ്റപ്പെടൽ... എത്ര ഭീകരമാണ്. എന്നാലിപ്പോൾ അതേപ്പറ്റി എങ്ങനെ പറയണമെന്ന് ഒന്നു അറിയാത്തതുപോലെ...'

ആൽബർട്ട് തന്റെ ആരദ്രമായ മിഴികളുമായി അടുത്തേക്ക് വന്നു. അവന്റെ കൈകൾ തന്റെ തോളുകളി ലേയ്ക്ക് നീണ്ടു.

'നീ ഒരിക്കലും തനിച്ചാവില്ല.' അവൻ മൃദുവായി പറഞ്ഞു. ഹൃദയം വേദനിപ്പിക്കുന്ന സഹാനുഭൂതി നിറഞ്ഞ അവന്റെ ശബ്ദം വീണ്ടും മുഴങ്ങി. 'നീ വെറുതെ... കഷ്ടപ്പെട്ടു. എന്നാൽ ഇനി നിനക്ക് കഷ്ടപ്പെടേണ്ടതില്ല. നിനക്കിവിടെ കൂട്ടായി ഞാനുണ്ട്. ഇനിയുള്ള കാലം നമ്മളൊന്നിച്ച്...'

ജീവിതത്തിലാദ്യമായിയെന്ന പോലെ അവനെ നോക്കി. ശരിക്കും അവന്റെ മിഴികളിലേക്ക് നോക്കി. അവന്റെ കണ്ണുകൾ ദയാവായ്പുനിറഞ്ഞതും പരിചിതവുമായിരുന്നു എന്നിട്ടും അവയ്ക്കിടയിൽ ഇപ്പോൾ വിചിത്രമായ ഒരു അകലമുള്ളതുപോലെ... ഒരിക്കൽ അറിഞ്ഞിരുന്ന മാനുഷികബന്ധത്തിന്റെ കണ്ണികൾ ഇപ്പോൾ അറ്റു പോയതുപോലെ... എന്താണ് ഇവിടെ സംഭവിക്കുന്നത്? ഒന്നിലും ഒരു ഉറപ്പുമില്ലാതായി. എന്നാലും പ്രത്യാശ മനസ്സിൽ മുളപൊട്ടിയുയർന്നു.

ആൽബർട്ട് സാധനങ്ങളുടെ ഭാണ്ഡം അഴിക്കാൻ തുടങ്ങിയപ്പോൾ, അവിടെ അതും നോക്കി വെറുതേ ഇരുന്നു. അവന്റെ മുറുക്കിപിടിച്ച കൈക്കുള്ളിൽ തന്റെ കൈ അപ്പോഴും വിറച്ചുകൊണ്ടിരിക്കുകയായിരുന്നു. അവൻ അടുത്തെത്തിയിട്ടും എന്തോ ഭയം വിട്ടുമാറിയിരുന്നില്ല.


മഞ്ഞുപോലെ മരവിച്ച അവന്റെ കൈ ഇപ്പോൾ ആശങ്കകൾ മാത്രമാണ് സമ്മാനിക്കുന്നതെന്ന് ഒരു ഞെട്ട ലോടെയാണ് മനസ്സിലാക്കിയത്. ടെന്റ് ഇപ്പോൾ തണുത്തതും നിശബ്ദവുമായ ഒരു ഇടം മാത്രമായിരുന്നില്ല. അത് മറ്റൊരു ലോകത്തെ അവിടെ തുറന്നിട്ടു. ഒരിക്കലും സങ്കല്പിക്കാകാത്ത മറ്റൊരു ലോകം.

ഒരുപക്ഷേ അത് ഒറ്റപ്പെടലിന്റെ അവസാനമായിരുന്നില്ല, മറിച്ച് തുടക്കമായിരുന്നു.

●

കഥ

# പെണ്ണടയാളം



ഷേർലി മണലിൽ

**വൈ**കിയുറങ്ങുകയും നേരത്തെ ഉണരുകയും ചെയ്യുന്നൊരു ശീലമാണ് കുറച്ചു നാളായിട്ട്. കണ്ണു തുറന്ന് വെറുതെ കിടക്കും. അല്ലെങ്കിൽ ജനൽ തുറന്ന് പുലരി വിരിയുന്ന ശാന്തത ആസ്വദിക്കും. അങ്ങനെയൊരു ദിവസത്തിന്റെ തുടക്കത്തിലേയ്ക്കാണ് മധുപാലൻസാറിന്റെ വിളി വന്നത്.

രാജമല്ലിയുടെ സുഖവിവരം തിരക്കാനാവും. ഓംഗോളിലെ ടെക്സ്റ്റൈൽ മില്ലിൽ ഞാൻ സൂപ്പർവൈസറായിരുന്ന കാലം മുതലേയുള്ള ആത്മബന്ധമാണ് മധുപാലൻ സാറുമായിട്ട്. സാറും ഭാനുമതിയക്കയും താമസിച്ചിരുന്ന ക്വാർട്ടേഴ്സിലേക്ക് ഏതു സമയത്തും കയറിച്ചെല്ലാവുന്ന സ്വാതന്ത്ര്യം. ശ്രീനി അനിയനാണെന്നാണ് സാറ് പറയാറ്. കൗമാരത്തിലെപ്പോഴോ മരിച്ചുപോയ തന്റെ അനിയന്റെ ഛായയുണ്ട് നിനക്കെന്ന് പറഞ്ഞ് ഒരിക്കൽ സാറ് ചേർത്തുപിടിച്ചപ്പോൾ ഭാഷയുടെയും ദേശത്തിന്റെയും അതിർത്തികളില്ലാതെ പായുന്ന സ്നേഹപ്രവാഹം എന്റെ ഞരമ്പുകളെ തുടിപ്പിക്കുന്നത് അനുഭവിച്ചിരുന്നു. അവരോടുള്ള സഹവാസം എന്നെ തനി മലയാളിയാക്കി മാറ്റിയിട്ടുണ്ടെന്ന് രാജമല്ലി പരിഭവം പറയാറുണ്ടായിരുന്നു. ശ്രീനിയും രാജമല്ലിയും ഇന്നാട്ടുകാരാണെന്ന് ആർക്കും തോന്നിയിരുന്നുമില്ല.



ഒന്നോർത്താൽ തമാശ തന്നെ.

ഭാനുമതിയക്കന്റെ നിരന്തരമായ നടുവേദന മൂലം കേരളത്തിൽ ചികിത്സ തുടരാമെന്നുവച്ച് അവർ പോയി. പിന്നീട് കുറച്ചു കാലം ഞാൻ മധുപാലൻസാറിന്റെ കൂടെ ക്വാർട്ടേഴ്സിൽ താമസിച്ചു. സാറിന്റെ മകൾ വിവാഹം കഴിഞ്ഞും മകൻ വിദേശത്തേയ്ക്കും പോയപ്പോഴേയ്ക്കും സാറും റിട്ടയറായി .

ഫോൺ വീണ്ടും ചിലച്ചു. ഒരു ദീർഘനിശ്വാസത്തോടെ രാജമല്ലി എഴുന്നേറ്റുപോയി. അവളുള്ളപ്പോൾ ഞാനീയിടെയായി ആരോടും ഫോണിൽ സംസാരിക്കാറില്ല. ബയോപ്സി റിസൾട്ട് പോസിറ്റീവ് ആയതിനു ശേഷം അവൾക്ക് ഉറക്കം തീരെ കുറവാണ്. കണ്ണുകൾക്ക് ചുറ്റും നിഴൽ വീണുകഴിഞ്ഞു.ഉപേക്ഷിച്ചിട്ടിരുന്ന തയ്യൽ മെഷീൻ ഇപ്പോൾ ഒരാശ്വാസം പോലെയാണ് രാജമല്ലിക്ക്.

നല്ലൊരു തയ്യൽക്കാരിയായിരുന്നു അവൾ . വീട്ടുകാര്യങ്ങളിൽ മുഴുകി സ്വന്തം ഇഷ്ടങ്ങളൊക്കെ അവൾ മറന്നിരുന്നു. ഇപ്പോൾ മിണ്ടാട്ടവും കുറവാണ്.

ചികിത്സ കേരളത്തിലാക്കാമെന്ന മധുപാലൻസാറിന്റെ അഭിപ്രായം നല്ലതാണെന്ന് തോന്നിത്തുടങ്ങിയിട്ട് ദിവസങ്ങളായി. രാജമല്ലിക്ക് വീട് വിട്ടുപോകാൻ സമ്മതമല്ല.

ഇവിടെ ആരിരിക്കുന്നു സഹായത്തിന് ?

രാജമല്ലിയുടെ മൗനത്തിന് അതും ഒരു

കാരണമാണ്. മൂന്നുതവണയാണ് അവൾക്ക് അബോർഷനായത്. പിന്നെപ്പിന്നെ പ്രതീക്ഷ മങ്ങി. വർഷങ്ങൾ കഴിയുന്തോറും അതും മറന്നെന്ന് ഭാവിച്ചു.

' ഒരു കണക്കിന് എല്ലാം നല്ലതിനാകും.

ബയോപ്സി റിസൾട്ട് കൈയിൽ പിടിച്ച് ഏറെ നേരത്തെ മൗനത്തിനു ശേഷം അവൾ പറഞ്ഞു , 'ഒന്നിനെക്കുറിച്ചും വേദനിക്കേണ്ടതില്ലല്ലോ'.

വിരസ ജീവിതത്തിന്റെ ഏതൊക്കെയോ തിരിവിൽ വച്ച് അവളെ കരുതാതെ പോയിട്ടുണ്ട്, കണ്ടില്ലെന്നു നടിച്ചിട്ടുണ്ട്. ഒന്നിനും അവൾ പരാതി പറഞ്ഞിട്ടില്ല.

പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാത്ത നിശ്ചലാവസ്ഥയിലേയ്ക്ക് മെല്ലെ മെല്ലെ ഒരു ചതുപ്പിലേയ്ക്ക് എന്നവണ്ണം ദിവസങ്ങൾ ഇറങ്ങിപ്പോകുന്നു.

വീണ്ടും മധുപാലൻ സാറിന്റെകോൾ...

പതിവു ക്ഷേമാന്വേഷണങ്ങൾ.

'ഏതായാലും രാജമല്ലിയെക്കൂട്ടി നീ ഇങ്ങോട്ടു വാ.ആ പിന്നേ, നിന്റെ ഡയറിയിൽ കണ്ടതുപോലൊരു മുഖം ഞാനിന്നലെ ഹോസ്പിറ്റലിൽ വച്ച്കണ്ടു, നീയന്നു പറയുകയും ചെയ്തിരുന്നല്ലോ..'

ആ വാക്കുകൾ ചെവിയിൽ കിരുകിരുത്തു . മനസ് എന്തിനോ വേണ്ടി ശാഠ്യം പിടിക്കുന്നു.

സാറിന്റെ മകളുടെ വിവാഹത്തിൽ പങ്കെടുക്കാനാണ് അന്ന് തിരുവനന്തപുരത്തിന് പോയത്. പഴയ കാര്യങ്ങൾ പറഞ്ഞിരിക്കുന്നതിനിടയിലാണ് ഡയറിത്താളിലെ പെണ്ണിന്റെ കാര്യം നാവിൻ തുമ്പിൽ വന്നത്.

ഓംഗോളിലെ പഴയൊരു കെട്ടിടത്തിന്റെ മുകൾ ഭാഗത്തെ ഒറ്റ മുറിയിൽ താമസിച്ചിരുന്ന കാലത്തെ ഒരു കുസൃതി. പിന്നീടെപ്പോഴും വല്ലാതെ ത്രസിപ്പിച്ചിരുന്നൊരോർമ്മ.

മറന്നുപോകേണ്ടതിനു പകരം കാലം കഴിയുന്തോറും ഇടയ്ക്കിടെ എത്തി നോക്കുന്ന തെളിച്ചമുള്ളൊരോർമ്മ.

തിരുവനന്തപുരത്തിന് പോകുന്ന കാര്യം പറഞ്ഞപ്പോൾ രാജമല്ലി എതിർത്തു. നീണ്ട യാത്രകൾ അവൾക്കിഷ്ടമല്ല.



ദിവസങ്ങൾ കഴിഞ്ഞ് യാത്രയ്ക്ക് സമ്മതമറിയിച്ചുകൊണ്ട് രാജമല്ലി അടുത്തുവന്നു. ഒരു പരീക്ഷണം കൂടി ആവാമെന്ന് അവൾ കരുതിക്കാണണം.

പിന്നത്തെ ദിനങ്ങൾ യാത്രയ്ക്കുള്ള ഒരുക്കങ്ങളിലായിരുന്നു.

വീടുപൂട്ടിയിറങ്ങുമ്പോൾ പിഴുതെറിയപ്പെട്ട ചെടിയുടെ ദൈന്യത രാജമല്ലിയുടെ മു

ഖത്തു കണ്ടു.

യാത്രയിലുടനീളം രാജമല്ലി വിഷാദവതിയായിരുന്നു. കൂടുതൽ സമയം ഉറങ്ങുകയും ഉണർന്നിരിക്കുമ്പോൾ സാരിത്തലപ്പുകൊണ്ട് തലമൂടി പുറത്ത് ഓടി മറയുന്ന മരങ്ങളെയും പ്രകാശം ചൊരിയുന്ന സ്ട്രീറ്റ് ലൈറ്റുകളും നോക്കിയിരുന്നു. ഫ്ലാസ്കിൽ നിന്ന് ചുക്കുകാപ്പി പകർന്നുതരികയും സ്വയം ആസ്വദിച്ചു കുടിക്കുകയും ചെയ്തു.

പുറത്ത് ഓടി മറയുന്ന ദൃശ്യങ്ങൾ ഏതോ പ്രാചീനകഥയിലെ കാഴ്ചകളെന്ന മട്ടിൽ അവളെ കൊതിപ്പിക്കുന്നുണ്ടോ?

ഒരു വേള ഉറക്കത്തിൽ പുഞ്ചിരിക്കുന്നതും കണ്ടു.ഗൂഢമായതെന്തോ അവളിലും തുടിക്കുന്നുണ്ടാവുമോ?

കഴിയുന്നത്ര തന്നിലേയ്ക്ക് തന്നെ ഒതുങ്ങുകയാണ് രാജമല്ലി.

എന്തൊക്കെയോ ചെയ്തു തീർക്കാനുള്ള ധൃതിചലനങ്ങളിൽ കാണാം. യാത്രയിലായതുകൊണ്ട് മാത്രം അടങ്ങിയിരിക്കുകയാണിപ്പോൾ.

എന്തുകൊണ്ടും ഈ യാത്ര നല്ലതാണ്.

റയിൽവേ സ്റ്റേഷനിലെ ബഹളത്തിനിടയിൽ ചെന്നിറങ്ങുമ്പോൾ മധുപാലൻസാർ കാത്തുനില്പുണ്ട്.പഴയ പ്രസരിപ്പോടെ. കാലം തൊട്ട് കേടു വരുത്താത്ത ചിരിയോടെ.

നഗരപ്രാന്തത്തിൽ പുതുതായി വാങ്ങിയ വില്ലയിലേയ്ക്കാണ് സാർ ഞങ്ങളെ കൂട്ടിയത്. ലഗേജ് കാറിലെടുത്തുവയ്ക്കാൻ സഹായിക്കുന്നതിനിടയിൽ അദ്ദേഹം വിശേഷങ്ങൾ ചോദിച്ചു കൊണ്ടിരുന്നു.

കുളിയും ഭക്ഷണവും കഴിഞ്ഞ് രാജമല്ലിയും ഭാനുമതിയക്കയും വിശ്രമിക്കാൻ പോയിട്ടും ഞങ്ങൾക്ക് പറയാൻ ഒരുപാടുണ്ടായിരുന്നു.

സംസാരം രാജമല്ലിയുടെ ചികിത്സയെക്കുറിച്ച് മാത്രമാവാൻ മധുപാലൻസാർ ശ്രദ്ധിക്കുന്നുണ്ടെന്ന് തോന്നി. ഞാനും അങ്ങനെ ആഗ്രഹിച്ചു.

സാർ ഇടയ്ക്ക് ആരോടൊക്കെയോ ഫോണിൽ സംസാരിച്ചു.

അടുത്ത ദിവസംതന്നെ ഡോക്ടറെ കാണാമെന്ന് തീരുമാനമായി.

യാത്രാക്ഷീണം ഉണ്ടായിട്ടും ഉറങ്ങാൻ വൈകി. കണ്ണുകളടഞ്ഞിട്ടും മനസ്സുറങ്ങുന്നില്ല.

ദിവസങ്ങൾ നീണ്ട ടെസ്റ്റുകൾക്കും ആശുപത്രിവാസങ്ങൾക്കുമിടയിൽ എപ്പോഴൊക്കെയോ മധുപാലൻസാറിന്റെ അന്നത്തെ ഫോൺ സംഭാഷണം ഓർമ്മയിൽ തികട്ടി വന്നു.

വന്നുപോകുന്ന മുഷിഞ്ഞ മുഖങ്ങൾക്കിടയിൽ, പ്രത്യാശ നശിച്ച വിങ്ങലുകൾക്കിടയിൽ, തണുപ്പു കെട്ടിക്കിടന്ന വരാന്തമൂലകളിൽ, കൂട്ടിരിപ്പുക്കാർക്കിടയിൽ ഒക്കെ കണ്ണുകൾ പരതിനടന്നു.

തീക്ഷ്ണയൗവനത്തിന്റെ സമസ്യകൾക്കിടയിൽ വഴിതെറ്റി സഞ്ചരിച്ച ചിന്തകൾ.വാടക കുറഞ്ഞ ഒറ്റമുറിയുടെ വരാന്തയറ്റത്തിന് തൊട്ടുതാഴെ മറ്റൊരു നീളൻ കെട്ടിടത്തിന്റെ കുളിമുറി. അടുത്ത സ്ട്രീറ്റിലെ സ്കൂളിൽ ജോലി ചെയ്യുന്ന കുറെ മലയാളി പെൺകുട്ടികൾക്കിടയിലെ നീളൻ മുടിക്കാരിയുടെ നഗ്നശരീരം .അവളുടെ നിമ്നോന്നതങ്ങളിൽ കണ്ണുടക്കി നിന്നുപോയ ആ രാത്രി ജീവിതത്തിലിന്നോളം കടന്നുപോയ രാത്രികളിൽ ഏറ്റവും തെളിമയുള്ളതായിരുന്നു. പാതിരാമുല്ലക്കാട് ഒരുമിച്ചു പൂത്ത പോലെ.. നിലാവിന് എന്നത്തേക്കാൾ കുളിർമ്മ. മുകളിലെ നിഴൽ കണ്ട് വസ്ത്രങ്ങൾ വാരിച്ചുറ്റി ഓടിപ്പോയ അവളുടെ രൂപം ഇന്നത്തെപ്പോൽ കൺമുന്നിലുണ്ട്.

പിറ്റേന്ന് തീക്കാറ്റൂതുന്ന സ്ട്രീറ്റിലൂടെ നടന്നപ്പോൾ ചൂടു തോന്നിയില്ല. രാവിലെയും വൈകിട്ടും അവൾ വരുന്ന നേരം നോക്കി വച്ചു. എതിരെ വരുമ്പോൾ ആ കണ്ണുകളിൽ തെളിയുന്ന പേടി കണ്ട് ചിരിക്കാനാണ് തോന്നിയത്. ഇഷ്ടപ്പെട്ട പാവക്കുട്ടിയെ കിട്ടിയ കുഞ്ഞിന്റേതു പോലൊരു സന്തോഷം.വിശാലമായ മുറിയുടെ വലിയ ജനലരികിലിരുന്ന് അവൾ വായിക്കുമ്പോൾ ഒരു കാരണവുമില്ലാതെ പടികൾ കയറുകയും ഇറങ്ങുകയും ചെയ്തു.

സ്നേഹത്തിന് ഭാഷ എന്താണ്?കണ്ണുകൾ സംസാരിക്കുന്നത് ഏതു ഭാഷയാണ് ?

ആ വർഷാവസാനം നാട്ടിലേക്ക് പോയതിനു ശേഷം അവൾ തിരികെ വന്നില്ല.

പല നാളുകൾ ആ സ്കൂളിന്റെ പരിസരങ്ങളിൽ തിരഞ്ഞുനടന്നു. പുതിയ മുഖങ്ങൾക്കിടയിൽ അവളെ കണ്ടില്ല.

പേരറിയില്ല... മിണ്ടിയിട്ടില്ല.

അങ്ങോട്ടു കയറിച്ചെന്ന് അവളുടെ വിവരങ്ങൾ ചോദിച്ചാലോ എന്ന് പലവട്ടം ആലോചിച്ചു.

വേണ്ട. അവളെക്കുറിച്ച് ആരും മോശം ചിന്തിച്ചുകൂടാ.

പിന്നീട് രാജമല്ലി ജീവിതത്തിലേക്ക് വ

രുംവരെ അതോർത്ത് വേദനിച്ചിരുന്നു.

എത്രയെത്ര ഡയറികളുടെ പേജുകൾ അവളുടെ ചിത്രം കൊണ്ട് മാത്രം നിറഞ്ഞിരുന്നു !. ഒഴിവു സമയങ്ങളിൽ വായിക്കുകയോ അവളുടെ ചിത്രം വരയ്ക്കുകയോ ആണ് ചെയ്തിരുന്നത്. ഓരോ ചിത്രത്തിനും ഓരോ പേരുകളിട്ടു നോക്കി. ഇതിലേതെങ്കിലും ഒന്ന് അവളുടെ പേരായിരിക്കും എന്ന് വിശ്വസിച്ചു.

തുറന്നു പറയാനാവാത്ത സ്നേഹം എത്രയാഴത്തിലാണ് ഹൃദയത്തെ മുറിപ്പെടുത്തുന്നത് !

കാലം എല്ലാ മുറിവുകളെയും മായ്ക്കുമോ ?. ചിലതെല്ലാം ഉള്ളുണങ്ങാതെ അവശേഷിക്കും.

നീയെന്താണ് ആലോചിക്കുന്നത് ? മധുപാൽ സാർ തോളിൽ തട്ടി.

'ചായ തണുക്കുന്നു കുടിക്ക് '

ഒന്നു പുറത്തിറങ്ങാമെന്ന് പറഞ്ഞ് മധുപാൽ സാർ കൂട്ടി വന്നത് കാന്റീനിലേക്കാണ്.

രാജമല്ലിയുടെ അടുത്ത് കൂടുതൽ സമയം ചിലവഴിക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത് .

അവളുടെ മുഖത്ത് ചെറിയ പ്രസരിപ്പൊക്കെ കാണാനുണ്ട്.

കാൻസർ വാർഡിന്റെ ഇടനാഴികളിൽ നിമിഷങ്ങൾ ഭയപ്പെടുത്തുന്നതാണ്. മറ്റെവിടെയും കണ്ടിട്ടില്ലാത്ത തരം മരവിപ്പ്. പൊടുന്നനെ പൊട്ടിമുളയ്ക്കുന്ന നിലവിളി. മറ്റു ചിലപ്പോൾ ശ്മശാന മൂകത. ജീവിതസമരങ്ങളെല്ലാം പാഴാണെന്ന് എഴുതി വച്ചിട്ടുണ്ട് ഓരോ മുഖങ്ങളിലും. മനുഷ്യന്റെ അഹംഭാവങ്ങളുടെ തായ് വേരറുക്കുന്ന ഒരിടം.

ജനനത്തിനും മരണത്തിനുമിടയിൽ ഇത്തിരി ദൂരം യാത്ര ചെയ്യാൻ ഇത്രയധികം പോരാട്ടങ്ങളുടെ ആവശ്യമുണ്ടോ?

കുറച്ചു ദിവസങ്ങളായി വല്ലാത്തൊരുൾക്കിടിലംചങ്കിൽ കുടുങ്ങിക്കിടക്കുന്നു.

രാജമല്ലി മയക്കത്തിലാണ്. ആ നീണ്ടു മെലിഞ്ഞ വിരലുകളിൽ തൊട്ട് അടുത്തിരുന്നു.

'മല്ലീ 'ഹൃദയം മന്ത്രിച്ചു.

വിവാഹം കഴിഞ്ഞ നാളുകളിൽ രാജമല്ലിയെ അങ്ങനെയാണ് വിളിച്ചിരുന്നത്. പിന്നീട് ആ പേര് ഏതിടത്താണ് മറന്നുവച്ചതെന്ന് ഓർത്തുനോക്കി...

കാലം നല്ലതിനെയൊക്കെ മറച്ചുവയ്ക്കുന്നു. ശൂന്യമായ കൈകളുമായി നിൽക്കുമ്പോൾ അതൊക്കെ തിരികെ തരും .

ആ വിളി കേട്ടിട്ടെന്ന പോലെ രാജമല്ലി മെല്ലെ കണ്ണു തുറന്നു.

ചില നിമിഷങ്ങൾ അങ്ങനെ തന്നെ നോക്കിക്കിടന്നു.

മധുപാലൻ സാർ മുറിയിലേയ്ക്ക് വന്നപ്പോൾ രാജമല്ലി എഴുന്നേറ്റിരുന്നു. അവളുടെ മുഖത്തെ പ്രസാദം കണ്ട് അദ്ദേഹം പുഞ്ചിരിച്ചു.

' കിടന്നോളൂ. ഞാൻ വീട്ടിലൊന്നു പോയിവരാം.'

പുലർച്ചെ ഇടനാഴിയുടെയങ്ങേയറ്റം വരെ നടന്നു. മുകളിലേയ്ക്കും താഴേയ്ക്കും കയറിയിറങ്ങി..മനുഷ്യന് രോഗം ബാധിക്കാത്ത ഒരവയവുമില്ലല്ലോ എന്ന് ഡോക്ടർമാരുടെ പേരിനൊപ്പം അവരുടെ ചികിത്സാവിഭാഗം കണ്ടപ്പോൾ ഓർത്തു. പേരുപോലുമറിയാത്ത എത്രയെത്ര രോഗങ്ങൾ !

അസംഖ്യം രോഗാണുക്കളെയും വഹിച്ചുകൊണ്ട് നടക്കുക എന്നത് എത്ര വിചിത്രമാണ് !

നോക്കി നിൽക്കെ എത്ര വേഗമാണ് മനുഷ്യരുടെ എണ്ണം ആശുപത്രി വരാന്തകളിൽ പെരുകുന്നത് ? ദ്രുതചലനങ്ങൾ, ഞരക്കങ്ങൾ... ആവലാതികൾ...

തിരക്കിനിടയിലൂടെ ഒരു സ്ട്രെച്ചർ കടന്നുപോയി.

ഒരു നിമിഷം ചങ്കിൽ ഒരു മിന്നൽ പാഞ്ഞു.

അത് അവളല്ലേ...

പകച്ചു നിന്ന ആ

നിമിഷം മതിയായിരുന്നു

ഒരു കൗമാരക്കാരി പെൺകുട്ടിക്കൊപ്പം ആ സ്ട്രെച്ചർ തിരിവിലെവിടെയോ അപ്രത്യക്ഷമായി.

പിറകെ ഓടിച്ചെന്നെങ്കിലും എങ്ങോട്ടു തിരിഞ്ഞു എന്ന് കണ്ടെത്താനായില്ല.

തിരികെ രാജമല്ലിയുടെ അടുത്തെത്തുമ്പോൾ കിതയ്ക്കുന്നുണ്ടായിരുന്നു.

' സ്റ്റെപ്പുകൾ ഒരുപാട് കയറിയിറങ്ങി അല്ലേ?

അവൾ ചോദിച്ചു.

വെറുതെ തലയാട്ടി.

പിന്നെയും പുറത്തു പോകാൻ തുടങ്ങുന്നതു കണ്ട് അവൾ പറഞ്ഞു 'ഇത്തിരി നേരം ഇവിടെയിരുന്നു കൂടെ '?

എങ്ങനെയിരിക്കാനാകും?

'എന്തുപറ്റി '

'ഓ ഒന്നുമില്ല.'

മുഖവും കഴുത്തും അമർത്തിത്തുടച്ചുകൊണ്ട് പുഞ്ചിരിക്കാൻ ശ്രമിച്ചു.

മധുപാലൻസാർ എത്തിയപ്പോൾ ഉച്ചതിരിഞ്ഞിരുന്നു.

കാര്യമറിഞ്ഞപ്പോൾ സാർ പറഞ്ഞു.....

' നീ പിടയ്ക്കാതെ . അത് അവളാണെങ്കിൽ ഇവിടെത്തന്നെ ഉണ്ടാകുമല്ലോ '

കണ്ടാൽ എന്ത് പറയണമെന്നും ഏത് പേര് വിളിക്കണമെന്നും ഓർത്തുനോക്കി.

ആളുകൾ കൂടി നിൽക്കുന്നിടത്തെല്ലാം സൂക്ഷ്മ നിരീക്ഷണം നടത്തി. സംസാരിക്കുന്നത് ശ്രദ്ധിച്ചു.

മൂന്നാം നാൾ വൈകുന്നേരം ലിഫ്റ്റിനരികെ മുഷിഞ്ഞ മനസോടെ നിൽക്കുമ്പോൾ ഒരു പെൺകുട്ടിയുടെ കൈപിടിച്ച് മെല്ലെ നടന്നുപോകുന്നസ്ത്രീ രൂപം.....

അറിയാതെ കാലുകൾ ചലിച്ചു...... നാവും.

' പ്രിയാ.....

അവർ തിരിഞ്ഞുനിന്നു.

ഡയറിത്താളിലെ പെൺകുട്ടി.....!

മുഖത്തും ശരീരത്തും കാലവും രോഗവും എത്ര മാറ്റങ്ങൾ വരുത്തിയാലും തിരിച്ചറിയാം.

'എന്നെ മനസ്സിലായോ '?

പ്രിയ എന്നാണോ.... പേര്?

ജീവിതത്തിലെ ആദ്യത്തെ പെൺകുട്ടിയുടെ പേര് വർഷങ്ങൾക്കു ശേഷം ചോദിച്ചറിയേണ്ടി വന്ന ജാള്യതയിൽ തീരെ ചെറുതായിപ്പോകുന്നു.

നാവിൻ തുമ്പിൽ ഇത്ര നാൾ അറിയാതിരുന്ന പേര് എങ്ങനെവന്നു...!

ശബ്ദത്തിന് ഒരു വിറയൽ അനുഭവപ്പെട്ടു.

അവൾ വാടിയ പൂ പോലൊന്ന് മന്ദഹസിച്ചു.

' ഇവിടെ....? '

വർഷങ്ങൾ പിറകിലേയ്ക്ക് ഓടിപ്പോകുന്നു.ആ കാഴ്ചകൾ കാണാൻ കണ്ണട വേണ്ട.

അവൾ തലയിൽ നിന്ന് ഷാൾ വലിച്ച് കഴുത്തിലേയ്ക്കിട്ടു . നീണ്ട മുടിയിഴകൾക്ക് പകരം പുതുതായി കിളിർത്തുവരുമ്പോലെ..

പിന്നെ...അവൾ

കഴുത്തിൽ നിന്ന് ഷാൾ മെല്ലെ മാറ്റി.

ഹൃദയത്തിലൂടൊരു വിറയൽ പാഞ്ഞു.

അവളുടെ വസ്ത്രം ശരീരത്തോട് എത്രയും ഒട്ടിക്കിടക്കുന്നു.

ഒരിക്കൽ ഉണർവിലും ഉറക്കത്തിലും ത്രസിപ്പിച്ചിരുന്ന ആ പെണ്ണടയാളം......

അതവിടെയില്ല..!

മുറിച്ചു മാറ്റപ്പെട്ട അവയവങ്ങൾക്ക് പറയാനുള്ള കഥകൾ ആരെങ്കിലും കേട്ടിട്ടുണ്ടോ... ഡോക്ടർ....നഴ്സ്... പ്രണയിച്ചിരുന്നവരല്ലാതെ ആരെങ്കിലും .......?

മറച്ചുവയ്ക്കാൻ എപ്പോഴും ജാഗ്രതപ്പെട്ടിരുന്നത്

നഷ്ടപ്പെടുമ്പോൾ ഭയം ഇല്ലാതെയാകുന്നു. ഇന്ന് അവളുടെ കണ്ണുകളിൽ പേടിയുണ്ടായിരുന്നില്ല !

ഇത്രയടുത്തു കണ്ടിട്ടും ഓടിപ്പോകുന്നില്ല !

ഓംഗോളിലെ പഴയ ആ തെരുവിലെ ഉഷ്ണക്കാറ്റ് ഇപ്പോൾ ഹൃദയത്തിൽ വീശിയടിക്കുന്നു. മുകളിലെ ഒറ്റമുറിയിൽ നിന്ന് താഴേക്കുള്ള പടികൾ ചുട്ടുപൊള്ളുന്നു. പേരറിയാത്തൊരു പെണ്ണ് ജനലരികിലിരുന്ന് വായിക്കുന്നു.ആ നീണ്ട മുടിയിഴകൾ പൊഴിഞ്ഞ് തന്റെ കൺമുന്നിലൂടെ ചൂടുകാറ്റിൽ പറന്ന് ഉണങ്ങിയ മരച്ചില്ലകളിൽ ചുറ്റിപ്പിടിക്കുന്നു. ഹൊ.....

തിരിവിൽ മറയും മുൻപ് അവൾ രണ്ടുവട്ടം തിരിഞ്ഞുനോക്കി.

കാണേണ്ടിയിരുന്നില്ല.

രാജമല്ലിയുടെ മാറിൽ മുഖം ചേർത്ത് വിങ്ങുമ്പോൾ അവളുടെ വിരലുകൾ മുടിയിഴകളിൽ പരതി നടന്നു.

' കണ്ടു അല്ലേ.?അവളുടെ പേര് പ്രിയ എന്നാണല്ലേ '?

അതിശയത്തോടെ രാജമല്ലിയെ നോക്കി.

'നമ്മൾ ജീവിതം തുടങ്ങിയ കാലത്ത് പല രാത്രികളിലും ഉറക്കത്തിൽ പ്രിയ എന്ന പേര് നിങ്ങൾ ഉരുവിടുന്നത് ഞാൻ കേട്ടിട്ടുണ്ട്.'

' മല്ലീ....'

കനം കുറഞ്ഞ്... കുറഞ്ഞ് ഒരു തൂവൽ കണക്കെ രാജമല്ലിയുടെ മാറിൽ ശ്രീനി പൂണ്ടുകിടന്നു. ●

# സ്വർണമത്സ്യങ്ങൾ



ബി.ജോസുകുട്ടി

**ക**രയിലും കടലിലും പെരുമഴക്കാലമായിരുന്നു. മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നുള്ള മുന്നറിയിപ്പുകൾ തുടർച്ചയായി കാലാവസ്ഥ കേന്ദ്രത്തിൽ നിന്നും വന്നുകൊണ്ടിരുന്നു. അരപ്പട്ടിണിയിൽ നിന്നും മുഴുപ്പട്ടിണിയിലേക്ക് മാറിയ രാത്രിയുറക്കത്തിൽ, സമൃദ്ധമായ അത്താഴം കഴിക്കുന്ന ഒരു സ്വപ്നം കണ്ടുണർന്ന പുലരിയിലാണ്, തോബിയാസ് വള്ളമിറക്കാൻ തീരുമാനിച്ചത്. സ്വപ്നത്തിൽ ഒരു വള്ളം നിറയെ സ്വർണമത്സ്യങ്ങളുമായി കരയെ ലക്ഷ്യമാക്കി തുഴഞ്ഞു വരുന്നതും സ്വപ്നശകലത്തിലുണ്ടായിരുന്നു. പുലർച്ചേ മഴയ്ക്ക് ശമനമുണ്ടായെങ്കിലും മറ്റുള്ളവർ വള്ളമിറക്കിയില്ല. പലരുടെയും വീടുകളിൽ ചെന്ന് കൂട്ടിനായി വിളിച്ചെങ്കിലും പ്രക്ഷുബ്ധമായ കടലിനെ ഭയന്ന് ആരും കൂടെ വരാൻ തുനിഞ്ഞില്ല. വിശപ്പിന്റെയും ദുരിതത്തിന്റെയും സുനാമി ഭാര്യയെയും രണ്ടു പിഞ്ചുകുട്ടികളെയും കീഴടക്കുമെന്ന ഘട്ടത്തിലാണ് ഒറ്റയ്ക്കാണെങ്കിൽ പോലും വള്ളമിറക്കാൻ തോബിയാസ് തീരുമാനിച്ചത്. ചെറുവള്ളത്തിൽ കടലിൽ ഒറ്റയ്ക്ക് മീൻ വേട്ടയ്ക്ക് പോകുന്നത് ആദ്യമായിരുന്നു.

ഭാര്യ സമ്മതിച്ചില്ലെങ്കിലും തോബിയാസ് നേരം പുലരുന്നതിനു മുമ്പേ ചെറുവള്ളമിറക്കി. മഴ ശമിച്ചിരുന്നു. കിഴക്കേ ആകാശം ശൈശവ സൂര്യന്റെ ഈറ്റില്ലമാകാൻ തയ്യാറെടുക്കുകയായിരുന്നു. തോബിയാസ് വള്ളത്തിന്റെ അമരത്തിരുന്ന് ആഞ്ഞു തുഴഞ്ഞു. കടലോളങ്ങളെ കീറിമുറിച്ച് തോബിയാസിന്റെ വള്ളം നീങ്ങി. കടൽപ്പക്ഷികൾ അയാൾക്കു സമാന്തരമായി കടലാകാശത്ത് പറന്നുകൊണ്ടിരുന്നു. സമയദൂരങ്ങൾ താണ്ടി കരകാണാ സ്ഥലത്തെത്തി വീശുവലയെറിഞ്ഞ് അയാൾ കാത്തിരുന്നു. തണുത്ത കടൽക്കാറ്റിൽ ശരീരം വിറങ്ങലിച്ചു. ഭാര്യ കൊടുത്തയച്ച കട്ടൻ ചായ ഫ്ലാസ്കിൽ നിന്നെടുത്തു കുടിച്ച് ഉന്മേഷം വീണ്ടെടുത്തു. ഒരു വിളിപ്പാടകലെ കടൽ മത്സ്യങ്ങൾ ഉത്സാഹത്തോടെ ഉയർന്നു പൊങ്ങി കളിക്കുന്നുണ്ടായിരുന്നു. സാമാന്യം വലിപ്പമുള്ള മത്സ്യങ്ങൾ. പുലർകാലത്ത് ഇങ്ങനെ ചില മീനുകൾ ഉയർന്നു പൊങ്ങാറുണ്ട്. അത് നല്ല ലക്ഷണവുമാണ്, മത്സ്യസമൃദ്ധിയുടെ അടയാളം. അതിനടുത്ത് വലയിട്ടാൽ മത്സ്യക്കൂട്ടം



വലയിൽ കുടുങ്ങും. തോബിയാസ് കാത്തി
രുന്നു.

കടലിപ്പോൾ ശാന്തമാണ്. ഉദയ സൂര്യ
കിരണങ്ങൾ കടലിനെ കനകാഭരണങ്ങൾ
അണിയിച്ചു കൊണ്ടിരുന്നു. സ്വർണമത്സ്യ
ങ്ങൾ ആഴിയഗാധതകളിലെ പവിഴപ്പുറ്റുക
ളിൽ നിന്ന് സമുദ്രനിരപ്പിലേക്കു വരുന്നത്
ഈറൻ പ്രഭാതത്തിലാണെന്നും നിലാവ് പൂ
ക്കുന്ന രാത്രിയിലാണെന്നു മുള്ള കടലറി
വ് തോബിയാസിനുണ്ടായിരുന്നു. ഒരു സ്വർ
ണമത്സ്യത്തെ കിട്ടിയിരുന്നെങ്കിൽ ! സ്വർണ
മത്സ്യം കിട്ടുന്നത് അതിഭാഗ്യവാന്മാർക്കാണ
ത്രേ, സ്വർണമത്സ്യം കിട്ടിയാൽ ജീവൻ ന
ഷ്ടപ്പെടുത്താതെ അതിനെ ശുദ്ധജലത്തിലി
ട്ടു വളർത്തണം, ക്രമേണ ആ ജലം സ്വർ
ണലായനി ആയി മാറും. അത് തിളപ്പിച്ചെ
ടുത്ത് അരിച്ചെടുത്താൽ സ്വർണമുത്തുകൾ
കിട്ടുമത്രേ. എല്ലാം പറഞ്ഞുകേട്ട അറിവ്.

അപ്പന്റെ കൂട്ടുകാരനായ വേലു അരയ
ന് ഒരിക്കൽ ഒരു സ്വർണമത്സ്യം കിട്ടിയത്രേ,
അന്നുമുതലാണ് അയാൾ വേലു മുതലാളി
യായത്. പത്തറുപത് ബോട്ടുകളും അതിലു
മിരട്ടി എഞ്ചിൻ വള്ളങ്ങളും നൂറിലേറെ പ
ണിക്കാരുമൊക്കെയായി അയാൾ വലിയ പ
ത്രാസിലായി. പത്തിരുപത്തിയഞ്ചു കൊല്ലം
ഒരു മെയ്യായി നടന്ന അപ്പനും വേലു മുത
ലാളിയും അതോടെ തെറ്റി. ദിവസവും മൂ
ക്കറ്റം കുടിച്ച് വേലു മുതലാളിയുടെ വീടി
നു മുമ്പിൽ ചെന്ന് അപ്പൻ വലിയ വായിൽ
ചീത്ത വിളിക്കും, ഒരു രാത്രി അപ്പന്റെ ശവ
ശരീരം കടൽ തീരത്ത് അടിഞ്ഞു. ആരും
ചോദിക്കാനും പറയാനുമില്ലായിരുന്നു.

വേലു മുതലാളിയുടെ ബോട്ടിലോ വ
ള്ളത്തിലോ ഒരു പണിക്കാരനായിട്ടു പോ
ലും തോബിയാസിനെ പരിഗണിച്ചില്ല. പി
ന്നീടറിഞ്ഞു. സ്വർണമത്സ്യം കുടുങ്ങിയത്
അപ്പന്റെ ചൂണ്ടയിലായിരുന്നുവത്രേ, ഒരു നി
ലാ രാത്രിയിൽ പുറംകടലിൽ വള്ളത്തിൽ
രണ്ടു പേരും ചൂണ്ടയിടാൻ പോയെന്നും, അ
പ്പനെ വാറ്റ് ചാരായം കുടിപ്പിച്ച് സ്വർണമ
ത്സ്യം വേലു മുതലാളി കൈവശപ്പെടുത്തി
യതാണെന്നും ആരൊക്കെയോ പറഞ്ഞറി
ഞ്ഞു. അതെല്ലാം പഴങ്കഥ. തോബിയാസ് ചി
ന്തയിൽ നിന്നുണർന്നു. വലയിൽ മീനൊ
ന്നും കുടുങ്ങിയിട്ടില്ല. പൊടുന്നനവ അന്ത
രീക്ഷത്തിന്റെ ഭാവം മാറി. ആകാശം കറു
ത്തു. കാറ്റ് വീശിയടിക്കാൻ തുടങ്ങി. അക
ലങ്ങളിൽ നിന്ന് ആർത്തലച്ച് മഴ വരുന്നു
ണ്ടായിരുന്നു. തോബിയാസ് ഒന്നു പകച്ചു.



ഇപ്പോഴും ശൂന്യമായി കിടക്കുന്ന വല വലി
ച്ചെടുത്ത് ദുരിതത്തിന്റെ കരയിലേക്ക് മടങ്ങി
യാലോ, അതോ മഴയുടെ ആക്രമണത്തെ
പ്രതിരോധിച്ച് വല നിറയുന്നതു വരെ കാ
ത്തിരിക്കണോ തോബിയാസ് ആലോചിച്ചു.
ദൂരെ നിന്നു വരുന്ന പെരുമഴ പക്ഷേ, അ
യാളുടെ അടുത്തെത്തുന്നതിനു മുമ്പേ നി
ലച്ചു. പകരം സൂര്യന്റെ അസ്തമയവെളിച്ചം
പ്രശാന്തമായി അവിടെ പരന്നു. സായന്തനം
ഒരു സാന്ത്വനം പോലെ ആകാശക്കോണിൽ
ഗുൽമോഹർപ്പൂക്കളുടെ വസന്തം വിടർത്തി.
കടൽപ്പക്ഷികൾ ചേക്കേറാൻ ചില്ലകൾ തേ
ടി പറന്നകന്നു. മെല്ലെ മെല്ലെ ഇരുട്ടിന്റെ പെ
രുവല കടലിനു മീതെ വീണു. അടുത്ത നി
മിഷം ആകാശത്ത് നിലാവിന്റെ നാലാം യാ
മത്തിൽ കടൽ പ്രഭാപൂരിതമായി. പ്രതീക്ഷ
കളുടെ പവിഴപ്പുറ്റ് കൊട്ടാരത്തിൽ നിന്നും,
ആത്മവിശ്വാസത്തിന്റെ സ്വർണമത്സ്യങ്ങൾ
തോബിയാസിന്റെ വലയിൽ പെരുകി വരു
ന്നുണ്ടായിരുന്നു. ●

# ഒറ്റമരം കത്തുമ്പോൾ



സിന്ധു ഗാഥ

ഒറ്റയ്ക്കായതിന്റെ ഇരുട്ടിൽ
മൂകമായി പൊരുതിയ വൃക്ഷം,

എന്നും നിലനിൽക്കുമെന്നുറപ്പിച്ച്
വേരുകളിൽ സ്വപ്നങ്ങൾ നിക്ഷേപിച്ചുവോ?

തീയുടെ കനലുകൾ
ചെറുത്തുനിൽപിന്റെ മറുപടി.

ഇലപ്പച്ച
അഗ്നിയുടെ ചുവപ്പിൽ
ഓരോ ശ്വാസത്തിന്റെയും
അവസാന കുറിപ്പായി.

കാറ്റിന്റെ ചുണ്ടുകളിൽ നീ
വലിയൊരു കരച്ചിലാകുന്നു

മണ്ണിന്റെ നെറുകയിലാണ്
നിന്റെ വേദന

പക്ഷികൾക്കു ശാന്തി നൽകിയ
തലയെടുപ്പുകൾ,
മഴപ്പാത്രങ്ങൾ നിറച്ച ചില്ലകൾ,

ഇന്നുമില്ല
എന്നുമില്ല ഇനി,
നിന്റെ കുളിരും കരുണയും!

ഒറ്റമരം കത്തുമ്പോൾ
അതിന്റെ നിശ്ശബ്ദ വിളി കേൾക്കാൻ?

അഗ്നിയുടെ തിരകളിൽ
നിന്റെ ജീവന്റെ കുറിപ്പുകൾ
അടയാളമില്ലാതെ തീരുന്നു.

ആകാശം നിറയെ ചാരം,
വേരുകളിൽ മാത്രം വീണ്ടുമൊരു
ചൂഴനക്കെട്ടുപോലും
ഉണ്ടോ കരുണയുടെ മണ്ണിൽ നിന്ന്?

നിന്റെ നീറുന്ന അവശിഷ്ടങ്ങൾ
മാറും പച്ചയുടെ സ്വപ്നമായി?

ഒറ്റമരം കത്തുമ്പോൾ,
ഒരു ലോകം മുഴുവൻ
ചുവന്ന കണ്ണുകളോടെ നോക്കുന്നു,
ആ തീ !



# വൈവർണ്യം



കയ്യുമ്മു കോട്ടപ്പടി

ഞാനെന്റെ ജീവിതം
ഒരു പാട്ടുമരത്തിൽ
പൂട്ടിയിട്ടു.

കവിതകളാൽ നിറഞ്ഞ
ആ മരത്തിൽ ഒരുപാട്
പാട്ടുകളെല്ലാം
നിറഞ്ഞു തുളുമ്പി.

മഞ്ഞുപൊഴിയുന്നുണ്ടെങ്കിലും,
വഴിയരികിലെ പൈൻ
മരങ്ങൾ
കൂമ്പിയടഞ്ഞിരുന്നു.......

ഞാനാ കവിതകളെ
തണുപ്പടിക്കാത്ത വിധം
കമ്പിളിക്കുപ്പായമിട്ടു
പുതപ്പിച്ചു കിടത്തി.

നേർത്ത ചുംബനങ്ങളാൽ
ഞാനതിനരികിൽ
ചൂടുകൊടുത്തു.
പുറത്തിറങ്ങി കൊണ്ട്
ആകാശത്തേയ്ക്ക് നോക്കി,
സൂര്യരശ്മികൾ വന്നെന്നെ
തഴുകിക്കടന്നുപോയി.....
ചെറു ചൂടുകൊണ്ട്
ഞാനാ പാട്ടുമരത്തിലേക്ക്
നോക്കി നിന്നു.

എന്റെ കവിതകളപ്പോൾ
പൊഴിഞ്ഞു വീഴുന്നുണ്ടായിരുന്നു.
ശീതക്കാറ്റിൽ
വഴിയരികിലേക്കരിച്ചിറങ്ങിയ
എന്റെ കവിതകൾക്കൊപ്പം
ഞാനും പനിച്ചു കിടന്നു.





# മയിലാട്ടം

ഉച്ചതിരിഞ്ഞൊരു ദിവസം
മുറ്റത്തെ പറമ്പിൽ
ഒരു മയിൽ പറന്നിറങ്ങി!
വർണ്ണച്ചിറകുകൾ പീലിക്കണ്ണുകൾ
പുസ്തകത്തിൽ കണ്ടതിലും സുന്ദരൻ!

കൊത്തിപ്പെറുക്കിയും
മാന്തിച്ചികഞ്ഞും
അവനങ്ങനെ അലസ ഗമനം നടത്തി

ഉമ്മറത്തെ ചാരുകസേര
ഒന്നിളകിയൊച്ച വെച്ചു
നാട് മുടിയും ചൂട് കൂടും
കുടിവെള്ളം കിട്ടാക്കനിയാകും!

പീലിയേഴും വീശി അവൻ
മഴവില്ലഴകിൽ പൂത്തു നിന്നു

ഒരു പേടിയുമില്ല
നാട്ടുപക്ഷിയല്ലെന്നാര് പറഞ്ഞു !
എവിടെ നിന്നിവൻ വന്നു?
കാടങ്ങ് വടക്കാണ്
കാടരും വേടരും ഇന്നാട്ടിലില്ല
എന്റെ പുസ്തകത്താളിലെ
പീലിയെങ്ങാൻ പെറ്റതാകുമോ?

കൊഞ്ചിച്ചും ലാളിച്ചും ഞങ്ങളും
അടുക്കാത്തൊരകലം കാത്ത,വനും
പെറ്റുപെരുകുന്നൊരു
മയിൽപ്പീലിക്കാലം സ്വപ്നം കണ്ടു.

പിന്നീട്
അവർ കുടുംബമായും
കൂട്ടമായുമെത്തി
പറമ്പാകെ കിളച്ചു മറിച്ചു !

ഉമ്മറത്തിപ്പോൾ ചാരുകസേരയില്ല
അവരിപ്പോൾ
തെക്കേപ്പറമ്പിലെ
മൺകൂന ചിക്കിച്ചികയുകയാണ്!



യൂസഫ് നടുവണ്ണൂർ

കവിത

# വിധിയുടെ പകർന്നാട്ടങ്ങൾ





**അശോകൻ സി.ജി**

കേഴുകയെൻ പ്രിയനാടേ അത്രമേൽ നോവുന്ന
വാർത്തകൾക്ക് മുന്നിൽ കേഴുക നാടേ...
ആരോമലായി ഉയിരിനേക്കാളുപരി അമ്മ സ്നേഹിച്ചും
കൊഞ്ചിച്ചും തന്നോടൊപ്പം പോറ്റി വളർത്തിയ മകൻ..,
പഠനത്തിലും കലാകായികമേളകളിലും
സാഹിത്യ രചനയിലും
ചെറുപ്പത്തിലേ ഖ്യാതി
നേടിയവൻ...
വീടിനും നാടിനും പഠിക്കുന്ന വിദ്യാലയത്തിനും അഭിമാനമായി...
പ്രവാസിയായ പിതാവിന്റെ സ്വകാര്യമഹങ്കാരമായി മാറിയ മിടുക്കൻ..
ഒരുനാൾ ഒരു ദിനം മയക്കുമരുന്നിൻ ലോബിയുടെ ഇരയായി
അവരുടെ വിതരണ ദൗത്യമേറ്റെടുത്തു പോകവേ
നിയമപാലകർക്ക് മുന്നിലകപ്പെടുന്നു..
കോടതി മുറിക്കുള്ളിൽ ന്യായാധിപനു മുന്നിൽ തലതാഴ്ത്തി
മയക്കുമരുന്ന് കേസിൽ പ്രതിചേർക്കപ്പെട്ടവൻ നിന്നു.
'കൂടുതൽ എന്തെങ്കിലും പറയാനുണ്ടോ..? '
ന്യായാധിപൻ ചോദിച്ചു..
തലകുനിച്ച് മൗനം മാത്രം ഉത്തരം..
ന്യായാധിപൻ വിധിയെഴുതി..
മയക്കുമരുന്ന് കേസിൽ പ്രതിക്ക് ജാമ്യമില്ല..
തീക്കടൽ നെഞ്ചിലേറ്റിയൊരമ്മ കോടതി
വരാന്തയിൽ കാത്തിരിപ്പുണ്ടായിരുന്നു..
വിലങ്ങണിഞ്ഞ് കാക്കി വേഷധാരികളുടെ നടുവിൽ കൂടി
പോകുന്ന മകന്റെ നേരെ നോക്കാതെയാ അമ്മ തിരിച്ചുപോന്നു.
വിധിയുടെ പകർന്നാട്ടം
മകന്റെ തിരിച്ചുവരവിന് കാത്തിരിക്കാതെയാ അമ്മ
ജീവിതത്തിൽ നിന്നും മടങ്ങി...
വിദേശത്തുള്ള പിതാവിന്റെ വരവിനു മുന്നേ
തന്റെ വിധി സ്വയം നിർണയിച്ചവർ
ഏകാന്തതയുടെ താഴ്വാരങ്ങളിലേക്ക് മടങ്ങിപ്പോയി..
അമ്മേ പൊറുക്കുക..
അത്രമേൽ സ്നേഹിച്ചു വളർത്തിയ നമ്മുടെ പുന്നാര
കൺമണികളിന്ന് ലഹരിവിതച്ച അശാന്തിയുടെ പാതയിലാണ്.
നേരോർമയുടെ ലിഖിതങ്ങൾ
അവരുടെ മനസ്സിൽ നിന്ന് എന്നോ കൊഴിഞ്ഞു പോയിരിക്കുന്നു.
വീണ്ടെടുക്കണം അവരെ.. നേർപ്പാതയിലേക്ക്
ദിശ തിരിച്ചു വിടണം. അതായിരിക്കണം
ഇനി നമ്മുടെ ലക്ഷ്യം...

# നിഴൽപ്പൂവ്



ഹാജറ കെ. എം

കവിത



എനിക്കു
നിന്നെ കാണണമെന്നുണ്ട്
വർത്തമാനത്തിൽ
പ്പൊതിഞ്ഞ
ഒരു പകൽച്ചൂടിൽ
നിന്നോടൊത്ത്
കുറേ ദൂരം
പോവണമെന്നുണ്ട്
കുളിർക്കാറ്റു
ചിറകടിച്ചെത്തുന്ന
ഒരു സായന്തനത്തിൽ
കടലരികിൽ
നിന്നോടൊപ്പം
ഇത്തിരി നേരം
ഇരിക്കണമെന്നുണ്ട്,,
എപ്പോഴൊക്കെയോ
നിന്നോട് പറയാൻ
ഹൃദയത്താളിൽ
കുറിച്ചു വച്ചതൊക്കെയും
നിന്നെ
വായിച്ചു കേൾപ്പിക്കണ
മെന്നുണ്ട്,,,
എവിടെയോ
നീ കളഞ്ഞു പോയ
എന്റെ ഓർമച്ചിത്രം
തിരികെ നൽകി
നിന്റെയുള്ളിൽ
ഇപ്പോഴും ഞാനുണ്ടെന്ന്
നിന്നെ അറിയിക്കണമെന്നുണ്ട്,
വാടാൻ മറന്നൊരു
നിഴൽപ്പൂവ് പോലെ
ഒരിക്കലെങ്കിലും
നിനക്കു വേണ്ടി
വിരിഞ്ഞു നിൽക്കണമെന്നുണ്ട്,
പിന്നെപ്പിന്നെ
നീ നോക്കിനിൽക്കെ
ഇനി നമ്മൾ
കാണാത്തിടത്തേയ്ക്ക്
എനിക്കു മടങ്ങണമെന്നുമുണ്ട്

# കെട്ടുപ്രായം കഴിഞ്ഞാൽ

**കവിത**



**അജിത രാജൻ**

നിങ്ങൾക്കറിയാമോ?

കെട്ടു പ്രായം കഴിഞ്ഞവന്റെ
ഹൃദയഞരമ്പുകൾ കല്ലിച്ചാണുള്ളത്
ചിന്തകളും നിരാശകളും തമ്മിൽ
ഏറ്റുമുട്ടിക്കൊണ്ടേയിരുന്നതിനാലാകണം..!

കത്തിപെയ്യുന്ന മഴയത്തും കുളിരാതെ,
തന്നെ ഇഷ്ടപ്പെടുന്നൊരു പെണ്ണില്ലെന്ന തോന്നലിൽ
 അപമാനിതനാകുമ്പോൾ
പകർന്നു കിട്ടുന്നത് കനലുകളാണ്.

വെയിൽചാഞ്ഞ യിടവഴികളിലും
കൂട്ടായ്മകളിലോരോന്നിലും
അവൻ തിരയുന്നത്
രാഗം വിതറുന്ന ചെമ്പകമിഴിയാളെയാണ്.
എന്നാണ് എന്റെ പെണ്ണിനൊരുമ്മ കൊടുക്കാനാവുക
എന്നവൻ സദാ വേവലാതിയിലാണ്.
രാത്രിയിലെ നിശ്ശബ്ദയാമങ്ങളിൽ
വാടിവീഴും കാമത്തിൻ
 മോഹപുഷ്പങ്ങൾക്കു
സാക്ഷി പ്രതീകാത്മക
 തലയിണകൾ മാത്രം.!

എല്ലാം പങ്കുവയ്ക്കാൻ ഉണർവ്വാകാൻ,
നിന്നെമതി എനിക്കെന്നു പറഞ്ഞ്
അവളെത്തുന്നതെന്നാണ് ?
ഞങ്ങളുടെ കുഞ്ഞുമൊത്ത് ഒരു സായന്തനയാത്ര...

ഇരുൾ പടർന്ന് മരവിച്ചമനസ്സ്
നിരാശയുടെ കൊക്കാഴങ്ങൾ തേടുന്നു.
ആമയെപ്പോലെ ഇഴയുന്ന ദിനരാത്രങ്ങൾ...
മനം മണ്ണിൽവീണ കാന്തം പോലെ തുരുമ്പിനെ മാത്രം
 തപ്പിയെടുക്കുന്നു...



# വാക്കൊഴിയാതെ





**രാജൻ സി എച്ച്**

**കവിത**

വാക്കൊഴിഞ്ഞ സഞ്ചിപോലെ-
യായൊരാളെക്കണ്ടു ഞാൻ.
കാറ്റടിച്ചാൽ വീണു പോകും
കനമത്രയൊഴിഞ്ഞൊരാൾ.

പാറിടുന്നുണ്ടയാളെങ്ങോ
നേരറിയാ വഴികളിൽ
കാനകളിൽ വീണു ദുഷി-
പ്പേറിടുന്നുണ്ടുടലിലായ്.

മുള്ളിലുണ്ടാം കുരുങ്ങുന്നു
കല്ലിലുണ്ടാമുരയുന്നു.
കണ്ണിനത്ര കാഴ്ച്ചയില്ലാ-
തുൾത്തെളിച്ചം മറഞ്ഞതായ്.

കാക്ക കൊത്തിയെടുക്കുന്നു
തലയിലായ് വെയിലിലായ്
കാലമൊട്ടുമിണങ്ങാത്ത
കാവ്യമെന്നായ് മറന്നൊരാൾ.


ആളുകൾ കണ്ടയാളേയും
വൃദ്ധവീട്ടിലാക്കിടുമ്പോൾ
മറന്നൊരാ വാക്കതെല്ലാം
അയാൾക്കൊപ്പം നടക്കുന്നു.

മരച്ചോട്ടിൽ ചാരുബഞ്ചിൽ
അയാൾക്കൊപ്പമിരുന്നല്ലോ
വാക്കെറിഞ്ഞു കളിക്കുന്നു
ജീവിതത്തിൻ താളോരോന്നും

കവിത



ബീന ബിനിൽ



# നരച്ചതാടി

വാർദ്ധക്യത്തിന്റെ പ്രതീകമെന്നപോൽ
മഞ്ഞുതുള്ളിയിറ്റിറ്റു വീഴുന്നപോൽ
ആ രൂപം അപ്പൂപ്പൻതാടിപോൽ
പാറി പാറിയെന്നിൽ ചേർന്നുനിൽക്കുന്ന ആ രൂപം
വെള്ള രോമകൂപങ്ങൾക്കുള്ളിലായും
നവചൈതന്യം തുളുമ്പുന്ന ഹൃദയം,
കാലങ്ങൾ കടന്നുപോയേങ്കിലും നരച്ചതാടി
ചിലർക്ക് കാന്തിയേകുന്നതും
കണ്ണുകൾക്ക് കൗതുകമേകുന്നതും
ഒരു നോട്ടത്താലും ഒരു പുഞ്ചിരിയാലും
ആ വദനത്തിൽ നരച്ചതാടിയാണല്ലോ
വാർദ്ധക്യത്തിന്റെ തുടക്കവും
ഹൃദയത്തിൻ യൗവനവും.....



# ഉരുളൻകല്ലുകൾ ബാക്കി വച്ചത്

കവിത



നിത്യാലക്ഷ്മി. എൽ. എൽ.

കണ്ടു!
കാണാതിരിക്കാൻ കഴിഞ്ഞില്ല.
നോക്കി, വീണ്ടും
നോക്കാതിരിക്കാൻ കഴിഞ്ഞില്ല.
മണ്ണിനടിയിലായിരുന്നു,
തെന്നൽ!
മണിമേഘം,
മരച്ചില്ലയുടെ കൂർത്ത കൊമ്പിൽ,
കോർത്തങ്ങനെ...
വിളിച്ചു!
വിളിച്ചു നോക്കാതിരിക്കുവാൻ
കഴിഞ്ഞതേയില്ല.
എഴുന്നേൽക്കില്ലെന്ന
വാശിയിലാണോയെന്നും
ചോദിച്ചു പോയി.
അമ്മയെ നോക്കെന്ന്
പറയുവാൻ തോന്നി.
അമ്മ, അവർക്കും മുന്നേ
അച്ഛനെയുപേക്ഷിച്ചെന്ന്
തെന്നലിന്റെ വിരൽത്തുമ്പ്
ചെന്നുനിന്ന സാരിത്തലപ്പ്,
നൊമ്പരപ്പെടുത്തി.
ഓടി വന്നുമ്മ വച്ച്,
കിടന്നുറങ്ങാൻ കൊതിച്ച
വീടിന്റെ നോവ് മാത്രം
അതുണ്ടാക്കിയവന്റെ
നെഞ്ചിലുണ്ടായില്ല.
പോയോരൊക്കെ പോയ
വഴിയെ നോക്കി,
വിധിയുടെ നേരെ,
തെറി പറഞ്ഞു.
ഭ്രാന്തനെന്ന്
വിളിക്കാതിരിക്കുവാൻ
കഴിഞ്ഞില്ല!
ഭ്രാന്തുവന്നാൽ, അങ്ങനെ
വിളിക്കാതിരിക്കുവതെങ്ങനെ?

കവിത

# മടുക്കാത്ത തോണിയാത്ര

മണ്ണോട് മൺതരിചേരുംപോലെ
തിരയോട് മറ്റൊരുതിരപോലെ
ഇളങ്കാറ്റിനോട് പൂമണമെന്നപോലെ
നിൻനാദത്തോടെന്റെ മധുരമന്ത്രണം

കാലമെന്നും ഒരേപോലെയല്ലെന്നും
ഇന്നുള്ളതൊന്നും ശാശ്വതമല്ലെന്നും
അറിഞ്ഞും തെളിഞ്ഞുമല്ലോ നമ്മൾ
ഒരേ തോണിയിലക്കരെക്കായ് പ്രയാണം.

മാനത്തു ,മേഘപ്പാവക്കൂത്തുണ്ടുകാം മഴക്കോളുമാവോളമുണ്ടാകാം
വീശിയടിക്കും കാറ്റുകൊത്തിപ്പറിക്കാം
തിളക്കും വെയിൽച്ചില്ലകൾ ചുംബിക്കാം.
ഒന്നിലുമിടറാതെ പതറാതെ തുഴയലല്ലോ
ജീവിതമെന്നു, നമുക്കനുഭവപാഠം.

അധികമടുത്താൽ മടുക്കില്ലേ
സ്നേഹിച്ചു പഴകുമ്പോള,കലില്ലേ
സംശയം പൊതിഞ്ഞ വാക്കുകളാൽ
നമ്മെ സ്നേഹിക്കുന്നു ഒരേ ,പലർ .

ആദ്യം കയ്ച്ചാലും പിന്നെ മധുരിക്കും
നെല്ലിക്കപോലല്ലീ , ജീവിതമെന്നു നമ്മൾ.
സ്നേഹത്തിന്റെ കൊടിപ്പച്ചകൾ വീശി,
ആർദ്രഗീതങ്ങളിടക്കിടെ മൂളി,
തോണി തുഴയുന്നു ,വിഷമുള്ള കാളിയനു
മുണ്ടാകാമീപ്പുഴയിലെന്നു മറക്കാതെ.



ഡോ. പി. സജീവ്കുമാർ .





രേഖ തോപ്പിൽ

# അച്ഛനോർമ്മ

കവിത

എന്തിത്ര പുലർ കാലത്തിങ്കലച്ഛൻ
മുറ്റത്തെ വെള്ളരിമാവിൻ കൊമ്പിൽ
ആ ഓണ ഊഞ്ഞാലിൻ
കയറിനറ്റത്താടി കളിക്കുന്നു.

അച്ഛൻറെ മരവിച്ച കാലിൽ
വട്ടം പിടിച്ചുണ്ണി
ചാരെ വന്നമ്മാവൻ വിളിക്കുന്നു..
ഇങ്ങു പോരുണ്ണീയീ കളിപാവ തരാം
അച്ഛനു പാടം തേവാനും
ആറ്റിലെ ചേറ്റിലെ മീനെ പിടിക്കാനും
പൊലിനിറക്കാനും കണിയൊരുക്കാനും
എന്നും ഉണ്ണി കൂട്ടുവേണം.
ഇന്നെന്തേ അച്ഛനൊറ്റക്കാമരകൊമ്പിൽ
അച്ഛനു നേരെ ഉണ്ണി പിണക്കവിരൽ ചൂണ്ടി
ഇന്നിനി താഴോട്ടു വന്നാലും
അച്ഛനോടുണ്ണി കൂട്ടില്ല.

ഇന്നലെ രാവിൻ നിലാവിൽപൊന്നായി
പൂത്തൊരാ ഉണ്ണിയെ ഉമ്മകൾ
കൊണ്ടു മൂടി അച്ഛൻ കരഞ്ഞു.
ചുറ്റും കടമാകെ കടലാകുന്നു
കാളിയനായീ നടമാടുന്നു.

ദൂരെ ചിതയായി തീമലയായി അച്ഛനെരിയുമ്പോൾ
ഉണ്ണി കണ്ണുകൾ തിരയുന്നു
അച്ഛനിതെങ്ങുപോയി..
ഒറ്റക്കു ദൈവത്തിനരികിലേക്ക്
സങ്കടം പറയുവാൻ പോയതാണോ...
നീറിനനയുന്നു പീലികണ്ണ്.



കവിത

# വീണ്ടുമൊരേയീണം



ജബീറ

ഓർമ്മകൾക്കു രാഗപൂർണ്ണിമ
നോവുകൾക്കു ഗ്രീഷ്മശോണിമ
പിന്നെയും വരുന്നു നീയിതാ
തൊട്ടുണർത്തുവാനൊ ചേതന?

കാവിലന്നു നമ്മൾ രണ്ടുപേർ
ഉള്ളിലാകെ ഉൽസവത്തിടം
ദേവനെന്നിലഗ്നിയാകവെ,
പൂത്തുലഞ്ഞ വാകയായി ഞാൻ.

പാട്ടിനൊത്തു തുള്ളും ക്കാവടി-
ച്ചിന്തിലല്ലയെന്റെ കണ്ണുകൾ,
കാറ്റിനോട് കിന്നരിച്ചിടും
നിൻപൊടിക്കുരുന്നുമീശയിൽ .

നോട്ടമേറ്റുവാങ്ങിടും ഞൊടി-
ക്കേറ്റവും മനോജ്ഞഹാസവും,
കൈത്തലങ്ങൾ കോർത്തെടുത്തു നീ,
കൈതവം വെടിഞ്ഞ കാമുകൻ.

നാടറിഞ്ഞ പ്രാണജോഡികൾ,
ഇന്നു രണ്ടുവീടകങ്ങളിൽ,
എത്ര കാലമായി സ്വപ്നമേ
നമ്മളെ നമുക്കു നഷ്ടമായ്.

പിന്നെയും പകർന്നുനൽകുവാൻ
പ്രാണദീപമൊന്നുമാത്രമേ
അത്രമേൽ വരണ്ടുപോയവർ,
ഇന്നു നമ്മൾ രണ്ടുദ്വീപുകൾ .....

കാലനെന്റെയുച്ചിയിൽ തൊടാം,
വാക്കുകൾ മുറിഞ്ഞുവീണിടാം,
അപ്പൊളും കൊതിച്ചുപോയിഞാൻ,
വീണ്ടെടുത്തൊരീണമായിടാൻ.

# അകത്തൊരു പൂച്ച

പ്രദീപ് എസ് എസ്



എന്റെ കുട്ടിത്തത്തെ പോറ്റി വളർത്തും പോൽ
സുന്ദരിപ്പൂച്ച മറിഞ്ഞുരുണ്ടു
ചിന്നന്റെ ലോകമടുക്കുന്തോറും മനം
കുഞ്ഞൊരു പൂച്ചയായ് മാറിടുന്നു
കാണുന്നതിലൊക്കെ കൗതുകം തോന്നീട്ട്
കാൽ കൊണ്ട് തട്ടിക്കളിച്ചിടുന്നു
കാറ്റിലാടിക്കളിക്കുന്നൊരു വള്ളിയെ
പാട്ടിലാക്കാൻ ശ്രമപ്പെട്ടിടുന്നു
കാലും വിരലും നഖങ്ങളും രോമവും
താനേയതെപ്പോഴും നക്കിടുന്നു
താനെന്ന ലോകത്തെയേതേതു നേരവും
താലോലമാട്ടി സുഖിച്ചിടുന്നു
മൂകമേതോ മതിലിന്റെ ചുമലേറി
മാമുനിയെപ്പോൽ ജപിച്ചിടുന്നു.

ഉള്ളിൽ പ്രകാശം പരത്തുമൊരു പൂച്ച -
ക്കുഞ്ഞു മറിഞ്ഞു കളിക്കയാലാം
നെഞ്ചിൽ പ്രണയം പരവശമാകുമ്പോൾ
മണ്ണിലുരുണ്ടു കിടപ്പു ദേഹം!
ചുമ്മാ ചിലപ്പോൾ ചുമരിലെ പല്ലിയെ
'തിന്നു .... തിന്നില്ല.... ' പോൽ പാത്തിരിക്കും
ചെമ്മേ നടക്കാനിറങ്ങിയ പാറ്റയെ
കൺ ചോരയില്ലാതെ കൊന്നു തിന്നും
എല്ലാം കഴിഞ്ഞു താനൊന്നുമറിയാത്ത
മട്ടിലുറങ്ങിക്കിടക്കും പൂച്ച



കഥപോലെ ജീവിതം

# ലിസിമരിയ



കൃഷ്ണകുമാർ മാപ്രാണം



പണ്ടൊക്കെ പത്രവായനയ്ക്കിടയിൽ സ്ഥിരം കാണുന്ന ഒരു കാഴ്ചയായിരുന്നു ആൺ പെൺ ഭേദമന്യേ തൂലികാ സൗഹൃദം ആഗ്രഹിക്കുന്നു എന്നുള്ള പരസ്യം. മൊബൈലും മറ്റു  സമൂഹമാധ്യമങ്ങളും കടന്നെത്തിയിട്ടില്ലാത്ത അക്കാലത്ത് പലരും ആവഴിയിലൂടെ പലപല ബന്ധങ്ങളുമുണ്ടാക്കിയെടുത്തിട്ടുണ്ട്. വായനശാലയിൽ ലൈബ്രേറിയനായി ഇരിക്കുന്ന അവസരത്തിൽ പുസ്തകമെടുക്കാൻ വരാറുള്ള ഒരു സുഹൃത്തിന് അന്ന് കാലത്ത് ഒന്നുരണ്ടു തൂലികാ സൗഹൃദങ്ങളുണ്ടായിരുന്നു.

വായനശാലയിൽ വരുമ്പോൾ അവൻ അത്യുത്സാഹത്തോടെയാണ് അതെ കുറിച്ച് സംസാരിക്കുക. കോട്ടയത്തും കോഴിക്കോട്ടും തിരുവനന്തപുരത്തും അവന് ആൺപെൺ സുഹൃത്തുക്കൾ ഉണ്ടായിരുന്നു. പരസ്പരം അവർ കാണാതെ തന്നെ കത്തുകളിലൂടെ സംവദിക്കും. അവനു വരുന്ന കത്തുകൾ എനിക്കു കാണിച്ചു തരുമ്പോൾ അവനോട് ചെറുതായി അസൂയ തോന്നാറുണ്ട്.

നാട്ടിൻപുറത്ത് , ബാല്യകാല സുഹൃത്തുക്കളും സ്കൂളിൽ പഠിച്ചപ്പോഴുള്ള കൂട്ടുകാരുമല്ലാതെ എന്റെ കൊച്ചു ഗ്രാമത്തിന്റെ അതിർത്തിക്കപ്പുറത്തൊരു സുഹൃത്ത് ബന്ധം അതുവരെ എനിക്ക് ഉണ്ടായിട്ടുമില്ല. കത്തെഴുതൽ, വായന, സാഹിത്യാഭിരുചി തുടങ്ങി സമാനചിന്താഗതിയുള്ളവർ കൂട്ടത്തിൽ കുറവും.  തന്റെ മേൽവിലാസത്തിൽ അകലെ നിന്നുമൊരു സുഹൃത്തിന്റെ കത്തു വരുമ്പോഴുള്ള മനോസുഖം പറഞ്ഞറിയിക്കാൻ കഴിയാത്തതായിരുന്നു.

ഒരു ദിവസം അവൻ പുതിയൊരു വാർത്തയുമായിട്ടാണ് വന്നത്. കോഴിക്കോട്ടേയ്ക്ക് അവരുടെ നാട്ടിൽ ഉത്സവം കൂടാൻ  സുഹൃത്ത് അവനെ ക്ഷണിച്ചിരിക്കുന്നു. രണ്ടു ദിവസം അവൻ കോഴിക്കോട്ടുള്ള അവരുടെ വീട്ടിൽ ആഘോഷിക്കുമെന്ന് . മടങ്ങിവന്ന സുഹൃത്തിന് പറയാൻ  ഒരുപാട് വിശേഷങ്ങളുമുണ്ടായിരുന്നു .

അതിനു പുറമേ തിരുവനന്തപുരത്തെ തൂലികാ സുഹൃത്ത് അവനെ കാണാൻ കുടുംബമടക്കം വരുന്നുവത്രെ.

കൂടൽമാണിക്യം ക്ഷേത്രത്തിലും വടക്കുംനാഥൻ ക്ഷേത്രത്തിലും അവരുടെ കൂടെ പോകുകയും അവരെ വേണ്ട രീതിയിൽ സത്ക്കരിച്ചും സന്തോഷിപ്പിച്ചുമാണ്

ആ കുടുംബത്തെ സുഹൃത്ത് പറഞ്ഞയച്ചത്. ഞാനും ആഗ്രഹിച്ചു എനിക്കുമൊരു തൂലികാ സൗഹൃദം ഉണ്ടായിരുന്നെങ്കിലെന്ന്!

പത്രത്തിൽ കണ്ട തൂലികാ സൗ

ഹൃദവാർത്തയിലെ സമാന ചിന്താഗതിയിലുള്ള വിലാസങ്ങൾ തപ്പിയെടുത്ത് ഞാനും അയച്ചു . മേൽവിലാസം വ്യക്തമാക്കി തൂലികാ സൗഹൃദം കാംക്ഷിച്ച എന്നെതേടി ഒരു മറുപടിപോലും വന്നില്ല.

മൊബൈലിന്റേയും മറ്റു സമൂഹമാധ്യമങ്ങളുടേയും

മുഖപുസ്തകത്തിന്റേയും കടന്നു വരവോടെ തൂലികാ സൗഹൃദത്തിന്റെ പതിപ്പായി ഇവയിൽ പലതും പ്രത്യേകിച്ച് മുഖപുസ്തകവും മാറിയിരിക്കുന്നു.

ഒരിക്കൽ പോലും നേരിട്ട് കാണാത്തവർ പരസ്പരം സംവദിക്കുന്നു. എത്രയോ ദൂരത്തു നിന്ന് വിശേഷങ്ങൾ പങ്കുവയ്ക്കുന്നു.

നാലുവർഷം മുമ്പാണ് ഓഫിസിലിരിക്കെ ഒരു ദിവസം ഉച്ചനേരത്ത് മൊബൈലിൽ അറിയാത്ത നമ്പറിൽ നിന്നും ഒരു ഫോൺകോൾ വന്നത്.

ഫോണെടുത്തപ്പോൾ അങ്ങേതലയ്ക്കൽ നിന്നും മധുരമുള്ള സ്വരം

' ആരാണ്..' ഞാൻ ചോദിച്ചു

' ഞാൻ താങ്കളുടെ ഫേസ്ബുക്ക് ഫ്രണ്ടാണ്, ലിസി'

'ലിസിയോ . ഏതു ലിസി..'

ഞാൻ അൽപ്പനേരം ചിന്താമഗ്നനായി ഇരുന്നു

'ഫേസ്ബുക്കിലെ ലിസിയോ...'

ഞാൻ വീണ്ടും ആലോചിച്ചു

'എത്രലിസിമാരുണ്ട്... ങ്ങേ...ഉം...

ഓർക്കണില്ലാല്ലേ...'

'ഒരെത്തും പിടിയും കിട്ടുന്നില്ലല്ലോ..'

' കവി അധികം തല പുകയ്ക്കേണ്ട. ലിസിമരിയയെ ഓർക്കണുണ്ടോ... കുവൈത്തിലെ...'

' ഓ...ലിസി മരിയ.. ഉം ..ഓർമ്മയുണ്ട്.. അയ്യോ..എവിടെ.. കുവൈത്തിൽ നിന്നാണോ....'

'ഞാൻ ഇപ്പൊ ആലപ്പുഴയിലുണ്ട്. മിനിയാന്നെത്തി...27 വേ നു തിരിച്ചു പോകും. കൃത്യം ഒരു മാസം..

പിന്നെ വന്നപ്പോ കവിയെ വിളിക്കാൻ ഒരു തോന്നൽ നോക്കിയപ്പോ ഫോൺനമ്പറെവിടെ ? തന്നിട്ടില്ലല്ലോ . '

ശരിയാണ്.. ഞങ്ങൾ പരസ്പരം ഫോൺ നമ്പർ തന്നെ വാങ്ങിയിട്ടെയില്ലായിരുന്നു . അങ്ങിനെ വിളിക്കേണ്ട കാര്യം ആലോചിച്ചിട്ടു പോലുമില്ല

'ഫോൺ നമ്പർ ഞാൻ പ്രൊഫൈലിൽ നിന്ന് തപ്പിയെടുത്തു.. '

എന്നെ വിളിച്ചപ്പോൾ എനിക്ക് വലിയ

സന്തോഷം തോന്നി .എന്നാൽ അവരുടെ കവിയെന്നുള്ള സംബോധന എനിക്കുരുചിച്ചില്ല.

'എന്നെ ഓർമ്മിച്ചതിന് വിളിച്ചതിന്.. സന്തോഷം ടീച്ചർ.. പിന്നെ ഈ കവിയെന്നുള്ള വിളി വേണ്ട പേര് മതി'

'കവിയായതു കൊണ്ടല്ലേ അങ്ങിനെ വിളിക്കുന്നത്...ചെലര് ഇങ്ങനെയൊരു വിളി കേൾക്കാൻ കൊതിക്കണൂ,,'

'എനിക്ക് കളിയാക്കുന്നതുപോലെയാണ് തോന്നുന്നത്..'

'അങ്ങിനെയൊന്നുമില്ല.. ഞാൻ അങ്ങിനെ യേ വിളിക്കൂ...'

അവരുടെ അടുത്ത് തർക്കിച്ചിട്ട് കാര്യമില്ല.

'ശരി'

' ഉം...കവിയ്ക്ക് ഓർമ്മ കാണില്ലെന്ന് ഞാൻ വിചാരിച്ചു.'

'ഇത് വല്ല്യ സർപ്രൈസ് ആയി..'

എങ്ങിനെയാണ് അവരെ ഓർക്കാതിരിക്കുക. മുഖപുസ്തകത്തിൽ എന്റെ കവിതകളെ ഇഴകീറി അഭിപ്രായം കുറിക്കുന്നവർ എൻെറ 'നീലക്കുറിഞ്ഞി' എന്ന കവിതയിലെ

'പ്രാലേയം വീണു നനഞ്ഞ നിൻ മിഴികളിൽ പ്രണയത്തിനസിരം കാണുന്നു ഞാൻ' എന്ന വരികൾ വായിച്ച് അഭിപ്രായം ഇട്ട് ഒരിക്കൽ മെസഞ്ചറിൽ വന്നു .

പിന്നെ ഇടയ്ക്ക് പലപല വിശേഷങ്ങളും പറയാൻ വരും. മുഖപുസ്തകത്തിൽ ഞാൻ എഴുതിയ കവിതകൾക്കൊക്കെ അവർ അഭിപ്രായം ഇടും. കുവൈത്തിലെ സ്കൂളിൽ അധ്യാപികയായി ജോലി ചെയ്യുകയാണ് അവർ . ലിസി മരിയ. നാട്ടിൽ ആലപ്പുഴയിലാണ് വീട്.

എന്റെ കവിതയെ കുറിച്ച് പലപ്പോഴും അവർ രൂക്ഷമായ വിമർശനങ്ങളും തൊടു

ത്തു വിട്ടിരുന്നു. അതിനാൽ മെസഞ്ചറിൽ വരുമ്പോഴൊക്കെ തർക്കങ്ങളായിരുന്നു അധികവും. എഴുത്ത് കുറച്ചു കൂടി ഗൗരവമായി എടുക്കൂ. 'അനുരാഗം ' എന്ന കവിത വായിച്ച് അതിൽ അനുരാഗമേയില്ലല്ലോ എന്നും പറഞ്ഞു.

'..ഒരു കാര്യം പറയട്ടെ...'

'എന്താ.. ടീച്ചർ..'

'നാട്ടിൽ വന്നിട്ട് കവിയെ കാണാതെ പോവുന്നതെങ്ങനെയാണ്..

ഈ മാസം 20 ന് അങ്കമാലിയിൽ ഒരു കല്യാണത്തിന് പങ്കെടുക്കാനുണ്ട്. അന്ന് നമുക്കൊന്ന് ഒരുമിച്ചു ചെയ്താലോ.. അസൗകര്യം വല്ലതും...'

' ഇല്ല ടീച്ചർ.. എനിക്കും ടീച്ചറെ കാണണമെന്നുണ്ട്....'

' എങ്കിൽ ചാലക്കുടിവരെ വരുമോ ഉച്ചയ്ക്ക് ശേഷം.. രണ്ടു മണി.. ബുദ്ധിമുട്ടാകുമോ ...?'

' ഇല്ല ടീച്ചർ ഞാൻ എത്തും..'

ഞാൻ ഉറപ്പു കൊടുത്തു

അങ്ങിനെ ഇരുപതാം തിയ്യതി രണ്ടു മണിക്കു മുൻപെ ചാലക്കുടിയിലെത്തി. സുരഭി തീയേറ്ററിനടുത്ത് കാത്തു നിൽക്കാനാണ് പറഞ്ഞിരുന്നത്. സമയം രണ്ടുമണി. ഞാൻ എത്തിയിട്ടുണ്ട് എന്നറിയിക്കാൻ അവരെ ഫോൺ വിളിച്ചു. പക്ഷെ ഫോൺ പരിധിക്കുപുറത്തായിരുന്നു.

തിളയ്ക്കുന്ന ഉച്ച വെയിലത്ത് കുറെ നിന്നു. സമയം രണ്ടര....രണ്ടേമുക്കാൽ ...,മൂന്ന് ഇങ്ങനെ കടന്നു പോയി.

കാത്തുനിന്നു മടുത്തു. വിളിക്കുമ്പോഴൊക്കെ പരിധിയ്ക്കു പുറത്ത്. എന്നെ വിഡ്ഢിയാക്കിയോയെന്നൊരു തോന്നൽ മനസ്സിൽ മുളപ്പൊട്ടി. ദേഷ്യവും വന്നു. വരാമെന്ന് പറഞ്ഞ സമയം കഴിഞ്ഞിട്ടും കാണാതിരുന്നാൽ അനേകം അനാവശ്യ ചിന്തകളുടെ കൂടാരമാകും മനസ്സ്.

ലിസി മരിയയെ മുഖപുസ്തകത്തിലൂടെ മാത്രമാണ് പരിചയമുള്ളത്. കൂടുതൽ തികഞ്ഞു പോയിട്ടില്ല. യഥാർത്ഥത്തിൽ അവർ പറഞ്ഞതും ഫോൺ ചെയ്തതുമൊക്കെ കളവും

പറ്റിക്കലുമല്ലെയെന്ന് ചിന്തിച്ചു.

ആ പേരിനു പിറകിൽ മറഞ്ഞിരുന്ന് ആരോ തന്നെ പറ്റിക്കുകയല്ലെ. വേറെയൊന്നും പറ്റാത്തത് ഭാഗ്യം തന്നെ. അവർക്ക് കൊടുക്കാൻ വേണ്ടി 'പ്രിയപ്പെട്ട ലിസി മരിയയ്ക്ക് 'എന്നെഴുതി കയ്യൊപ്പ് ചാർത്തിയ എന്റെ രണ്ടു കവിതാപുസ്തകങ്ങൾ എന്നെ നോക്കി കളിയാക്കി ചിരിക്കുന്നു.

തിരിച്ചു പോകാൻ വിചാരിച്ചു നിൽക്കെ പെട്ടെന്ന് ഒരു കാർ തൊട്ടരികിൽ വന്ന് ബ്രേക്കിട്ടു.

'കവി...'

കാറിന്റെ ഡോർ തുറന്ന് ലിസി മരിയ ഇറങ്ങി വന്നു. പ്രൊഫൈലിലുള്ള ചിത്രത്തേക്കാൾ ഭംഗിയുണ്ടായിരുന്നു നേരിട്ട് കാണാൻ.

അത്രയും നേരം മനസ്സിലുണ്ടായിരുന്ന മഞ്ഞ് ഉരുകിയൊലിച്ചു.

'കാത്തു നിന്നു മടുത്തല്ലേ... എന്തൊരു ട്രാഫിക്ക് ബ്ലോക്കാണന്നോ .. കവിയെ വിളിക്കുമ്പോഴൊക്കെ പരിധിയ്ക്കു പുറത്തും...പിന്നെ എങ്ങനെ കണ്ടുപിടിക്കും എന്നോർത്തു... ഫോട്ടോയില്. കണ്ടതുപോലെ തന്നെ...'

ലിസി മരിയ ചിരിച്ചു

'ടീച്ചറെ വിളിക്കുമ്പോഴും അതുതന്നെയായിരുന്നു.. സ്ഥിതി .

ഇത്രയും കാത്തു നിന്നിട്ടും കാണാതിരുന്നപ്പോൾ ഞാൻ പോകാമെന്ന് കരുതി..'

'കവിയെ ഇവിടെ വച്ച് കണ്ടില്ലെങ്കിൽ വീട്ടിലേക്ക് വന്നു കാണും ഞാൻ ... നേരം കളയണ്ട.. വണ്ടിയിൽ കയറ്...'

ലിസി മരിയ കാറിന്റെ മുൻവശത്തെ ഡോർ തുറന്നു.

'ടീച്ചർ തനിയെ കാറോടിച്ച് ഇത്രയും ദൂരം...'

'കാറോടിക്കല് എനിക്കൊരു ഹരമാണ്.. പഠിക്കുമ്പോൾ തന്നെ ഞാൻ തനിയെ കാറോടിച്ചാണ് കോളേജിൽ പോയിരുന്നത്.

കുവൈത്തിലും അങ്ങിനെ തന്നെയാണ്..'

ടീച്ചർ വണ്ടി സ്റ്റാർട്ടാക്കി.

'ടീച്ചർ വരാൻ വൈകിയപ്പോൾ ഞാൻ പലതും വിചാരിച്ചു.. സോറി.. '

ഞാൻ ക്ഷമാപണം നടത്തി

'മനുഷ്യരൊക്കെ തന്നെ അങ്ങിനെയല്ലേ .. തെറ്റിദ്ധാരണകളുടെ പുറത്ത്.... ജീവിതം വരെ....'

ടീച്ചർ മുഴുവനും പറയാതെ നിറുത്തി

അവരുടെ കണ്ണുകളിൽ പെട്ടെന്ന് വിഷാദം പടരുന്നതു കണ്ടു.

'നമുക്ക് വല്ലതും കഴിക്കാം... നല്ലൊരു ഹോട്ടൽ പറയൂ. കല്യാണത്തിനു പോയിയെ ന്നല്ലാതെ ഒന്നും കഴിച്ചില്ല...വെജിറ്റേറിയൻ മതീട്ടോ കവിയും കൂടെയുള്ള തല്ലേ..'

'ടീച്ചർ...'

'വല്ലപ്പോഴുമല്ലെ ഇങ്ങനെ....'

ആര്യ ഹോട്ടലിൽ കയറി മസാലദോശയും കാപ്പിയും കഴിച്ച് സാഹിത്യ വർത്തമാനങ്ങളുമായി കുറച്ചു നേരം ഇരുന്നു.

' പുസ്തകം തന്നില്ലല്ലോ..'

'കൊണ്ടുവന്നിട്ടുണ്ട്...'

ഞാൻ ബാഗു തുറന്ന് കവിതാപുസ്തകങ്ങൾ അവർക്ക് കൊടുത്തു. അവരത് തുറന്ന് ഒന്നുകണ്ണോടിച്ചു.

'കവിയുടെ കയ്യൊപ്പ് ചാർത്തിയിട്ടുണ്ടല്ലോ. പ്രിയപ്പെട്ട ലിസി മരിയയ്ക്ക്...' അവരെന്നെ നോക്കി.

'നല്ല കയ്യക്ഷരമാണല്ലോ..'

' വെറുതെ...'

'എത്രയാ വില.... '

'എന്തിന്'

'പുസ്തകത്തിന് '

'വിലയോ....അതു വേണ്ടാ '

' ഊം ..അതെങ്ങനെ ശരിയാവും.. വേണം '

ടീച്ചർ പേഴ്സ് തുറന്ന് പൈസ നീട്ടി.. ഞാൻ വാങ്ങാതെ ഇരുന്നു.

'എന്നാലിനി കവിയുമായി ചങ്ങാത്തം വേണ്ട..'

ഞാനാകെ വിഷമിച്ചു. ഒടുവിൽ വാങ്ങേണ്ടി വന്നു.

'ഒന്ന് കാണണമെന്ന് വിചാരിച്ചു...വെറുതെ...'

ലിസി മരിയ പതുക്കെ പറഞ്ഞു.

'എവിടെയാണ് കവിയ്ക്ക് പോകാൻ ബസ് കിട്ടുക' ടീച്ചർ ചോദിച്ചു

'പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ വിട്ടാൽ മതി...'

'പ്രാലേയം വീണു നനഞ്ഞ നിൻ മിഴികളിൽ.....'

ടീച്ചർ കവിത മൂളികൊണ്ട് കാറോടിച്ചു.

ലിസി മരിയ കുവൈത്തിൽ എത്തി കുറച്ചു ദിവസങ്ങൾക്കു ശേഷം മെസഞ്ചറിൽ വന്നു. കവിതകളൊക്കെ വായിച്ചൂട്ടോ. ദു:ഖവും നിരാശയുമാണല്ലോ നിറഞ്ഞു നിൽക്കുന്നത്. സന്തോഷവും ശുഭവുമായ തീം ഒന്നിലുമില്ലല്ലോ '

'വേണമെന്ന് വച്ച് എഴുതുന്നതല്ലല്ലോ ഒന്നും.'

' ചിലതെല്ലാം കവിതയിൽ നിന്ന് അകലം പാലിക്കുന്നുമുണ്ട്...'

'ഇതെല്ലാം കവിതയല്ലെന്ന് എനിക്കുതന്നെ ബോധ്യമുണ്ട്.. ടീച്ചർ. കവിതയെന്ന ലേബലുകൾ പലരും ചാർത്തി തന്നതാണ്....മനസ്സിലുറഞ്ഞു കൂടി കിടക്കുന്ന വികാരങ്ങളെ ഒരാശ്വാസത്തിനായി പകർത്തി വയ്ക്കുന്നു.അത്രതന്നെ.'

'നേരിട്ട് കണ്ടപ്പോൾ പാവമാണെന്ന് തോന്നി'

(ടീച്ചർ സ്മൈൽ ഇമോജിയിൽ)

' എല്ലാവരും അങ്ങനെയൊക്കെ തന്നെയല്ലേ..'

'ശരിയാണ് കവി.... പിന്നെ വരാം ട്ടോ..ആരോ വിളിക്കുന്നു..ണ്ട്..'

അങ്ങിനെ കുറച്ചു നാൾ കഴിഞ്ഞു.

ഫേസ്ബുക്കിൽ കവിതകൾക്ക് ലിസി മരിയയുടെ പ്രതികരണം ഇല്ലാതായി. അവരുടെ പ്രതികരണങ്ങൾ ഞാൻ ആഗ്രഹിച്ചിരുന്നു. അവരുടെ പ്രൊഫൈലിൽ തെരഞ്ഞതും ചിത്രം മാറ്റിയതായി കണ്ടു .അവരുടെ ഫോട്ടോയുടെ സ്ഥാനത്ത് മരത്തിൽ നിന്നും വീഴുന്ന ഒരില സ്ഥാനം പിടിച്ചിരിക്കുന്നു.

അവരുടെ മെസഞ്ചറിൽ ചെന്ന്

'എന്തുപറ്റി.കാണാറേയില്ലല്ലോ '.

എന്നൊരു സന്ദേശമയച്ചു. മറുപടിയുണ്ടായില്ല.

ഇടയ്ക്കിടെ മെസഞ്ചർ നോക്കി. രണ്ടാഴ്ചയ്ക്കുശേഷം രണ്ടു വരിയിൽ ഒരു മറുപടി കണ്ടു.

'ആകെ പ്രശ്നങ്ങളാണ് കവി..മടുത്തു..'

'കാര്യമെന്താണ് ' എന്നൊരു സന്ദേശം അയച്ചുവെങ്കിലും ഒരു മറുപടിയും അവർ നൽകിയില്ല. അവരുടെ ഫോൺ നമ്പർ വിളിക്കുമ്പോഴൊക്കെ സ്വിച്ച് ഓഫുമായിരുന്നു.


ലിസി മരിയയെ പറ്റി പിന്നെ യാതൊരു അറിവുപോലുമില്ല ഇപ്പോഴും. ●

# നിശബ്ദതയുടെ ശബ്ദം

ലേഖനം



ബിനു വെളിയനാടൻ



**തി**രിച്ചറിയാൻ ഒരു ഹൃദയം ഉണ്ടെങ്കിൽ ലോകത്തിലെ ഏറ്റവും ശക്തമായ ഭാഷ നിശബ്ദതയാണ്. വാസ്തവത്തിൽ ഈ വാക്യം വായിക്കുമ്പോൾ മനസ്സിൽ മുളപൊട്ടുന്നത് ഏറെ സംശയങ്ങൾ ആയിരിക്കാം. കാരണം, നാം മനസ്സിലാക്കിയിട്ടുള്ളത് ഭാഷ എന്നത് ഭാഷണത്തിനു വേണ്ടിയുള്ളത് എന്നാണ്. പിന്നെയെങ്ങനെയാണ് നിശബ്ദത ഭാഷയായി മാറുന്നത്? ഭാഷതെ അനേന ഇതി ഭാഷ എന്നാണ് ഭാഷയുടെ നിർവചനമെങ്കിലും, ആശയവിനിമയം സംഭവിക്കാൻ സംസാരിക്കണമെന്ന് നിർബന്ധമില്ല.

ചിലപ്പോൾ ചിലരുടെ നിശബ്ദതയോ നെടുവീർപ്പോ ഒരു നോട്ടമോ പോലും തീക്ഷണമായി നമ്മോട് ഒരുപാട് സംസാരിക്കാറില്ലെ? അതുപോലെ മൗനം മുറിഞ്ഞൊഴുകുന്ന വാക്കുകൾ നമ്മുടെ ഹൃദയത്തെ മുറിപ്പെടുത്താറില്ലെ? മാനത്തു പെയ്യാതെ മൂടിക്കിടക്കുന്ന മഴമേഘങ്ങൾ പെരുമഴയേക്കാൾ നമ്മെ കൂടുതൽ ഭയപ്പെടുത്താറില്ലേ? വാചാലമാകുന്നതിനെക്കാൾ വാക്കുകൾക്ക് മൂർച്ചയുള്ള ചില മൗനങ്ങൾ ജീവിത വഴികളിൽ സങ്കടവും സാന്ത്വനവും വിതറിയ സന്ദർഭങ്ങൾ നമുക്കും പരിചയമുണ്ടാവും. നിശ്ശബ്ദതയ്ക്കും ശബ്ദമുണ്ടെന്ന് തിരിച്ചറിയുമ്പോഴാണ് നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ ശബ്ദരാഹിത്യത്തിന് വലിയ വിലയുണ്ടെന്ന് നമുക്ക് മനസ്സിലാക്കാനാവുക.

നിശബ്ദത, ശബ്ദം കുറയ്ക്കുവാനും കൂടുതൽ കേൾക്കുവാനും നമ്മോട് ഓരോരുത്തരോടും ആവശ്യപ്പെടുന്നുണ്ട്. ശരീരഘടന തന്നെ നോക്കൂ...! നമുക്ക് കാണാൻ രണ്ടു കണ്ണുകളും നമുക്ക് കൂടുതൽ കേൾക്കാൻ രണ്ടു ചെവികളുമുണ്ട്. എന്നാൽ സംസാരിക്കാൻ

ഒരു നാവും ഒരു വായയും മാത്രമേയുള്ളൂ. അതായത് നാം കേൾക്കുന്നതിന്റെ പകുതി മാത്രമേ സംസാരിക്കാവൂ എന്ന് ശരീരം തന്നെ പഠിപ്പിക്കുന്നു.

വിശുദ്ധ ബൈബിളിൽ പരാമർശിക്കുന്ന കാനായിലെ കല്യാണവിരുന്നിലെ സംഭവം ഏവർക്കും സുപരിചിതമാണ്. വിരുന്നിൽ വിളമ്പാനുള്ള വീഞ്ഞ് തീർന്നു പോയപ്പോൾ ഈശോയുടെ അമ്മ അക്കാര്യം സ്വയം തിരിച്ചറിയുകയാണ്. വീട്ടുകാരോടോ ബന്ധുക്കളോടോ ചോദിച്ചില്ലെങ്കിലും സന്ദർഭങ്ങൾക്കും സാഹചര്യങ്ങൾക്കും അനുസരിച്ച് സമുചിതവും സക്രിയവുമായി ഇടപെടാനുള്ള സവിശേഷസിദ്ധി പരിശുദ്ധ അമ്മയ്ക്ക് ലഭിച്ചത് ആ ജീവിതം കൂടുതൽ നിശബ്ദമായിരുന്നതു കൊണ്ടാണെന്ന് ബൈബിൾ വായിക്കുമ്പോൾ നാം മനസ്സിലാക്കുന്നു. കാരണം അവളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു എന്ന് ബൈബിൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

വിശാലമായ ഒരു മനസ്സും വിശുദ്ധമായ ഒരു ഹൃദയവും ആണ് നിശബ്ദതയുടെ ശബ്ദം മനസ്സിലാക്കാനുള്ള ദർപ്പണമായി പരിഗണിക്കേണ്ടത്. മുഖത്തു മിന്നുന്ന പുഞ്ചിരിയെക്കാൾ ഉള്ളിൽ തിളയ്ക്കുന്ന വികാരവിങ്ങലുകൾ കണ്ടെത്താൻ കഴിയണമെങ്കിൽ കണ്ണുകൾ അടഞ്ഞിട്ടാണെങ്കിലും എപ്പോഴും അകക്കണ്ണ് തുറന്നിരിക്കണം. ബധിരത ബാധിച്ചവരോട് അടുത്തിടപെട്ടു നോക്കൂ! അവർ കേൾവി ഉള്ളവരേക്കാളേറെ, പരിസരത്തിന്റെ സ്പന്ദനങ്ങൾ സ്വാംശീകരിക്കുന്നവരാണ്.

ആത്മീയതയുടെ അളവ് പോലും കൂടുതൽ നിശബ്ദമായിരിക്കാൻ ഉള്ള ക്ഷണമാണ്. അതുകൊണ്ടാണല്ലോ മൗനമായിരിക്കുക ഞാൻ ദൈവമാണെന്ന് അറിയുക എന്ന് പഠിപ്പിക്കുന്നത്. നമ്മുടെ നിശബ്ദതകൾ എപ്പോഴും മിണ്ടാതിരിക്കാനുള്ള ക്ഷണമാകരുത്. പകരം ശബ്ദമില്ലാത്തവരുടെ ധാർമിക ശബ്ദമായി മാറാനുള്ളതാവണം നിശബ്ദതകൾ. വാക്കുകൾ മൊഴിയാതിരിക്കലല്ല മൗനം. വാക്കിന്റെ ഉള്ളറിഞ്ഞു ഉറവിടത്തിൽ ഉണർന്നിരിക്കലാണത്. യഥാർത്ഥജ്ഞാനി മൗനി ആയിരിക്കുമെന്നും, മൗനിയായിരിക്കുന്നവനാണ് ശരിയായ ജ്ഞാനിയെന്നും പറയപ്പെടുന്നു.

മൗനിയായി നിശ്ശബ്ദമായി മിണ്ടാതിരിക്കലാണോ ഒരു ജ്ഞാനിയുടെ അടയാളം..? അങ്ങനെയാണെങ്കിൽ മനുഷ്യത്വത്തിന് വാക്കുകളിലൂടെയും രചനകളിലൂടെയും ജ്ഞാനപ്രകാശം പകർന്നു നൽകിയ പ്രവാചകന്മാരും മഹാഗുരുക്കന്മാരുമെല്ലാം ജ്ഞാനികൾ അല്ലാതാവില്ലേ...?

ഗുരുപരമ്പരയിലൂടെ തലമുറകളായി ലഭിച്ച വേദവചനങ്ങളും ഗ്രന്ഥസാരങ്ങളുമെല്ലാം ജ്ഞാന സാഗരങ്ങളാണല്ലോ. ജ്ഞാനത്തിന്റെയും ധ്യാനത്തിന്റെയും പ്രണയത്തിന്റെയുമെല്ലാം സഹജത തന്നെയാണ് മൗനം. വിവേകത്തിലേക്കും ജ്ഞാനത്തിലേക്കും അടുത്തു വരുംതോറും മൗനം ഒരു ഭാവമായും സ്വഭാവമായും ഭവിക്കുന്നു. അതായത്, ചെറിയ ക്ലാസിൽ പഠിക്കുന്ന കുഞ്ഞുങ്ങൾ വലിയ ശബ്ദവും ബഹളവുമൊക്കെ ഉണ്ടാക്കുമെങ്കിലും ഉയർന്ന ക്ലാസുകളിൽ എത്തുമ്പോൾ അതെല്ലാം കുറഞ്ഞു വരുന്നത് കാണാറുണ്ടല്ലോ. പക്വത കൈവരുമ്പോൾ ശബ്ദം കുറഞ്ഞുകുറഞ്ഞ് മൗനത്തോടടുക്കുന്നു. ഉറക്കെ സംസാരിച്ചിരുന്നവർ വിദ്യാസമ്പന്നരും സംസ്കാരചിത്തരും ആവുമ്പോൾ ശബ്ദത്തിൽ മിതത്വവും വാക്കുകളിൽ സൂക്ഷ്മതയും പുലർത്തുന്നത് സാധാരണമല്ലെ.

ശബ്ദങ്ങളിൽ നിന്ന് മൗനത്തിലേക്കുള്ള ഗതിമാറ്റം സംസ്കാരത്തിന്റെയും സംസ്കരണത്തിന്റെയും അടയാളമാണ്. അതേസമയം മൗനം എന്നത് മിണ്ടാതിരിക്കലോ നിശ്ശബ്ദത പാലിക്കലോ മാത്രമല്ല. അതിനപ്പുറം സമ്പൂർണമായ നിറവിലും തിരിച്ചറിവിലും ഉള്ളടങ്ങുമ്പോൾ നിറഞ്ഞു വിരിയുന്നതാണ് മൗനം. ആ മൗനത്തിൽ നിന്നാണ് ആത്മാവുള്ള വാക്കുകൾ പിറവി കൊള്ളുന്നത്. വാക്കുകളുടെ അദൃശ്യമായ ആത്മാവിനെ യാണ് മൗനമെന്നു വിളിക്കുന്നത്. മൗനത്തിന്റെ ആഴങ്ങളെ ഹൃദയം കൊണ്ട് അനുഭവിച്ചു അറിയുമ്പോഴാണ് ഒരാൾ ധ്യാനനിരതനാകുന്നത്. കാരണം, ധ്യാനമെന്നാൽ ധീയാത് യാനമാണ്. അതായത് ബുദ്ധികൊണ്ടുള്ള യാത്ര. ദൈവികതയുടെ ശ്രുതികൾ ആത്മാവിൽ ഗാനമായി ഉയരുന്നത് മൗന നിമിഷങ്ങളിലാണ്. ●

# സ്വപ്നത്തിലൊരു ജാലകം

കഥ



അനിതാദേവി വേലന്താവളം

ജാലകത്തിലൂടെ വിരൽ നീട്ടിയ ഇളംകാറ്റിന്റെ തലോടലിൽ കുളിർന്ന് അവൾ അയാളോട് ചേർന്ന് കിടന്നു. നിശാവസ്ത്രത്തിന്റെ നേർത്ത പാളിയും കടന്നു അയാളിലേക്ക് പകർന്ന അവളുടെ മേനിയുടെ ചൂട് പൂർണ്ണമായും ആവാഹിക്കാനെന്ന വണ്ണം അയാളവളെ തന്റെ കരവലയത്തിലേക്ക് അടക്കി പിടിച്ചു. അയാളുടെ മാറിലെ ഗന്ധം അവളുടെ സിരകളെ ചൂടുപിടിപ്പിച്ചു. എത്രയോ കാലമായി മനസ്സിലടക്കി വച്ച മോഹങ്ങളൊക്കെയും ഒറ്റ രാത്രികൊണ്ട് നേടിയെടുക്കാനുള്ള വ്യഗ്രതയായിരുന്നു അയാൾക്ക്. അനുഭൂതികളുടെ വേലിയേറ്റത്തിൽ വാടിയ താമരപോലെ ചുവന്നുതുടുത്ത് അവളും.... ഒരിക്കലും അവസാനിക്കരുതെന്ന് ആഗ്രഹിച്ച ആ യാമം പുലരിയിലേക്ക് കൺതുറന്ന് ഏറെ കഴിഞ്ഞാണ് അവൾ ഉണർന്നത്.

ക്ലോക്കിൽ എട്ടു മണിയടിക്കുന്നത് കേട്ട് കൺതുറന്ന അവൾ ഒരു ഞെട്ടലോടെ കിടക്കയിലേക്ക് നോക്കി... താൻ മാത്രമേയുള്ളു എന്ന തിരിച്ചറിവിൽ അവൾ ആശ്വാസം കൊണ്ടു. ആശ്വാസം ക്രമേണ മാഞ്ഞു പോയൊരു സ്വപ്നത്തിന്റെ ഇച്ഛാഭംഗത്തിനു വഴിമാറി.

തണുത്ത കാറ്റിന്റെ തലോടലിൽ ദേഹം വിറക്കാൻ തുടങ്ങിയപ്പോൾ അവൾ മെല്ലെയെഴുന്നേറ്റ് ജാലകത്തിനടുത്തേക്ക് നീങ്ങി. തുറന്നിട്ട പാളികൾ ചേർത്തടച്ച് സുതാര്യമായ ചില്ലിലൂടെ അവൾ പുറത്തേക്ക് നോക്കി നിന്നു...

പ്രകൃതിയെ തന്റെ മനസ്സിലേക്കാണോ അതോ മറിച്ചാണോ ആവാഹിച്ചിരിക്കുന്നത് എന്നവൾ ആശ്ചര്യപ്പെട്ടു.

മഴ പെയ്തു തുടങ്ങി... പ്രകൃതിയുടെ ഭാരം പെയ്തു തോരുന്നു... തന്റെ മനസ്സിന്റെ ഭാരം പെയ്യാനരുതാതെ കനത്തു കറുത്തു നിൽക്കുന്നു...

അദ്ദേഹവും മക്കളും മാത്രം ഉണ്ടായിരുന്ന അവളുടെ ലോകത്തേക്ക് ജീവിതം പാതിവഴി പിന്നിട്ട വേളയിലാണ് അയാൾ കടന്നു വരുന്നത്. അയാൾ അവൾക്ക് അപരിചിതനായിരുന്നില്ല. പതിനഞ്ച് വർഷങ്ങൾക്ക് മുമ്പ് ആ ഹൗസിംഗ് കോളനിയിലേക്ക് പുതിയ വീട് വാങ്ങി താമസം മാറ്റി വന്നതു മുതൽ ഏറ്റവും അടുത്ത ബന്ധുക്കളെ പോലെയാണ് ഇരു കുടുംബവും കഴിഞ്ഞിരുന്നത്. മക്കളും സമ പ്രായക്കാർ. വിശേഷദിവസങ്ങൾ ഒന്നിച്ച് ആഘോഷിച്ച്, ഒഴിവു ദിനങ്ങൾ ഒന്നിച്ച് ട്രിപ്പുകൾ പോയി അങ്ങനെ വളരെ ഇടപഴകി ജീവിച്ച നീണ്ട വർഷങ്ങൾ. ഈ കാലയളവിലൊരിക്കൽ പോലും അയാളിൽ നിന്നും അതിരുകടന്ന ഒരു നോട്ടം പോലും ഏറ്റതായി ഓർമ്മയില്ല...



എന്നിട്ടും...

ഏതാനും മാസങ്ങൾക്ക് മുമ്പ് അയാളുടെ അച്ഛന്റെ

സപ്തതി ആഘോഷത്തിന്റെ തലേന്ന് ഒരുക്കങ്ങൾക്കിടെ ഒരു മുറിയിൽ ഒന്നിച്ച് നിന്ന ഒരു അവസരത്തിൽ അയാളവളുടെ കൈകളിൽ അമർത്തി പിടിച്ചു പതിയെ കാതിൽ പറഞ്ഞു...

'യൂ ഫാസിനേറ്റ് മീ എ ലോട്ട്.... ഐ റിയലി ലവ് യൂ...'

പ്രായം യൗവ്വനം പിന്നിട്ട വേളയിൽ അങ്ങനെ ഒരു സമീപനം അവൾ ആരിൽ നിന്നും പ്രതീക്ഷിച്ചിരുന്നില്ല... ആഗ്രഹിച്ചിരുന്നുമില്ല. പിന്നീട് അതേക്കുറിച്ച് അവൾ അയാളോട് ഫോണിൽ തർക്കിക്കുകയും, താക്കീത് നൽകുകയും ചെയ്തു. അതിനുശേഷം ഫോണിൽ പോലും ബന്ധപ്പെടാതെയും കാണലുകൾ ഒഴിവാക്കിയും മൂന്നാലു മാസങ്ങൾ കടന്നു പോയി.

പിന്നീടൊരിക്കലൊരു പൊതു പരിപാടിയിൽ കണ്ടുമുട്ടിയപ്പോൾ അയാൾ ആവർത്തിച്ചു ക്ഷമാപണം നടത്തിയതോടൊപ്പം ഒന്നു കൂടി അവളെ അറിയിച്ചു. വർഷങ്ങൾക്ക് മുമ്പേ തന്നെ മനസിൽ കൊണ്ടു നടന്ന ഇഷ്ടമാണ് അന്ന് ആ ദിവസം വെളിപ്പെടുത്തിയത് എന്ന കാര്യം...

അവളറിയാതെ തന്നെ അയാളുടെ മനസ്സവളെ വർഷങ്ങളായി പിൻതുടരുന്നുണ്ടായിരുന്നു എന്നതിനു സാക്ഷ്യമായി അയാൾ പറഞ്ഞ കാര്യങ്ങൾ അവളെ അതിശയിപ്പിച്ചു. അവളുടെ പ്രസന്നാത്മകതയും കാര്യപ്രാപ്തിയും എല്ലാം തന്നെ അയാൾ ആരാധനാപൂർവ്വം നിരീക്ഷിച്ചിരുന്നു എന്നത് അവളിൽ ഗൂഢമായൊരു സന്തോഷം ഉളവാക്കി.

അയാളോടുണ്ടായിരുന്ന നീരസം ക്രമേണ അലിഞ്ഞില്ലാതായി. ബ്ളോക്ക് ചെയ്തു വച്ചിരുന്ന അയാളുടെ നമ്പറുകൾ അവൾ അൺബ്ലോക്ക് ചെയ്തു. മെസൻജർ ചാറ്റുകളിലൂടെ അയാൾ മനസ്സ് തുറന്നു. എത്രയൊക്കെ വിലക്കിയിട്ടും മനസ്സ് കെട്ട് പൊട്ടിയ പട്ടം പോലെ കൈവിട്ടു പോകുന്നത് അവളറിഞ്ഞു.

അദ്ദേഹത്തിൽ നിന്നും മക്കളിൽ നിന്നും വേണ്ടത്ര പരിഗണന തനിക്ക് കിട്ടുന്നില്ല എന്നൊരു ചിന്ത പലപ്പോഴും അവളുടെ മനസ്സിനെ നോവിക്കാറുണ്ടായിരുന്നു.

ആ ഒരാകുലതയെ തൂത്തെറിഞ്ഞുകൊണ്ടാണ് ഈയൊരു സ്വൈര്യക്കേട് അവളിലേക്കെത്തിയത്. ശരിതെറ്റുകളെ വിശകലനം ചെയ്യാൻ കൂട്ടാക്കാതെ അവൾ ആ സ്വൈര്യക്കേടിനെ ഹൃദയത്തോട് ചേർത്തു.

അദ്ദേഹം ഓഫിസ് സംബന്ധമായ ഒരാഴ്ചത്തെ ട്രെയിനിംഗിനായി മറ്റൊരു ജില്ലയിൽ പോയിരിക്കുന്നു. മക്കൾ സ്കൂളിൽ നിന്നും മൂന്ന് ദിവസത്തെ ട്രിപ്പിനും. അവർ മടങ്ങുന്നതിനു മുമ്പ് തനിച്ചൊന്നു കാണാൻ ഒരു ദിവസം അനുവദിക്കണമെന്ന അയാളുടെ ആവശ്യത്തെ അവൾ ആദ്യമേ നിരാകരിച്ചിരുന്നുവെങ്കിലും അവളുടെ മനസ്സും ഒരു കൂടിക്കാഴ്ച ആഗ്രഹിച്ചിരുന്നു.

അയാളുടെ ഭാര്യയും മക്കളും നാട്ടിലേക്ക് പോയ കഴിഞ്ഞ ദിവസം സന്ധ്യാ വേളയിലാണ് അയാൾ വീട്ടിലേക്ക് വന്നത്.

ഹാളിലെ സോഫയിൽ അഭിമുഖമായി ഇരിക്കെ അവളുടെ മുഖം കൈകുമ്പിളിലാക്കി അയാൾ ആ മൂർദ്ധാവിൽ അമർത്തി ചുംബിച്ചു. ആദ്യ ചുംബനമേൽക്കുന്ന ഇളം പെൺകൊടിപോലെ അവൾ മിഴികൾ കൂമ്പി അയാളോടു ചേർന്നിരുന്നു. അവളെ മുറുകെ പുണർന്ന് ചുണ്ടുകൾ മുകരാൻ മുതിരവെ അവളുടെ ഫോൺ ചിലച്ചു തുടങ്ങി.

കുതറി മാറി പരിഭ്രമത്തോടെ ഫോണെടുത്തു. അങ്ങേ തലക്കൽ മക്കളായിരുന്നു. അമ്മയുടെ അരികിൽ നിന്നും ആദ്യമായി മാറി നിൽക്കുന്നതിന്റെ വിഷാദം ഇരുവരും പങ്കു വച്ചു. അമ്മയെ അംഗീകരിക്കാൻ പലപ്പോഴും മടി കാണിക്കുന്ന തന്റെ പെൺമക്കൾ ഒറ്റ ദിവസം വിട്ടു നിന്നപ്പോഴേക്കും സങ്കടപ്പെടുന്ന അവസ്ഥ അവൾ ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല. മക്കളെ സമാധാനിപ്പിച്ചു ഫോൺ വയ്ക്കുമ്പോഴേക്കും അവൾ അവരുടെ അമ്മ മാത്രമായി മാറിയിരുന്നു.

തന്റെ ഇഷ്ടങ്ങളും സന്തോഷങ്ങളുമെല്ലാം കെട്ടിപൂട്ടി മാറ്റി വയ്ക്കുന്ന ഒരു സാധാരണ വീട്ടമ്മ മാത്രമായി അവൾ വീണ്ടും മാറിയിരുന്നു.


ആകെ തണുത്തുറഞ്ഞ മനസ്സുമായി നിന്ന അവൾ അയാളെ നിർബന്ധ പൂർവ്വം തിരിച്ചയച്ചു, എല്ലാ ഇഷ്ടങ്ങളും മരണം വരെ മനസ്സിൽ മാത്രം സൂക്ഷിച്ചു വയ്ക്കാം എന്ന പരസ്പര സാന്ത്വനത്തിന്റെ ഒരു യാത്രാമൊഴിയുമായി....

കൗമാരത്തിൽ പറയാതെ പോയ പ്രണയത്തിനും യൗവ്വനത്തിന്റെ അന്ത്യഘട്ടത്തിൽ നിധിപോലെ തന്നിലേക്ക് വന്നു ചേർന്ന പ്രണയത്തിനും ഇടയിലെ പ്രണയ ശൂന്യമായ യാഥാർത്ഥ്യമാണ് തന്റെ ജീവിതം എന്ന തിരിച്ചറിവിൽ അവൾ അടുക്കളയുടെ ആഴങ്ങളിലേക്ക് മുങ്ങാം കുഴിയിട്ടു.

ശേഷിച്ച ജീവിതത്തിന്റെ വരണ്ട പാതകളിൽ ആശ്വാസത്തിന്റെ കുളിരേകി തണൽ വിരിക്കുന്ന ഓർമ്മ മരങ്ങളായി അയാളും അയാളുടെ പ്രണയവും എന്നും ഹൃദയത്തോട് ചേർന്ന് നിൽക്കും എന്ന പ്രതീക്ഷയോടെ അവൾ വീണ്ടും ഉത്തമ കുടുംബിനിയുടെ മേലങ്കി എടുത്തണിഞ്ഞു.... ●

# ഭാഷാപ്രയോഗങ്ങളും ആസ്വാദനവും കവിതകളിൽ

**(ഡോ. സി.രാവുണ്ണിയുടെ 'മഹാത്മാ ഗ്രന്ഥശാല മാറ്റുദേശം ' എന്ന കൃതിയെ മുൻനിർത്തി ഒരു വിശകലനം)**



**ദർശന**

കവിത നിരന്തരമായ പുതുക്കലുകൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന സാഹിത്യശാഖയാണ്. പ്രത്യേകിച്ചും ഇന്നിന്റെ കവിതകൾ . കൽപ്പനാ ദാരിദ്ര്യവും ഭാവശൂന്യതയുമാണ് ആധുനികാന്തര കവിതകളിൽ കാണപ്പെടുന്നത് എന്ന ആക്ഷേപം നിരന്തരമായി ഉയരുമ്പോഴും ആസ്വാദക മനസ്സുകളിൽ അത്തരം കവിതകളോട് ഉണരുന്ന അനുരണനങ്ങൾ കാണാതെ പോവുകയാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഉത്തരാധുനികതയുടെ ഈ കാലഘട്ടത്തിൽ സൂക്ഷ്മമായി നിരീക്ഷിച്ചാൽ ജീവിതത്തിലെ തിരക്കുകളും സമയക്കുറവുകളും കവിതകളെയും ബാധിച്ചിട്ടുണ്ടെന്ന് കാണാം. ഭാവകവിതകൾ വ്യവഹാര കവിതകളിലേക്കും ഖണ്ഡകാവ്യങ്ങൾ ലഘുകവിതകളിലേക്കും ചുരുങ്ങിക്കൊണ്ടിരിക്കുന്നു.



വാമൊഴിയിൽ നിന്നും വരമൊഴിയിലേയ്ക്കും തുടർന്ന് അക്ഷരക്കൂട്ടങ്ങളിലേയ്ക്കും ചേക്കേറിയ കവിത ഇന്ന് നിഗൂഢ പദവിന്യാസങ്ങളിൽ ഒളിഞ്ഞിരുന്നു വായനക്കാരന്റെ മനോവ്യാപാരങ്ങളെ പരീക്ഷിക്കുകയാണ്. കവിക്കുപോലും നിർവചിക്കാനാവാത്ത പദപ്രയോഗങ്ങൾ കവിതയിൽ സാധാരണമായിക്കൊണ്ടിരിക്കുന്നു. എന്താണ് നല്ല കവിത? എന്താണ് ചീത്ത കവിത ? എന്ന് വേർതിരിക്കാനാവാത്ത വണ്ണം കവിതയിൽ വാക്കുകൾ കെട്ടുപിണഞ്ഞുകിടക്കുന്നു. സഞ്ചാരി ഭാവങ്ങളിലത്രേ കവിതകൾ. അതുകൊണ്ടാകും ബാലചന്ദ്രൻ വടക്കേടത്ത് ഭാവവും വ്യവഹാരവും എന്ന ലേഖനത്തിൽ ഇപ്രകാരം കുറിക്കാൻ ഇടയായത് 'സർവ്വനാമങ്ങളും ക്രിയാപദങ്ങളും ഉപയോഗിച്ച് വ്യഭിചാരിഭാവങ്ങളിലൂടെ കവിത വായിക്കാമെന്ന രസവാദമായിരിക്കണം വരുംകാലത്തേതെന്ന്.' അപ്രകാരം പറയുമ്പോൾതന്നെ വ്യവഹാരഭാഷ കവിതയ്ക്ക് അന്യമാണെന്ന തോന്നൽ തനിക്കില്ല എന്നും അദ്ദേഹം പറയുന്നുണ്ട്. മലയാളകവിതയിൽ വിവർത്തനകവിതകൾ സ്ഥാനം പിടിക്കാൻ തുടങ്ങിയപ്പോഴാണ് നിയതമായ ചട്ടക്കൂടുകളിൽ നിന്നും പുറത്തുകടന്ന കവിത വ്യത്യസ്ത തലങ്ങൾ തേടാൻ തുടങ്ങിയത് എന്ന് പറയാതെ വയ്യ. ഒരു ഭാഷയിലെ കവിതയുടെ അർത്ഥവും ആശ

യങ്ങളും മറ്റൊരു ഭാഷയിലേക്ക് പകർത്തുമ്പോൾ നിയതമായ ചട്ടങ്ങളെ ചിലപ്പോൾ ലംഘിക്കേണ്ടതായി വരും. അത്തരം കവിതകൾക്ക് ഉണ്ടായ സ്വീകാര്യതയും വൃത്ത -അലങ്കാരാദികളുടെ സങ്കീർണ്ണതയും ഗദ്യകവിതകൾ വ്യാപകമാകുന്നതിനു ഇടയായി. പിൽക്കാലത്ത് വിപ്ലവം പോലെയുള്ള ആശയങ്ങളും പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളും നിലനിൽക്കുന്ന വ്യവസ്ഥിതികളോടുള്ള ഏറ്റുമുട്ടലുകളും തീവ്രമായി ചിത്രീകരിക്കുന്നതിന് ഉതകുന്നതാണ് ഗദ്യഭാഷ എന്ന ചിന്താഗതികളും ഗദ്യകവിതകളുടെ വ്യാപനത്തിന് കാരണമായിട്ടുണ്ടാകാം.

മലയാള കവിതകളുടെ നാൾവഴികൾ പരിശോധിച്ചാൽ കവിതകൾ ആശയങ്ങളിലേക്കും വ്യവഹാരങ്ങളിലേയ്ക്കും ചുരുങ്ങുന്നതായി കാണാം. ചെറിയ ചെറിയ പദപ്രയോഗങ്ങൾ, ചുരുങ്ങിയ വരികൾ, അലങ്കാരാദിഭൂഷണങ്ങളെല്ലാം ചോർത്തിക്കളഞ്ഞശേഷമുള്ള വാചകങ്ങൾ ആയി (ഉണങ്ങി ശോഷിച്ച ഗദ്യം /വരണ്ടുണങ്ങിയ കവിത) ഇത് പലപ്പോഴും ചുരുങ്ങുന്നതായി കാണാം. ഇത്തരം കവിതകൾ ആശയത്തെ സംവേദന സാധ്യമാക്കുന്നുണ്ടെങ്കിലും അനുവാചകന്റെ മനസ്സിനെ അത് എത്രത്തോളം സ്വാധീനിക്കുന്നുണ്ടെന്നോ ആനന്ദിപ്പിക്കുന്നുണ്ടെന്നോ പറയുക വയ്യ. അപ്പോൾ ഒരുപക്ഷേ കവിത എന്നത് ആരെയും ആനന്ദിപ്പിക്കാനല്ലെന്നും കവിയുടെ മനസ്സിന്റെ തൃപ്തിയാണ് കവിതയിലൂടെ വെളിപ്പെടുന്നതെന്നും വ്യാഖ്യാനിക്കപ്പെട്ടേക്കാം.

ഭാഷാപ്രയോഗങ്ങളിലേക്ക് തിരിച്ചുവരാം. നേരത്തെ പറഞ്ഞ ഗദ്യഭാഷയെ (വ്യവഹാര ഭാഷയുടെ രൂപം ) കാവ്യഭാഷയായി സ്വീകരിക്കാമത്രേ . ആചാര്യ മഹിമഭട്ടന്റെ അഭിപ്രായത്തിൽ കവിതയിലെ വ്യവഹാര ഭാഷയെ സാഹിത്യഭാഷയിൽ നിന്നും വേർപെടുത്തി കാണേണ്ടതില്ല. വ്യവഹാരത്തിന് ചില കീഴ് വഴക്കങ്ങളും രീതിബോധങ്ങളും ഉണ്ടത്രെ. ലക്ഷ്യമാണ് പ്രധാനം ഭാഷയെന്നത് കേൾവിക്കാരെ/ വായനക്കാരെ അനുഭവിപ്പിക്കുന്നതാണ്. അവരുടെ ആസ്വാദനമാണ് കാവ്യഭാഷയുടെ സ്വീകാര്യത ഉറപ്പിക്കുന്നത്.

വ്യക്തിനിഷ്ഠമാണ് ആധുനിക കവിതകൾ. ഞാനെന്ന വ്യക്തിക്കു നൽകുന്ന പ്രാധാന്യം കവിതകളിൽ , ഭാഷാ പ്രയോഗങ്ങളിൽ നിറഞ്ഞു കാണാം . മറ്റു ചിലപ്പോൾ ഒന്നിലധികം വ്യക്തിത്വങ്ങളിലേക്ക് കവി സ്വയം പരകായപ്രവേശം നടത്തുന്നതായും കാണാം. നിസ്സഹായതയുടെ നിലവിളികൾ ഓർമ്മിപ്പിച്ച് മനുഷ്യരെ വ്യാകുലപ്പെടുത്തുന്നു പുതുകവിതകൾ എന്ന് പറയുന്നതിൽ കാമ്പുണ്ടെന്ന് കാണാം. പുതുതലമുറ കവികൾ വ്യവഹാര ഭാഷയെ സാമൂഹ്യ യാഥാർത്ഥ്യങ്ങളോട് പൊരുതുവാനുള്ള ആയുധങ്ങളായി ഉപയോഗിച്ചിരുന്നതായി കാണാം. രോഷവും വേദനയും വിഷാദവും സംഘർഷങ്ങളും തീർക്കുന്ന സ്വരഭേദങ്ങളിൽ വിഹരിക്കുന്നതാണ് ഇത്തരം കവിതകളിലെ കാവ്യഭാഷ . ഈ കവിതകളിൽ മനുഷ്യനി ലേക്കുള്ള ദൂരം സ്പർശിച്ചറിയുമ്പോൾ തന്നെ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അകലം വർദ്ധിക്കുന്നതായും കാണുന്നുണ്ട് . അങ്ങനെ വരുമ്പോഴാണ് ഒരു കവിക്ക് തന്റെ ജീവിതത്തെ തിരിച്ചുപിടിക്കുന്നതിന് സ്വപ്നങ്ങളെയും ഓർമകളെയും കൂട്ടുപിടിക്കേണ്ടതായി വരുന്നത്.

വഴക്കങ്ങൾ എന്തൊക്കെയായാലും ആസ്വാദകനെ അനുഭവിപ്പിക്കുന്നതാകണം കാവ്യഭാഷ. അതുകൊണ്ട് തന്നെയാണ് ആധുനികാന്തര കാലഘട്ടത്തിൽ നാട്ടുഭാഷകളും ഗോത്രഭാഷകളും കവിതയിൽ വേറിട്ടുനിൽക്കുന്നത്. ഗോത്രഭാഷകൾ കവിതയിൽ ഇടംപിടിച്ചത് അവയുടെ വ്യത്യസ്തമായ ശൈലിയും ഈണവും താളവും കൊണ്ടാണ്. ഗോത്ര കവിതകൾ മനസ്സിലാക്കുന്നതിലെ ബുദ്ധിമുട്ടും ആശയ അവ്യക്തതയും ഒഴിവാക്കാൻ അവയുടെ മലയാള വ്യാഖ്യാനം കൂടി എഴുതിയിടാൻ ഗോത്ര കവികൾ ഇപ്പോൾ ശ്രദ്ധ ചെലുത്തുന്നുണ്ട് എന്നത് മഹത്തായ കാര്യം തന്നെയാണ് എന്ന് പറയാതെ വയ്യ. എങ്കിലും ഇത്തരം കവിതകളിൽ തനിമ നിലനിർത്താൻ ഗോത്ര കവികൾ ശ്രദ്ധിച്ചില്ലയെങ്കിൽ മലയാളഭാഷയിൽ വന്ന സങ്കര സംസ്കാരം , ഭാഷാ വ്യതിയാനങ്ങൾ എന്നിവ ഗോത്രകവിതകളെ ബാധിക്കാൻ അധികകാലമെടുക്കില്ല എന്ന് പറയേണ്ടതായി വരും.

മലയാള കാവ്യഭാഷയിലെ ഗദ്യത്തിന്റെയും പദ്യത്തിന്റെയും വിപുലവും സമ്പന്നവുമായ വികാസ രീതികൾ ഇന്നെത്തി നിൽക്കുന്നത് നാടൻ പദപ്രയോഗങ്ങളിലാണ് .ഈയടുത്ത കാലത്ത് ഇത്തരം ഭാഷ പ്രയോഗത്തിലൂടെ ശ്രദ്ധേയമായ രണ്ട് കവിതകളാണ് സി ഐരാവുണ്ണിയുടെ 'കല്ലുവും ഗെങ്ങുവും', 'മഹാത്മാ ഗ്രന്ഥശാല , മാറ്റുദേശം' എന്നിവ . മാറ്റുദേശത്തിന്റെ ഭാഷാസ്വാധീനം ഈ കവിതകളിൽ ആഴത്തിൽ കണ്ടെടുക്കാനാകും. പതിവു വഴക്കങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ ആഖ്യാന ശൈലിയിലൂടെ മാധ്യമശ്രദ്ധയും ആസ്വാദക ശ്രദ്ധയും നേടിയ കവിതകളാണിവ. കവിതകളുടെ വേറിട്ട കാഴ്ചകൾ എന്ന് തന്നെ പറയാം . വേറിട്ട ഒരു സാംസ്കാരിക ചരിത്രമാണ് ഈ കവിതകളിലൂടെ പങ്കുവെയ്ക്കപ്പെടുന്നത്.

മഹാത്മാ ഗ്രന്ഥശാല മാറ്റു ദേശം, മാറ്റുദേശത്തിന്റെ കൃതി എന്നതിലുപരിയായി വായനയിലേക്കുള്ള ലളിതമായ നാടൻഭാഷയുടെ കടന്നുവരവിനെ അടയാളപ്പെടുത്തുന്നു. ഒരു ഗ്രന്ഥശാല പ്രവർത്തകനെ വരച്ചിടുന്നതിലൂടെ മാധ്യമശ്രദ്ധയും ആസ്വാദക ശ്രദ്ധയും നേടിയ ഒരുപാട് ചർച്ചകൾക്ക് വിധേയമായ കൃതിയാണ് ഇത്. പുസ്തകങ്ങളെ സ്നേഹിക്കുന്ന ഏതൊരാൾക്കും ഇഷ്ടമാകുന്ന കവിത. യഥാർത്ഥമായി ചിത്രീകരിക്കപ്പെടുമ്പോൾ, ജീവിതത്തോട് ചേർന്ന് നിൽക്കുമ്പോൾ കൃതികൾ കൂടുതൽ ശ്രദ്ധേയമാകും / സ്വീകരിക്കപ്പെടും എന്നതിന് തെളിവാണ് ഈ കവിത . വായനക്കാരനെ എൺപതുകളിലെ വായനാ വസന്തകാലത്തേക്ക് കൂട്ടിക്കൊണ്ടു പോവുകയും അന്നത്തെ സർഗ്ഗ സമ്പന്നതയെ, ധന്യാത്മകമായ വായനയെ, എഴുത്തിനെ പുതുതലമുറയ്ക്ക് അനുഭവവേദ്യമാക്കി, ലക്ഷ്യബോധമില്ലാത്ത പുതുവായനകളുടെ നിരർത്ഥകതയിലേക്ക് തിരിച്ചെത്തിക്കുമ്പോൾ എന്താണ് വായനയെന്നും എന്താണ് വായിക്കപ്പെടേണ്ടതെന്നും എന്തിനാണ് വായിക്കുന്നതെന്നും വ്യക്തമായ ഒരു അവബോധം നമ്മുടെ മനസ്സിൽ സൃഷ്ടിക്കപ്പെടുന്നുണ്ട്. റഫറൻസുകൾ ഇല്ലാത്ത വായനയുടെ/ എഴുത്തിന്റെ നിരർത്ഥകതയെക്കുറിച്ചും സൂചിപ്പിക്കപ്പെടുന്നുണ്ടിവിടെ. ഉപരിപ്ലവമായി മാത്രം വായിക്കപ്പെടുമ്പോഴും ഒരൊറ്റ തിരച്ചിലിൽ വിരൽത്തുമ്പിൽ വിവരങ്ങൾ ലഭ്യമാകുമ്പോഴും ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ എളുപ്പവഴികൾ തേടുമ്പോഴും റഫറൻസിന് സ്ഥാനമില്ലാതാകുന്നുണ്ട് പലപ്പോഴും. വായിക്കാനായി മാത്രം വായിക്കപ്പെടുന്ന ചില കവിതകളുണ്ട്. കോളിളക്കം സൃഷ്ടിച്ച വാർത്ത കാണുന്നതുപോലെയോ കേൾക്കുന്നതു പോലെയോ അവ ഒരു നടുക്കമോ വേദനയോ അവശേഷിപ്പിച്ച് കടന്നു പോകുക മാത്രമേയുള്ളൂ. അത്തരം കവിതകളിൽ നിന്നും വിഭിന്നമായി ഈ കവിതയ്ക്ക് ലഭിച്ച സ്വീകാര്യത കവിയുടെ കയ്യടക്കവും ഉപയോഗിച്ച ലളിതമായ പദപ്രയോഗങ്ങളുമാണ്. ശ്രദ്ധേയമായ മറ്റൊരുകാര്യം ഗ്രന്ഥശാലകളിലെ ഭീകര നിശബ്ദതയാണ്. ആ നിശബ്ദത ആസ്വാദകന്റെ മനസ്സിലേക്കും ചേക്കേറിയിരിക്കുന്നു എന്ന് പല കൃതികളുടെയും ശുഷ്കിച്ച പ്രതികരണങ്ങൾ / പ്രതികരണമില്ലായ്മകൾ തെളിയിക്കുന്നു. അതുപോലെതന്നെ ശ്രദ്ധേയമാണ് ഒറ്റ വാക്കിലൂടെ അല്ലെങ്കിൽ ഒരു വാചകത്തിലൂടെ ഒരുപാട് അർത്ഥതലങ്ങൾ സൃഷ്ടിക്കപ്പെടുക എന്നത്. അത് കവിയുടെ ഒരു രചനാതന്ത്രമാണ് .ആ തന്ത്രം ഈ കവിതയിൽ വളരെ ഫലവത്തായി സന്നിവേശിപ്പിച്ചിരിക്കുന്നതായി കാണാം. 'സ്വച്ഛഭാരതം ' എന്ന ഒറ്റ വാക്കിലൂടെ വായനക്കാരൻ തൊട്ടഴുക്കാക്കാത്ത പുസ്തകങ്ങളുടെ വൃത്തിയിലൂടെ മരിച്ചുപോകുന്ന വായനയെ അടയാളപ്പെടുത്തുന്നതോടൊപ്പം നഷ്ടമാകുന്ന വാക്കുകളെയും വിലക്കുകൾ സൃഷ്ടിക്കുന്ന ഭരണകൂടത്തെയും വാചാലമാകുന്ന മൗനങ്ങളെയും അടയാളപ്പെടുത്തുന്നുണ്ട് കവി. വാക്കുകളുടെ നഷ്ടം ഭാഷയുടെ നഷ്ടമാണ് . ഭാഷയുടെ നഷ്ടം സംസ്കാരത്തിന്റെ നഷ്ടമാണ് . ആ നഷ്ടങ്ങൾ രേഖപ്പെടുത്തേണ്ടത് കവിയുടെ ഉത്തരവാദിത്വമാണ്. പ്രത്യേകിച്ചും വാക്കുകൾ പോലും തടവിലാക്കപ്പെടുന്ന ഇക്കാലത്ത് . ഭാഷയ്ക്ക് അതിരുകൾ സൃഷ്ടിച്ച് മനുഷ്യരെ വേർതിരിക്കുന്ന ഈ വർത്തമാന കാലഘട്ടത്തിൽ ഭാഷയിലൂടെ പ്രതിരോധം തീർക്കുകയാണ് കവിയെന്നത് ശ്രദ്ധേയമായ കാര്യമാണ്. അതുതന്നെയാണ് കവിയുടെ കർത്തവ്യവും.




കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച



**അന്ന ഐസക്ക് ജോസഫ്**
എട്ടാം ക്ലാസ്സ്
എൻ എസ്സ് എസ്സ് സ്കൂൾ
വെസ്റ്റ്ഫോർട്ട് തൃശൂർ




**Joseph N.J**
STD 3.C
St.Mary's CBPS Kottekkadu



**Joshwin N.J.**
1 C
St. Marys CBPS School
Kottekkadu







**സയാൻ മുഹമ്മദ്**
**ഐ. പി. എസ്** –1. A
**അൽബിർ മടക്കര**










**Aaromal P S**
S/o Sunil P S
Puthoor house
Choolissery P 0
Std 1



SMLPSchool Choolissery

**ഒരു ഒന്നാം ക്ളാസുകാരന്റെ വര. ആരോമലിന് സ്കൂളിൽ അഭിനന്ദനം.**